# വികസനരേഖ





# കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്





## പത്തനംതിട്ട ജില്ല



''വ്യക്തി സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തി ഒരു സമ്പൂർണ്ണ ജനാധിപത്യം ഇവിടെയുണ്ടാകും. വ്യക്തി സ്വന്തം ഭരണകൂടത്തിൻെറ ശില്പി തന്നെ യായിരിക്കും.അക്രമ രാഹിത്യത്തിൻെറ ധർമ്മമാണ് അവനേയും അവൻെറ ഭരണത്തേയും നിയന്ത്രി ക്കുന്നത്''......

......ഗാന്ധിജി......

# സി.കേശവൻ ശിലാ ഫലകം



24–10–1110 ൽ ശ്രീ.സി.കേശവൻ കോഴഞ്ചേരിയിൽ വച്ച് സത്രങ്ങൾ, റോഡുകൾ, സ്കൂളുകൾ മുതലായവ വിവേചനം കൂടാതെ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുവാനും ദിവാൻജിയെ പിരിച്ചുവിട്ട് ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന നിയമസഭ രൂപവൽക്കരിക്കുവാനും ആഹ്വാനം ചെയ്തു കൊണ്ടു ചെയ്ത ധീരമായ പ്രസംഗം അദ്ദേഹത്തിൻെറ അറസ്റ്റിലും തുടർന്നു ക്രിമിനൽ നടപടിയിലും പര്യവസാനിച്ചുവെങ്കിലും അത് പൊതുജനരോഷമുണർത്തുകയും സ്വാതന്ത്ര്യസമരത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനും സഹായമാവുകയും ചെയ്തു.

മഹത്തായ ഈ സംഭവത്തിൻെറ സ്മരണയ്ക്കായി ഈ സ്മാരകശില സ്ഥാപിച്ചിരിക്കുന്നു

# കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭൂപടം



# കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി



വിക്ടർ ടി. തോമസ്, പ്രസിഡൻറ്



എം. കെ. ദിവാകരൻ, വൈസ് പ്രസിഡൻറ്



റ്റി. സി. അലക്സാണ്ടർ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ആനി ജോസഫ്, മെമ്പർ



മറിയാമ്മ ജോൺ, മെമ്പർ



ഡി. സുരേന്ദ്രൻ, മെമ്പർ



ശാന്താകുമാരി ശങ്കരൻ പോറ്റി, മെമ്പർ



വിജയൻ നായർ, മെമ്പർ

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ചെറിയാൻ ജോർജ്

പ്രൊഫ. കെ.ജി. ദേവരാജൻ നായർ

പ്രൊഫ. തോമസ് ഉമ്മൻ

പ്രൊഫ. കെ. വേണുഗോപാൽ, കീ റിസോഴ്സ് പേഴ്സൺ

കേണൽ ഡി. വറുഗീസ്

പ്രൊഫ. ലീലാമ്മ ജോൺ

റോയിസൺ കെ. കെ.

പ്രസാദ്, ആനന്ദഭവൻ

ജോർജ് മാത്യു, മലയാറ്റൂർ

പി. എസ്. വറുഗീസ്

സി. എം. ഏബ്രഹാം

ബേബി മാമ്മൻ

ഓമന എസ്. നായർ

കുഞ്ഞമ്മ തോമസ്

വിക്ടർ ടി. തോമസ്, പ്രസിഡൻറ്

എം. കെ. ദിവാകരൻ, വൈസ് പ്രസിഡൻറ്

റ്റി. സി. അലക്സാണ്ടർ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ

ഡി. സുരേന്ദ്രൻ, മെമ്പർ

വിജയൻ നായർ, മെമ്പർ

ആനി ജോസഫ്, മെമ്പർ

മറിയാമ്മ ജോൺ, മെമ്പർ

ശാന്താകുമാരി ശങ്കരൻ പോറ്റി, മെമ്പർ

എം. റ്റി. സഖറിയ, പഞ്ചായത്ത് സെക്രട്ടറി

ഡോ. ശശിധരൻ പിള്ള, മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി

ഡോ. വിജയമോഹൻ കർത്താ, വെറ്റിനറി സർജൻ

കെ. എ. ചന്ദ്രശേഖരൻ, ജനറൽ മാനേജർ, ജില്ലാ വ്യവസായം

കെ. തോമസ്, എ. എക്സ്. ഇ., കെ. എസ്. ഇ. ബി.

ജോസഫ് ചെറിയാൻ, എ. ഇ., പി. ഡബ്ളു. ഡി.

എൻ. റ്റി. എബ്രഹാം, എ. ഇ., കെ. ഡബ്ളു. അതോറിട്ടി

മാത്യു, അസി. എഞ്ചനീയർ, കെ. എസ്സ്. എച്ച്. ബി

അബ്ദുൾ റഹുമാൻ, ഏ. ഇ. ഒ

ജയിംസ്, വില്ലേജ് എക്സി. ആഫീസർ

വർഗ്ഗീസ് മാത്യു, [illegible]

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 1 |
| 2 | സാമൂഹ്യസാംസ്ക്കാരിക ചരിത്രം | 3 |
| 3 | ഭൂപ്രകൃതി | 6 |
| 4 | സാമൂഹ്യസാമ്പത്തിക മേഖലകൾ | 11 |
| 4–1 | കൃഷിയും ജലസേചനവും | 12 |
| 4–2 | മൃഗസംരക്ഷണം | 24 |
| 4–3 | വ്യവസായം | 36 |
| 4–4 | വിദ്യാഭ്യാസം | 39 |
| 4–5 | പൊതുജനാരോഗ്യം – കുടിവെള്ളം | 42 |
| 4–6 | ഗതാഗതം. – ഊർജം – മാർക്കറ്റ് | 50 |
| 4–7 | ഭവന നിർമ്മാണം – സാമൂഹ്യക്ഷേമം | 61 |
| 4–8 | സംസ്ക്കാരം – ടൂറിസം | 65 |
| 4–9 | വനിതാക്ഷേമം | 67 |
| 4–10 | സഹകരണം | 70 |
| 4–11 | പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം | 72 |
| 4–12 | വിഭവ സമാഹാരണാണം | 76 |
| 5 | ഉപസംഹാരം | 81 |

# ആമുഖം

## പഞ്ചായത്തു പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | – | കോഴഞ്ചേരി |
| ഉൾപ്പെടുന്ന വില്ലേജ് | – | കോഴഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | – | ഇലന്തൂർ |
| അസംബ്ലി മണ്ഡലം | – | പത്തനംതിട്ട |
| താലൂക്ക് | – | കോഴഞ്ചേരി |
| ജില്ല | – | പത്തനംതിട്ട |

## അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | : | നാരങ്ങാനം പഞ്ചായത്ത്,<br>ചെറുകോൽ പഞ്ചായത്ത്, |
| വടക്ക് | : | പമ്പാ നദി |
| പടിഞ്ഞാറ് | : | പമ്പാ നദി |
| തെക്ക് | : | മല്ലപ്പുഴശേരി പഞ്ചായത്ത് |
| വിസ്തീർണ്ണം | : | 861.41 ഹെക്ടർ ( 8 ച. കി. മീ) |
| ജനസംഖ്യ | : | 12701 (1991 ലെസെൻസ്സ് പ്രകാരം) |
| പുരുഷന്മാർ | : | 6093 |
| സ്ത്രീകൾ | : | 6608 |
| ജന സാന്ദ്രത | : | 1588 |
| വാർഡുകൾ | : | 8 |

## നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

| | | | |
|---|---|---|---|
| 1. | വിക്ടർ ടി തോമസ് | – | പ്രസിഡൻറ് |
| 2. | എം.കെ ദിവാകരൻ | – | വൈസ് പ്രസിഡൻറ് |
| 3. | റ്റി.സി. അലക്സാണ്ടർ | – | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ |
| 4. | ആനി ജോസഫ് | – | മെമ്പർ |
| 5. | വിജയൻ നായർ | – | മെമ്പർ |
| 6. | മറിയാമ്മ ജോൺ | – | മെമ്പർ |
| 7. | ഡി. സുരേന്ദ്രൻ | – | മെമ്പർ |
| 8. | ശാന്തകുമാരി ശങ്കരൻ പോറ്റി | | |
| 9. | ~~പോറ്റി~~ | – | മെമ്പർ |

സെക്രട്ടറി. M.T. സഖറിയാ

## കോഴഞ്ചേരി വില്ലേജ് യൂണിയൻ – ആരംഭം

**16 – 7 – 1948**

**വില്ലേജ് യൂണിയൻ പ്രസിഡൻറ് ഡോ. വി. എം കുര്യൻ വലിയവീട്ടിൽ**

**ഭരണകാലം 1950 – 1953**

## പഞ്ചായത്ത് പ്രസിഡൻറുമാർ

| | ഭരണകാലം |
|---|---|
| സി. ഐ. ഈപ്പൻ മുളമൂട്ടിൽ | 1953 – 1962 |
| അഡ്വ. കെ. വി. ജോസഫ് കോയിക്കപ്പറമ്പിൽ | 1963 – 1979 |
| അഡ്വ. വി. എസ് ചന്ദ്രശേഖര പിള്ള വടശേരിൽ | 1979 – 1984 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | 1984 – 1987 |
| ബാബു കോയിക്കലേത്ത് | 1988 – 1995 |
| വിക്ടർ ടി തോമസ്സ് മുളമൂട്ടിൽ തുണ്ടിയത്ത് | 1995 |

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

മദ്ധ്യതിരുവിതാംകൂറിൽ പത്തനംതിട്ട ജില്ലയുടെ ഹൃദയഭാഗത്ത് അംബര ചുംബികളായി നിൽക്കുന്ന മലമടക്കുകളാകുന്ന മടുക്ക കുന്നിനും പുരാണ പശ്ചാത്തല മണിഞ്ഞിട്ടുള്ള കുരങ്ങുമല യ്ക്കും ഭക്തി കോടികളുടെ സായൂജ്യ സങ്കേതമായ പവിത്ര നദി പമ്പയ്ക്കും മദ്ധ്യേകുന്നുകളും താഴ്വരകളും പച്ച യാർന്ന നെല്പാടങ്ങളും ഒരുമയോടെ സംയോജിച്ചിരിക്കുന്ന ഒരു മനോഹര ദേശമാണ് കോഴഞ്ചേരി. പ്രകൃതിരമണീയമായ കോഴഞ്ചേരിയുടെ ചരിത്രം ഈ ചുരുങ്ങിയ താളുകളിൽ ഒതു ക്കുവാൻ ശ്രമിയ് ക്കുന്നത് സാഹസമാണ്. ഈ പ്രദേശത്തിൻെറ ചരിത്രം മദ്ധ്യതിരുവിതാംകൂറിൻെറ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക ചരിത്രമാണ്. വർഷങ്ങൾക്കു മുമ്പ് തിരുവിതാംകൂറിൻെറ ഭൂപടത്തിൽ വ്യക്തമായും ബ്രഹത്തായും അടയാളപ്പെടുത്തിയിട്ടുള്ള അതിപ്രശസ്തമായ വാണിജ്യകേന്ദ്രങ്ങളിൽ ഒന്നായിരുന്നു കോഴഞ്ചേരി. ഉൾനാടൻ ജലമാർഗ്ഗങ്ങളെ മാത്രം ആശ്രയിച്ചിരുന്ന പഴയകാലങ്ങളിൽ കോഴഞ്ചേരിയും അന്നത്തെവിദുര നഗരങ്ങളായിരുന്ന ആലപ്പുഴയും കൊച്ചിയും തമ്മിൽ വ്യാപാര ബന്ധം ഉണ്ടായിരുന്നു. പമ്പയാറിലൂടെ എത്തിച്ചേരുന്ന കെട്ടുവള്ളങ്ങൾ മുഖേനെ വ്യാപാരികൾ വിദുരസ്ഥലങ്ങളുമായി വാണിജ്യബന്ധം സ്ഥാപിച്ചിരുന്നു. ഹൈന്ദവരും ക്രൈസ്തവരും ഏകദേശം ജനസംഖ്യയിൽ തുല്യമായിരിയ്ക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ മനുഷ്യർ പരസ്പരം സഹക രിച്ച് സ്നേഹത്തിലും കരുതലിലും അധിവസിയ് ക്കുന്നു.

വാണിജ്യകാര്യങ്ങളിൽ കോഴഞ്ചേരിയുടെ സ്ഥാനം പരിഗണിച്ച് അന്നത്തെ റസിഡൻറ് ആയിരുന്ന ജി. എ. ബെല്ലാർഡ് 1869 – ൽ സ്ഥാപിച്ച പ്രസിദ്ധമായ ചന്തയായിരുന്നു ബെല്ലാഡ് മാർക്കറ്റ് വിദുരസ്ഥലങ്ങളിൽ നിന്നും പോലും കാർഷിക ഉല്പന്നങ്ങളും വിവിധ തരം കാർഷിക ഉപകരണങ്ങളും വന്നുചേരുന്ന കേന്ദ്രവും വിപുലമായ മൊത്തക്കച്ചവടങ്ങളും സ്വർണ്ണം, വസ്ത്രം, മരുന്നുകൾ എന്നിവ യുടെ വില്പന കേന്ദ്രങ്ങളും ഈ മാർക്കറ്റിനോടനുബന്ധിച്ച് ആദ്യ കാലങ്ങളിൽ വളരെ പ്രശസ്തമായി നടന്നിരുന്നു. പമ്പാനദിയുടെ സാമീപ്യം കച്ചവടത്തെ നാനാ പ്രകാരേണ സഹായിച്ചിരുന്നു. അത്യുത്സാഹികളായിരുന്ന ജനങ്ങളുടെ തീവ്രമായ പരിശ്രമ ഫലമായി 1900 ആയപ്പോഴേയ്ക്കും കോഴഞ്ചേരി ഏറ്റവും അറിയപ്പെ ടുകയും ആദരിയ്ക്കപ്പെടുകയും ചെയ്യുന്ന സ്ഥലമായി തീർന്നു. കല്ലൂർ കത്തനാർ എന്നറിയപ്പെടുന്ന ദിവ്യ ശ്രീ. മത്തായികത്തനാരാണ് ബെല്ലാർഡ് മാർക്കറ്റിന് ആവശ്യമായ സ്ഥലം നൽകി പ്രോത്സാഹിപ്പിച്ചത്.

പത്തനംതിട്ട ജില്ലയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥലം സമീപ പ്രദേശങ്ങളായ തിരുവല്ല, മല്ലപ്പള്ളി, റാന്നി, പത്തനംതിട്ട, പന്തളം, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളുടെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്നു. വിവധ സ്ഥലങ്ങളിൽ നിന്ന് അനേകർക്ക് ഈ വഴി കടന്നു പോകേണ്ടിയിരിക്കുന്നതു കൊണ്ട് ഈ പ്രദേശത്തിന് കൂടുതൽ പ്രാധാന്യമുണ്ട്.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ സി. കേശവൻെറ പ്രസിദ്ധമായ കോഴഞ്ചേരി പ്രസംഗം ഇന്നും ജനഹൃദയങ്ങളിൽ മാറ്റൊലി കൊള്ളുന്നു. പ്രക്ഷോഭണ കാലത്ത് കോഴഞ്ചേരി വഹിച്ച പങ്ക് രാഷ്ട്രീയ ചരിത്രത്തിൻെറ ഏടുകളിൽ അത്യുന്നതമായ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഈ സമ്മേളനം കോഴഞ്ചേരിയിൽ സംഘടിപ്പിക്കുന്നതിൽ മുള മൂട്ടിൽ ശ്രീ. സി.ഐ. ജോർജ് വഹിച്ച പങ്ക് വിസ്മരിയ്ക്കാവുന്നതല്ല. നഗരത്തിൻെറ ഹൃദയഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന സ്മാരകഫലകം അതിൻെറ സ്മരണയ്ക്കായി ഇന്നും നിലകൊള്ളുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ മഹാത്മജിയോടൊപ്പം, സി. കേശവനോടൊപ്പം, തോളോട് തോൾ ചേർന്ന് പടപൊരുതിയ നിരവധി ദേശാഭിമാനികൾ കോഴഞ്ചേരിയുടെ മണ്ണിൽ ജീവിച്ചിരുന്നു.

വിദ്യാഭ്യാസരംഗത്തുള്ള കോഴഞ്ചേരിയുടെ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. മദ്ധ്യതിരുവിതാംകൂറിലെ ആദ്യകാല വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രമുഖമായ സ്ഥാനമാണ് കോഴഞ്ചേരിയ്ക്ക് ഉണ്ടായിരുന്നത്. 1910 – ൽ ആരംഭിച്ച സെൻറ് തോമസ് ഹൈസ്കൂൾ കോഴഞ്ചേരിയുടെയും സമീപപ്രദേശങ്ങളുടെയും സാംസ്കാരിക അഭിവൃദ്ധിയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. വിദൂര സ്ഥലങ്ങളിൽ നിന്നുപോലും കുട്ടികൾ ഇവിടെ വന്ന് താമസിച്ചു പഠിക്കുന്ന രീതി ആദ്യകാലഘട്ടങ്ങളിൽ ഉണ്ടായിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് 1929 – ൽ ആരംഭിച്ച് സെൻറ് മേരീസ്

ഗേൾസ് ഹൈസ്കൂൾ വിശാലമായ കാഴ്ചപ്പാടിന്റെ ഒരു ഉത്തമോദാഹരണമാണ്. ഇന്ന് മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിലുള്ള ഈ രണ്ട് ഹൈസ്കൂളുകളും ഒരു ഫസ്റ്റ് ഗ്രേഡ് കോളജും, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ബഹു. കുറുന്തോട്ടിക്കലച്ചന്റെ ദീർഘവീക്ഷണത്തിന്റെയും സാമൂഹ്യസേവന തല്പരതയുടെയും ഹൃദയ വിശാ ലതയുടെയും മകുടോദാഹരണങ്ങളാണ്. കൂടാതെ സി. ബി. എസ്സ്. ഇ. അംഗീകാരമുള്ള ഒരു സെക്കൻഡറി സ്കൂളും നിരവധി പ്രൈമറി അപ്പർ പ്രൈമറി സ്കൂളുകളും ഇവിടെ പ്രവർത്തിയ്ക്കുന്നു.

കിഴക്കൻ പ്രദേശങ്ങളുടെ സിരാകേന്ദ്രമായ കോഴഞ്ചേരിയിൽ, ഈ പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 108 വർഷം മുമ്പ് കോഴഞ്ചേരി ഡിസ്ട്രിക്ട് ഹോസ്പിറ്റൽ സ്ഥാപിച്ചു. കൊല്ലം പോലെ തന്നെ പ്രാധാന്യമുണ്ടായിരുന്ന കോഴഞ്ചേ രിയുടെ പൂർവ്വ മഹത്വത്തെ വിളിച്ചറിയിയ്ക്കുന്ന ഒരു സർക്കാർ സ്ഥാപനമാണ് ഇത്. കോഴഞ്ചേരിയിലെ പ്രസിദ്ധരായ ഡോ. വി. എം. കുര്യൻ വല്യവീട്ടിൽ, ഡോ. എം. മാത്യൂ മുളമൂട്ടിൽ തുണ്ടിയത്ത് എന്നിവർ പ്രധാന ഡോക്ടറമ്മാരായി ദീർഘനാൾ സേവനമനുഷ്ടിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ല നിലവിൽ വന്നതിനു ശേഷം ജില്ലാ ആശുപത്രിയായി ഇതിനെ പ്രഖ്യാപിച്ചു എങ്കിലും ഒരു ജില്ലാ ആശുപത്രിക്കയ്ക്കുവേണ്ട വളർച്ച ഉണ്ടായിട്ടില്ല. ഏറ്റവും കൂടുതൽ ആശുപത്രികളുള്ള കേരളത്തിലെ മികച്ചഗ്രാമമാണ് കോഴഞ്ചേരി. പ്രസിദ്ധമായ നാലു സ്വകാര്യ ആശുപത്രികളും രണ്ട് കുട്ടികൾക്കുള്ള ആശു പത്രികളും ആയുർവേദ, ഹോമിയോ ചികിത്സാ കേന്ദ്രങ്ങളും ഇന്നിവിടെ പ്രവർത്തിക്കുന്നു. ഇതിന്റെ ഫലമായി നാനാദിക്കുകളിൽ നിന്നും കോഴഞ്ചേരിയിലേക്ക് ധാരാളം ആളുകൾ വന്നുപോയിക്കോണ്ടിരിയ്ക്കുന്നു.

ശബരിമലയിലേക്ക് പോകുന്ന തീർത്ഥാടകരുടെ ഒരു പ്രധാന വിശ്രമകേന്ദ്രം ഒരുകാലത്ത് കോഴഞ്ചേരി ആയിരുന്നു. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിന്റെ സാമീപ്യവും ശബരിമലയിലേക്കുള്ള തിരുവാഭരണ ഘോഷയാത്രയുടെ പാത ഈ വഴി കടന്നു പോകുന്നതുകൊണ്ടും കോഴഞ്ചേരിയുടെ പ്രാധാന്യം വളരെ വർദ്ധിച്ചിരിയ്ക്കുന്നു. പാമ്പാടി മണ്ണിലെ ക്ഷേത്രം ശബരിമലയിലേക്കുള്ള പാതയിലെ ഒരു പ്രധാന സന്ദർശന കേന്ദ്രമാണ്. തിരുവാഭരണ ഘോഷയാത്ര ഇവിടെ വിശ്രമിച്ചതിനുശേഷമാണ് ശബരിമലയിലേക്കു പോകുന്നത്. വഞ്ചിപ്പാട്ടിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന തിരുവാറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിന്റെ സമീപത്തുള്ള പട്ടണം എന്ന നിലയിൽ കോഴഞ്ചേരിയ്ക്ക് അത്യധിക മായ പ്രാധാന്യമുണ്ട്. ലോക പ്രശസ്തമായ മാരാമൺ കൺവൻഷൻ കോഴഞ്ചേരിയോടുചേർന്ന പമ്പയുടെ തീരത്താണ് എല്ലാ വർഷവും നടക്കുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ഈ അവസരത്തിൽ ജനങ്ങൾ ഇവിടെ തടിച്ചുകൂടാറുണ്ട്. സാമുദായിക മൈത്രിയ്ക്കും മതസൗഹാർദ്ദത്തിനും കോഴ ഞ്ചേരി എക്കാലത്തും വിലപ്പെട്ട സംഭാവനകൾ നൽകി യിട്ടുണ്ട്. ചെറുകോൽപ്പുഴ ഹിന്ദുമത കൺവൻഷൻ കോഴഞ്ചേരിയുടെ സമീപ പ്രദേശത്താണ് നടക്കു ന്നത്. ആറന്മുള ഉതൃട്ടാതി വള്ളം കളിയുടെ താളലയ മേളങ്ങളിൽ എല്ലാമതവിഭാഗക്കാരും അലിഞ്ഞു ചേരുകയും അഭിമാനം കൊള്ളുകയും ചെയ്യുന്നു. കരിങ്കല്ലിൽ കൊത്തിയ അതി മനോഹരമായ കോഴഞ്ചേരി സെന്തോമസ് മാർത്തോമ്മാ അക്കാലത്തെ ഏറ്റവും വലിയ ക്രൈസ്തവ ദേവാലയം ആയിരുന്നു. ഇന്നും കോഴഞ്ചേരി പട്ടണത്തിന്റെ മദ്ധ്യത്തിൽ ഈ ദേവാലയം തലയുയർത്തി നില്ക്കുന്നു. എല്ലാ സഭാവിഭാഗങ്ങൾക്കും മതവിഭാഗങ്ങൾക്കും ഇവിടെ മനോഹരമായ ആരാധനാലയങ്ങളുണ്ട്.

ബാങ്കിംഗ് കോ ഓപ്പറേറ്റീവ് പ്രസ്ഥാനങ്ങളുടെ വളർച്ച കോഴഞ്ചേരിയുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. തിരുവിതാംകൂറിലെ ആദ്യകാല ബാങ്കുകളിൽ ഒന്നാണ് മലങ്കര സിൻഡിക്കേറ്റ് ബാങ്ക്. ഒരു കാലത്ത് ബാങ്കിടപാടുകൾ നടത്താവുന്ന ഒരു പ്രമുഖ സ്ഥാപനമായിരുന്നു ഇത്. ഭാരതത്തിലുള്ള എല്ലാ പ്രമുഖ ബാങ്കുകളുടെ ശാഖകളും, സ്വകാര്യ ബാങ്കുകളും, അവയുടെ ആസ്ഥാന മന്ദിരങ്ങളും കോഴഞ്ചേരിയുടെ സമ്പന്നതായെ വിളിച്ചറിയിക്കുന്നതാണ്.

കോഴഞ്ചേരിയിലെ സാഹസികരായ മനുഷ്യർ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജോലി നോക്കുന്നവരായിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഇൻഡ്യയിലെ വിവിധ തോട്ടങ്ങളിലേക്കും പിന്നീട് സിംഗപ്പൂർ, മലേഷ്യ മുതലായ പ്രദേശങ്ങളിലേക്കും ഇവിടെനിന്നും ധാരാളം പേർ ജോലി അന്വേഷിച്ച് പോവുകയും പല സ്ഥലങ്ങളിലും ഇവർ ഉന്നത നിലയിൽ എത്തിച്ചേ രുകയും ചെയ്തു. പിന്നീട് ഗൾഫ് രാജ്യങ്ങളിലും അമേരിക്കയിലും ലോകത്തിന്റെ എല്ലാ കോണു കളിലും കോഴഞ്ചേരിക്കാർ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചു. വിദേശ രാജ്യങ്ങളിൽ ചോര നീരാക്കി വിദേശികളോട് മത്സരിച്ച് അവർ സമ്പാദിക്കുന്ന ഭീമമായ തുകകൾ കോഴഞ്ചേരിയിലെ ബാങ്കുകൾ മുഖേന വ്യവസായിക

കാർഷിക മേഖലകളിലേക്ക് കടന്നു ചെല്ലുന്നു. അങ്ങനെ രാഷട്രത്തിൻെറ അഭിവൃദ്ധിയ്ക്ക് കോഴഞ്ചേരി ചെയ്യുന്ന സേവനം നിസ്തുലമാണ്. സാമ്പത്തിക അതിപ്രസരത്തിൻെറ എല്ലാ സ്വഭാവ വിശേഷങ്ങളും ഇന്ന് കോഴഞ്ചേരിയിൽ കാണാൻ സാധിക്കും.

വിദ്യാഭ്യാസ രംഗത്തും വ്യാവസായിക രംഗത്തും ഇതരമേഖലകളിലും പ്രശസ്തരായ അനേകം വ്യക്തികൾ കോഴഞ്ചേരിയ്ക്ക് അഭിമാനം കൊള്ളത്തക്ക രീതിയിൽ പണ്ടുകാലം മുതൽ ധാരാളമായി ഉണ്ടായിരുന്നു. ഇന്നും ഉന്നത ശ്രേണിയിൽ അനേകർ നമുക്ക് അഭിമാനകരമായ രീതിയിൽ ലോകത്തിൻെറ വിവധ ഭാഗങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

കോഴഞ്ചേരി കേന്ദ്രമാക്കി ഒരു താലൂക്ക് വേണം എന്നുള്ള ഈ പ്രദേശത്തിൻെറ മുറവിളി തുടങ്ങിയിട്ട് അനേക വർഷങ്ങൾ ആയെങ്കിലും ഇന്നുവരെ അത് സാധിത പ്രായമാകാത്തതിൽ ജനങ്ങൾ തീർത്തും ദുഖിതരാണ്. ഡോ. ജോർജ് മാത്യു ഈ രംഗത്ത് നേതൃത്വം നൽകി.

കലയുടെയും സാഹിത്യത്തിൻെറയും മണ്ഡലങ്ങളിൽ ഈ പ്രദേശം പിന്നോക്കം പോയിട്ടുണ്ടെങ്കിലും ശ്രീമതി. ടി. എസ്. പൊന്നമ്മയെപ്പെലെയുള്ള പ്രശസ്ത വ്യക്തികൾ നാടിൻെറ അഭിമാനം കാത്തുസൂക്ഷിക്കുന്നുണ്ട്.

ചിറ്റേടത്ത് ശങ്കുപ്പിള്ള, റവ.കെ.ടി. തോമസ്, ശ്രൂ കെ. എം. മാത്യു എന്നിവർ പ്രജാറസഭാ അംഗങ്ങളായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡോ. ജോർജ് മാത്യൂ, ശ്രീ.വി. എസ്. ചാരുശേഖരപിള്ള, ശ്രീ. എം. കെ. ദിവാകരൻ. അഡ്വ. ഇ.എം. തോമസ് ഇടത്തിൽ എന്നിവർ എം. എൻ. എമാരെന്ന നിലയിൽ കോഴഞ്ചേരിയുടെ സംഭാവനകളാണ്. മുൻ നാഗാലാൻറ് ഗവർണ്ണറും വേൾഡ് ക്രിസ്ത്യൻകൗൺസിൽ ഓഫ് ചർച്ചസിൻെറ ചെയർമാനുമായിരുന്ന ഡോ. എം. എം. തോമസ്, കേരള ഹൈക്കോടതി ജഡ്ജിയാ യിരുന്ന മാത്യുസ് പി. മാത്യൂസ്, ഓർത്തഡോക്സ് സഭ യിലെ ഗീവറുഗ്ഗീസ് മാർ ദിയസ്കോറസ് മെത്രാപ്പോ ലീത്ത, ബിഷപ്പ്. കെ. എൻ. ഉമ്മൻ, മേജർ ജനറൽ എം.ജി. ഏബ്രഹാം. ഡോ. കെ. തോമസ് മാത്യൂ, നായർ സർ വ്വീസ് സൊസൈറ്റിയുടെ നേതാവായിരുന്ന ജി. നാരയണ പിള്ള, ഡോക്ടർ എൻ. എം. ജി. ഭക്തൻ, ഹിന്ദുസ്ഥാൻലിവർ മുൻ ചെയർമാനും യൂണിലിവർ ഡയറക്ടറുമായിരുന്ന റ്റി. തോമസ്, പ്യാരി കമ്പനി ചെയർമാൻ ആയിരുന്ന ഡോ. ഈശോ ജോൺ, ഡോ. എൻ. എം. എൻ റാവു, ഡോ. പി.ബി. ബഞ്ചമിൻ, ക്യാപ്റ്റൻ സി. എം. തോമസ് (മിലട്ടറി ക്രോസ്) ബേബി മാത്യു, കെ. എസ്. ആർ. ടി. സി. ചെയർമാനായിരുന്ന അഡ്വ. എം.എം. ചെറിയാൻ, കേരള ഫിനാൻഷ്യൽ സെക്രട്ടറിയായിരുന്ന സി.ഐ. ഏബ്രഹാം. റിട്ടയർഡ് എക്സൈസ് കമ്മീഷണർ വി. നാരായണപിള്ള എന്നിവർ വിവിധ രാഷ്ട്രീയസാമ്പത്തിക സാംസ്കാരിക സാമൂഹ്യ, സാമുദായിക രംഗങ്ങളിൽ വ്യക്തി മുദ്രപ തിപ്പിച്ച കോഴഞ്ചേരിയുടെ അഭിമാനഭാജ നങ്ങ ളാണ്. സ്വാത ന്ത്യസമര സേനാനി C.M. നൈനാൻ കോഴഞ്ചേ രിയുടെ വീര പുത്രനാണ്.

പഞ്ചായത്തുകൾ നിലവിൽ വന്നത് 1953 ആഗസ്റ്റ് 15 നാണ്. അന്ന് കോഴഞ്ചേരി പഞ്ചായത്തും നിലവിൽ വന്നു. കോഴഞ്ചേരി പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറ് ശ്രീ. സി.ഐ. ഈപ്പൻ മുളമൂട്ടിൽ ആയിരുന്നു. അതിനുശേഷം താഴെ പേരു പറയുന്നവർ പ്രസിഡൻറായി വിവിധ കാലങ്ങളിൽ വിശിഷ്ട സേവനം കാഴ്ചവെച്ചത് അഡ്വ: കെ. വി. ജോസ്ഫ. അഡ്വ: വി. എസ്. ചന്ദ്രശേഖരപിള്ള. ശ്രീ ബാബു കോയിക്കലേത്ത് തുടങ്ങയിവരാണ്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. വിക്ടർ ടി. തോമസ് മുളമൂട്ടിൽ തുണ്ടിയത്താണ്.

കോഴഞ്ചേരിയുടെ വികസനത്തിന് വ്യക്തികളും സന്നദ്ധ സംഘടനകളും നൽകിയ സേവനങ്ങൾ വിലപ്പെട്ടതാണ്. 20ാം നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിലെ സാമൂഹ്യ നവോദ്ധാനവും ദേശിയ സ്വാതന്ത്ര്യ സമരത്തിൽനിന്ന് ഉൾക്കൊണ്ട പ്രചോദനവും കോഴഞ്ചേരിയുടെ സാമൂഹ്യജീവിതത്തെ ഗുണക രമായി സ്വാധീനിച്ചിട്ടുണ്ട്. സാമൂഹ്യ പരിഷ്കർത്താ ക്കളായിരുന്ന സി. കേശവൻ , ടി. എം. വർഗീസ്, കുമാ ർജി, ശങ്കു പിള്ള, കുറുന്തോട്ടിക്കലച്ചൻ എന്നിവർ ഈ പ്രദേശത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്യം നൽകിയിട്ടുണ്ട്. മറ്റുസ്ഥലങ്ങളെ അപേ ക്ഷിച്ച് ഇവിടുത്തെ സ്ത്രീകൾ വിദ്യാഭ്യാസത്തിലും സാമൂഹ്യ ബോധത്തിലും മുന്നിട്ടുനില്ക്കുന്നു. സമ്പന്നമായ ഭൂതകാലത്തിൽ നിന്നും ഊർജവും കരുത്തും സ്വീകരിച്ചുകൊണ്ട് വർത്തമാനകാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോഴഞ്ചേരിയിലെ സംസ്കാര സമ്പന്നരായ ജനതയ്ക്ക് കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പൂർവ്വികന്മാർ വിവിധ രംഗങ്ങളിൽ നമുക്ക് കാട്ടിത്തന്ന സേവന സന്നദ്ധതയുടേയും ത്യാഗത്തിൻെറയും സംസ്കാരം പുന: സ്ഥാപിക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനം വഴിതെളിയിക്കുമെന്ന് നമുക്ക് പ്രത്യാശിയ്ക്കാം.

# ഭൂപ്രകൃതി

പത്തനം തിട്ട ജില്ലയുടെ മദ്ധ്യഭാഗത്തായി പുണ്യനദിയായ പമ്പയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മലകളും സമതലവും വയലുകളും ഉൾപ്പെട്ട ഭൂപ്രദേശമാണ് കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് പഞ്ചായത്തിൻെറ മൊത്തവിസ്തീർണ്ണം 861.41 ഹെക്ടർ ആണ്. നിലം, പുരയിടം എന്നിവ തിരിച്ചുള്ള കണക്ക് പട്ടിക -2-1 ൽ കൊടുത്തിരിക്കുന്നു.

### പട്ടി 2-1
### ഭൂമി സംബന്ധിച്ച വിവരങ്ങൾ:

| ഇനം | വിസ്തീർണ്ണം | |
|---|---|---|
| നിലം | 102 | ഹെക്ടർ |
| പുരയിടം | 646.41 | ,, |
| പുറമ്പോക്ക് | 94 | ,, |
| കൃഷിയോഗ്യതരിശ് | 16 | ,, |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 3 | ,, |
| ആകെ | 861.41 | ,, |

### പട്ടിക 2-2
### പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകളും അവ സ്ഥിതിചെയുന്ന വാർഡുകളും

| | കുന്നുകൾ | വാർഡ് |
|---|---|---|
| 1. | വെണ്ണപ്ര മല | 1 |
| 2. | ഇരുപ്പക്കാട്ട് പാറ | 1 |
| 3. | പ്ലാമ്മൂട്ടിൽ കുന്ന് | 2 |
| 4. | കോലേലിപ്പാറ | 3 |
| 5. | പേരകത്തു മല | 4 |
| 6. | മണിമല മുരുപ്പ് | 4,5 |
| 7. | കുരങ്ങു മല | 6 |
| 8. | മണ്ഡകത്തിൽപ്പാറ | 7 |
| 9. | കോളജു കുന്ന് | 8 |
| 10. | അട്ടുത്തറ മല | 8 |

ഈ പഞ്ചായത്തിലുള്ള നെൽപ്പാടങ്ങളിൽ ഉദ്ദേശം 30% ഒരുപ്പൂ നിലങ്ങളും, ഉദ്ദേശം 55% ഇരുപ്പൂ നിലങ്ങളും, ബാക്കി കൃഷിയോഗ്യമായ തരിശ് നില ങ്ങളുമാണ്. കരയുടെ ഏകദേശം 40% വിവധ തരത്തിലുള്ള കൃഷിയിടങ്ങളാണ് ബാക്കിയുള്ളതിൽ 8 ഹെക്ട റോളം പാറയാണ്. നെൽപ്പാടങ്ങളും, പാറകളും, റോഡുകളും കെട്ടിടങ്ങളും ഒഴികെയുള്ള സ്ഥലങ്ങ ളെല്ലാം വിവിധ വൃക്ഷലതാതികളാൽ നിബിഡമാണ്.

### പട്ടിക – 2-5
### പ്രധാനപ്പെട്ട കുളങ്ങൾ:

| | |
|---|---|
| 1. | പോത്തോലിൽ ചാല്. |
| 2. | പറോലിൽപ്പടിക്കുളം. |
| 3. | കീഴുകരച്ചാല്. |
| 4. | കോഴഞ്ചേരി ഈസ്റ്റ് പഞ്ചായത്തുകുളം. |
| 5. | മേലുകര വെസ്റ്റ് വാലേൽപ്പടിക്കുളം. |
| 6. | വെണ്ണപ്രമലയിലെ പാറക്കുളം |

### പട്ടിക – 2-6
### പാറപ്രദേശങ്ങൾ.

| | | |
|---|---|---|
| 1. | കുരങ്ങുമല | 4 ഹെക്ടർ |
| 2. | ഇരുപ്പക്കാട്ടുപാറ | 2 ,, |
| 3. | വെണ്ണപ്ര പാറ | 1/2 ,, |
| 4. | കോലേലിപ്പടറ | 1/2 ,, |
| 5. | പുതിയാമ്മണ്ണിൽ പാറ | 1/2 ,, |
| 6. | പാന്ത പാറ | 1/2 ,, |
| 7. | കുറ്റിയിൽ പാറ | 1/2 ,, |

പുണ്യനദിയായ പമ്പയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന കോഴഞ്ചേരി ഫലഭൂയിഷ്ഠമാണ്. ആകെയുള്ള എട്ടു വാർഡുകളിൽ നാലും ആറ്റുതീരമാണ്. പാടങ്ങളൊഴിച്ചുള്ള പ്രദേശങ്ങളെല്ലാം തന്നെ വൃക്ഷങ്ങളാൽ നിബിഡമാണ്. പ്ലാവ്, മാവ്, തേക്ക്, റബ്ബർ, ആഞ്ഞിലി, തെങ്ങ്, കശുമാവ്, കമുക്,കൊക്കോ എന്നി

വയാണ് സാധാരണയായി കാണപ്പെടുന്നത്. ആറ്റുതീരങ്ങളിൽ ജാതി, മാങ്കൊസ്തിൻ മുതലായ മരങ്ങളും ധാരാളമായുണ്ട്.

ആറ്റുതീരം പശിമരാശിയുള്ള ഫലഭൂയിഷ്ഠമായ മണ്ണാണ്. സമതലപ്രദേശങ്ങൾ ചെമ്മണ്ണും വയലുകളിൽ കളിമണ്ണുചേർന്ന ചെളിമണ്ണുമാണ്. മലയോരങ്ങൾ ചെമ്മണ്ണ്, ചെങ്കൽ, കരിങ്കൽ പാറകൾ എന്നിവ അടങ്ങിയതാണ്.

ധാരാളം ചെറുതോടുകളും ആറ്റിലേക്കൊഴുകുന്ന 3 വലിയ തോടുകളും ഉണ്ട്. ധാരാളം മഴകിട്ടുന്ന പ്രദേശമാകയാൽ, മഴക്കാലത്തിനുശേഷം ധാരാളം നീരുറവകൾ ഉണ്ടാകാറുണ്ട്. എന്നാൽ ഈ ജലം ശാസ്ത്രീയമായി സംഭരിക്കാത്തതു കാരണം വേനൽക്കാലത്ത് പല പ്രദേശങ്ങളിലും, പ്രത്യേകിച്ച് മലമ്പ്രദേശങ്ങളിൽ, വരൾച്ചയുണ്ടാകുന്നു. അശാസ്ത്രീയമായ മണൽ വാരൽമൂലം ആറ്റിലെയും കൃഷിഭൂമിയിലെയും ജലനിരപ്പു താഴ്ന്നുകൊണ്ടിരിക്കുന്നു. വെള്ളപ്പൊക്കം മൂലം ആറ്റിൻെറ തിട്ട ഇടിയുകയും ധാരാളം ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. തോടുകളിലെല്ലാം തടയണകൾ ഉണ്ടാക്കുകയും ചെറുകുളങ്ങളിൽ വെള്ളം സംഭരിക്കുകയും ചെയ്താൽ ഭൂഗർഭജലസംഭരണം വർദ്ധിക്കുകയും വേനൽക്കാലത്തെ വരൾച്ചയും മഴക്കാലത്തെ വെള്ളപ്പൊക്കവും ഒരു പരിധിവരെ നിയന്ത്രിക്കുകയും ചെയ്യാം. പഞ്ചായത്തിൻെറ വടക്കു – പടിഞ്ഞാറൻ അതിർത്തികളിൽക്കൂടി 5 കിലോമീറ്ററോളം പമ്പാനദി ഒഴുകുന്നു. പരിപാവന മായ പമ്പയുടെ പരിലാളനം കൊണ്ട് ഫലഭൂയിഷ്ഠമായ ഈ പ്രദേശം മദ്ധ്യകേരളത്തിൻെറ സാമ്പത്തിക മണ്ഡലത്തിൽ പുരാതന കാലം മുതൽക്കേ ശ്രദ്ധേയമായ സംഭാവന നല്കിയിട്ടുണ്ട്.

**ജനപ്രകൃതി**

1991 – ലെ സെൻസസ് പ്രകാരം 12701 ജനങ്ങളാണ് പഞ്ചായത്തിലുള്ളത്. അതിൽ 6093 പുരുഷന്മാരും 6608 സ്ത്രീകളുമാണ്. ജനസാന്ദ്രത 1991–ലെ കണക്കു പ്രകാരംചതുരശ്ര കിലോമീറ്ററിന് 1588 ആയിരുന്നു. ഇന്നത്തെ കണക്കുകൾ ലഭ്യമല്ല. ജനസംഖ്യയിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും തുല്യമാണ്. ഇസ്ളാം മതവിശ്വാസികൾ ആരും തന്നെയില്ല. ഭൂരിഭാഗം ജനങ്ങളും വിദ്യാസമ്പന്നരാണ്. സാക്ഷരരല്ലാത്തവർ വളരെ ചുരുക്കമാണ് ജാതി–മത വിദ്വേഷങ്ങൾക്കതീതരായ സമാധാന പ്രിയരാണ് കോഴഞ്ചേരിയിലെ ജനങ്ങൾ.

**പട്ടിക – 2–3**

**പഞ്ചായത്തിലെ പ്രധാനപ്പെട്ട നിലങ്ങളും അവയുടെ വിസ്തീർണ്ണവും.**

| | നിലങ്ങൾ | വാർഡ് | വിസ്തീർണ്ണം |
|---|---|---|---|
| 1 | നിലമേൽപ്പാടം | 3 | 16 ഹെക്ടർ. |
| 2 | മുളയാർമണ്ണ് – ചെന്നിറങ്ങിപ്പടി | 5,6 | 27 ,, |
| 3 | തണങ്ങാടു പാടം | 2,4 | 10 ,, |
| 4 | ചെന്തിട്ടപ്പടി–കാതാളപ്പുറം രുധിരപ്പൊഴി പടശേഖരം | 2,5,8 | 17 ,, |
| 5 | അയന്തിപ്പാടം | 5,6 | 10 ,, |
| 6 | മുളയോടിപ്പാടം | 1 | 10 ,, |
| 7 | പോത്തോലിപ്പുഞ്ച പാടം | 7,8 | 12 ,, |
| | ആകെ | | 102 ഹെക്ടർ |

## പട്ടിക – 2–4
## പ്രധാനപ്പെട്ട തോടുകൾ

| | പേര് | പഞ്ചായത്തിലൂടെ ഒഴുകുന്ന നീളം. | വീതി. |
|---|---|---|---|
| 1. | തണങ്ങാട്ടിൽ വലിയതോട് | 3 കി.മീ. | 5മീ. |
| 2. | അയന്തി കൊച്ചുതോട് | 3 കി.മീ. | 3 മീ. |
| 3. | പൊങ്ങാനാം തോട് | 1 കി.മീ. | 4 മീ. |
| 4. | കോട്ടോമണ്ണിൽ തോട് | 1 കി.മീ. | 3മീ. |





# ഭൂപ്രകൃതി

## ട്രാൻസെക്ട് – II




| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| .2 k.m | .4 k.m | .5 k.m | .25 k.m | .6 k.m | .1 k.m | .5 k.m | .85 k.m | .5 k.m | .75 k.m |
| സമതലം | സമതലം (വയൽ) | സമതലം | കുന്നിൻമണ്ട | സമതലം | സമതലം | കുത്തനെയുള്ള ചരിവ് | കുന്നിൻമണ്ട | താഴ്‌വര | സമതലം |
| പശിമരാശി മണ്ണ് | എക്കൽമണ്ണ് | കളിമണ്ണ് ചേർന്ന മണ്ണ് | വെട്ടുകല്ല് | കളിമണ്ണ് | കാട്ടുകല്ല് കലർന്ന ചുവന്ന മണ്ണ് | പാറയുള്ള മൺപ്രദേശം | ഇളക്കുകല്ല് ഇവചേർന്ന മണ്ണ് | ഇളക്കുകല്ല് ചേർന്ന ചുവന്ന മണ്ണ് | മണൽ ചേർന്ന ഫലഭൂയിഷ്ഠമായ മണ്ണ് |
| തെങ്ങ് റബ്ബർ | നെല്ല് | തെങ്ങ്, റബ്ബർ,തേക്ക്, പ്ലാവ് | പ്ലാവ്, തെങ്ങ്, ആഞ്ഞിലി, മാവ് | നെല്ല് | റബ്ബർ, പ്ലാവ്, മാവ്, തെങ്ങ്, കമുക് | റബ്ബർ, മാവ്, പ്ലാവ്, തെങ്ങ് | റബ്ബർ, തെങ്ങ് | റബ്ബർ, തെങ്ങ്, ആഞ്ഞിലി, പ്ലാവ് | നെല്ല്, മരച്ചീനി തെങ്ങ് |
| കിണറുകൾ | താഴ്ന്ന പ്രദേശമായ [illegible] | കിണറുകൾ, വലിയതോട് | കിണറുകൾ, പൈപ്പ്ലൈൻ | കിണറുകൾ പൈപ്പ് ലൈൻ (?) | കിണറുകൾ, പഞ്ചായത്തു കുളം (?) | കിണറുകൾ പൈപ്പ്ലൈൻ | അപര്യാപ്തമായ പൈപ്പ് വെള്ളം | കിണർ, പൈപ്പ്ലൈൻ | പോത്തോലിപുഞ്ചക്കുളം പഞ്ചായത്തുകുളം പൈപ്പ്ലൈൻ |

# സാമൂഹിക സാമ്പത്തിക മേഖലകൾ



# കൃഷിയും ജലസേചനവും



## കാർഷിക ചരിത്രം

കഴിഞ്ഞ ഒരു നൂറ്റാണ്ടിൻെറ ചരിത്രം പരിശോധിച്ചാൽ കോഴഞ്ചേരി ഒരു കാലത്തും പൂർണ്ണമായി കൃഷിയെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന ഒരു പ്രദേശമായിരുന്നില്ല. . കോഴഞ്ചേരി ഒരു പട്ടണമായി വളർന്നു വന്നതു തന്നെ പ്രാഗ്മുതലാളിത്ത കാലത്തെ കമ്പോള കേന്ദ്രം എന്ന നിലയിലാണ്. എന്നാൽ മുപ്പതോ നാല്പതോ കൊല്ലം മുൻപു വരെ കോഴഞ്ചേരിയുടെ സമ്പത്വ്യവസ്ഥയിൽ കൃഷി യ്ക്കും ഗണ്യമായ സ്ഥാനമുണ്ടായിരുന്നു. ഭക്ഷ്യവിള പ്രധാനമായ കൃഷിയിലൂടെ കുടുംബം പുലർത്തിയിരുന്ന ധാരാളം സമ്പന്ന - ഇടത്തര - ചെറുകിട കൃഷിക്കാർ അന്നുണ്ടായിരുന്നു. നെല്ലും, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ മുതലായ കിഴങ്ങു വർഗ്ഗങ്ങളും പച്ചക്കറികളും ധാരാളമായി കൃഷി ചെയ്തിരുന്നു റബ്ബർ, തെങ്ങ്, കമുക്, കുരുമുളക്, കരിമ്പ്, ഇഞ്ചി, തോട്ടുപുളി, വാളൻപുളി, എന്നീ നാണ്യവിളകളും സാധാരണമായി കൃഷിചെയ്തിരുന്നു. തൊഴിലാളികളിൽ ഭൂരിഭാഗവും കർഷക ത്തൊഴിലാളികളായിരുന്നു.

എന്നാൽ കഴിഞ്ഞ 70 വർഷങ്ങളായി വിദ്യാഭ്യാസത്തിൻെറയും സേവനവ്യവസായ മേഖലയുടെയും വികാസത്തിൻെറ ഫലമായി കോഴഞ്ചേരിയിൽ കൃഷിയെ മാത്രം ആശ്രയിക്കേണ്ടതില്ലാത്ത ഒരു ഇടത്തരവർഗ്ഗം വളർന്നുവന്നു. ഇന്ത്യൻ നഗരങ്ങളിലും, മലേഷ്യ, സിലോൺ മുതലായ വിദേശരാജ്യങ്ങളിലും, 1950 മുതൽ പേർഷ്യ, അമേരിക്ക മുതലായ വിദേശ രാജ്യങ്ങളിലും ജോലിചെയ്യുന്നവരിൽ നിന്നുള്ള വരുമാനത്താലും, ഇന്നാട്ടിലെ തന്നെ സേവനമേഖലകളിൽ നിന്നുള്ള വരുമാനത്താലും പുലരുന്ന കുടുംബങ്ങളുടെ സംഖ്യ വർദ്ധിച്ചു. 1970 - തോടെ ഇത്തരം വരുമാനം കൃഷിയിൽ നിന്നുള്ള വരുമാനത്തെ അപ്രസക്തമാക്കുന്ന അവസ്ഥയിലെത്തി. അതോടെ നാണ്യവിളകളൊഴിച്ചുള്ള കൃഷികളുടെ പ്രാധാന്യം കുറഞ്ഞു.

വളരെ നേരത്തെ തന്നെയുണ്ടായ ജന്മത്വത്തിൻെറ തകർച്ച ആദ്യകാലം മുതല്ക്കെ ഈ പ്രദേശത്തെ ചെറുകിട - ഇടത്തരം ഭൂവുടമകളുടെ അധീനതയിലാക്കിയിരുന്നു. ജീവിതഗുണനിലവാരം ഉയർന്നതോടെ ജനസംഖ്യയും ആനുപാതികമായി പാർപ്പിടങ്ങളുടെ എണ്ണവും വർദ്ധിക്കുകയും കൃഷിയിടങ്ങൾ വീണ്ടും ചെറുതാവുകയും ചെയ്തു. ഇത്തരം ചെറുകിട കൃഷിയിടങ്ങളിലെ കൃഷി, നാണ്യവിളകളൊ ഴിച്ചുള്ളവ, ലാഭകരമല്ലാതെയായി. ഇടത്തരം വർഗ്ഗത്തിൻെറ വളർച്ചമൂലം ഉണ്ടായ സാമ്പത്തികക്രമത്തിൻെറ നഗരവല്ക്കരണം നാണ്യവ്യവസ്ഥയിലധിഷ്ഠിതമായ ഒരു സമ്പദ്ക്രമം ഗ്രാമങ്ങളിൽ പോലും സൃഷ്ടിച്ചു. ഇതിൻെറ ഫലമായി ഭക്ഷ്യോൽപന്നങ്ങളെ മാത്രം ഉപജീവിച്ചു കഴിയുന്ന ലളിതമായ പരമ്പരാഗതമായ ഗ്രാമവ്യവസ്ഥിതി മാറി. ജനങ്ങളുടെ ആവശ്യ ബോധങ്ങൾ വൈവിദ്ധ്യമാർന്നതായി. ഇത് കൂടുതൽ വരുമാനത്തിൻെറ ആവശ്യകതയിലേക്കു നയിച്ചു. അതേ സമയം പരമ്പരാഗത ചെറുകിട ഭക്ഷ്യോൽ പാദനകൃഷി ഇത്തരം വരുമാനസൃഷ്ടിക്ക് പോരാത്ത തായി. ഒന്നുകിൽ നാണ്യവിളകളിലേയ്ക്കു മാറുകയോ, അല്ലെങ്കിൽ ഭൂമിയെ ഒരു കമ്പോള വസ്തുവാക്കി മാറ്റുകയോ അതുമല്ലെങ്കിൽ കാർഷി കേതര വരുമാന മാർഗ്ഗങ്ങൾ തേടുകയോ ചെയ്യുക എന്നീ മാർഗ്ഗങ്ങളെ കൃഷിക്കാരായ ഇടത്തരക്കാരു ടെയും ചെറുകിടക്കാരുടെയും മുൻപിൽ ഉണ്ടായിരുന്നുള്ളൂ.

പ്രാഗ്മുതലാളിത്ത കാലഘട്ടത്തിൽ കൃഷിപ്പണികളെല്ലാം ആശ്രിതരായിരുന്നു ചെയ്തിരുന്നത്. കമ്പോള നാണയ വല്കൃത സമ്പദ്ഘടനയിൽ ജീവിക്കുവാൻ തൊഴിലാളികൾക്ക് കൂടുതൽ കൂലി സ്വാഭാവികമായും ആവശ്യമായി വന്നു. കൂടാതെ വിത്ത്, വളം, ജലസേചനം എന്നിവയ്ക്കെല്ലാമുള്ള മുതൽ മുടക്ക് വർദ്ധിച്ചു. ഈവകകാരണങ്ങളാൽ ചെറുകിട ഭക്ഷ്യോൽപാദനകൃഷി ലാഭകരമല്ല എന്ന സ്ഥിതി വന്നു. അതേസമയം ഇടത്തരക്കാർക്ക് കാർഷികേതര വരുമാനം കൂടിക്കൊണ്ടുമിരുന്നു. ഇതൊക്കെ കൃഷി ചെയ്യു

ന്നതിനുള്ള ആവശ്യകതയും താൽപര്യവും ക്ഷ്യ ഇതുമൂലം നാണ്യവിളകൾ കൃഷിചെയ്യുന്നതൊഴി ച്ചുള്ള ഭൂമി കാർഷികേതര ഉപയോഗത്തിനാ യുള്ള വൻമൂല്യമുള്ള വസ്തുവായി.

ഇന്ന് കോഴഞ്ചേരിയിൽ മുഴുവൻ സമയകൃഷി ക്കാരോ, കൃഷിയിൽ നിന്നുള്ള വരുമാനത്തെമാത്രം ആശ്രയിച്ചു കഴിയുന്നവരോ ചുരുക്കമാണ്.

## ഇന്നത്തെ സ്ഥിതി

ഇന്ന് കൃഷി, പ്രത്യേകിച്ചും നെൽകൃഷി, ഈ പ്രദേ ശത്ത് ആദായകരമല്ലാതിരിക്കുന്നതിന് പല കാരണ ങ്ങളുമുണ്ട്.

1. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും അമിത മായ കൂലിയും.

2. നിർമ്മാണമേഖലയിൽ തൊഴിലാളികൾക്ക് കാർ ഷിക മേഖലയെ അപേക്ഷിച്ച് കൂടുതൽ വേതനം ലഭി ക്കുന്നു.

3.ജനസംഖ്യാവർദ്ധന മൂലമുണ്ടാകുന്ന സ്ഥലദൗർ ലഭ്യവും, ഭൂമിയുടെ കമ്പോള മൂല്യത്തിലുണ്ടായ വർ ദ്ധനയും.

4. ഈ കാലഘട്ടത്തിൽ ഗ്രാമങ്ങളിൽ പോലും ഉണ്ടാ യിട്ടുള്ള നഗരവൽകൃതമായ സാമ്പത്തിക സമ്പ്രദായ ങ്ങൾ മൂലം ഉണ്ടാകുന്ന ഭൂമിയുടെ കമ്പോളവൽക്ക രണവും നാണ്യവ്യവസ്ഥയിൽ അധിഷ്ഠിതമായ സമ്പത്ക്രമവും.

5. ജീവിതഗന്ധിയല്ലാത്തതും പ്രായോഗിക ജീവി തവുമായി വിജ്ഞാനത്തെ ബന്ധിപ്പിക്കാത്ത തുമായ വിദ്യാഭ്യാസത്തിൽ തൊഴിൽ എന്നാൽ വെള്ള ക്കോളർ, നീലക്കോളർ ജോലിയാണ് എന്ന ജനവിശ്വാസം.

6. സേവനവ്യവസായ മേഖലയിൽ നിന്നും, വ്യാപാര മേഖലയിൽ നിന്നും, വിദേശത്തുനിന്നുമുള്ള വരുമാനം കൃഷിയിലുള്ള ആശ്രയത്വം കുറയ്ക്കുന്നു.

7. അമിതമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ ഫല ഭൂയിഷ്ഠത കുറയുന്നു.

8. മണൽ വാരൽ മൂലം ആറ്റിലും കൃഷിഭൂമിയിലും ജലനിരപ്പുതാഴുകയും വെള്ളപ്പൊക്കം മൂലം ആറ്റുതിട്ട കൾ ഇടിയുകയും ചെയ്യുന്നു. ഇത്തരം പരിസ്ഥിതി പ്രശ്നങ്ങൾ കൃഷിയുടെ ആദായത്തെ ബാധിക്കുന്നു.

### പട്ടിക – 3 – 1
### വിളവിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉത്പാദനം (ടൺ) | ഉത്പാദനക്ഷമത കി.ഗ്രാം/ (ഹെക്ടർ) |
|---|---|---|---|
| നെല്ല് (1–ാം വിള) | 30.6 | 70.4 | 2300 |
| '' (2–ാം വിള) | 56.1 | 112.2 | 2000 |
| '' (3–ാം വിള) | 15.3 | 30.6 | 2000 |
| തെങ്ങ് | 180 | 3,60,000 എണ്ണം | 2000 എണ്ണം / ഹെക്ടർ |
| റബ്ബർ | 140 | 588 | 4200 |
| കുരുമുളക് | 48 | 90 | 1875 |
| വാഴ | 40 | 400 | 10,000 |
| കൊക്കോ | 15 | 42 | 2800 |
| ജാതി | 10 | | |
| കിഴങ്ങുവർഗ്ഗങ്ങൾ | 7 | 35 | 5000 |
| പച്ചക്കറികൾ | 7 | 1.4 | 200 |
| പയർ | 3 | 1.88 | 625 |
| മാവ് | 8 | 48.4 | 6175 |
| കവുങ്ങ് | 8 | 48 ലക്ഷം എണ്ണം | 6 ലക്ഷം / ഹെക്ടർ |
| പ്ലാവ് | 5 | 30 | 6000 |
| കശുമാവ് | 5 | 5 | 1000 |

## പട്ടിക - 3

## കൈവശഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (ഹെക്ടറിൽ താഴെ) | | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 0.2 ഹെക്ടറിൽ കുറവ് | 2130 | | |
| 0.2 - 0.4 ഹെക്ടർ | 1118 | | |
| 0.4 - ഹെക്ടർ | 548 | 36 | 5 |
| ആകെ | 3796 | | |

ഇന്ന് റബ്ബർ, തെങ്ങ്, കുരുമുളക്, ജാതി, കൊക്കോ മുതലായ നാണ്യവിളകളാണ് മുഖ്യകൃഷി ഭക്ഷ്യ വിളകളിൽ പ്രധാനം വാഴയാണ്. ഭക്ഷ്യവിളകൾ എല്ലാം തന്നെ തെങ്ങിൻെറ ഇടവിളകളാണ്. മാവ്, പ്ലാവ് കശുമാവ് മുതലായ മരങ്ങൾ പ്രദേശത്തെ മിക്കവാറും എല്ലാ പുരയിടങ്ങളിലുമായി ഒറ്റപ്പെട്ടു നില്ക്കുന്നവയാണ്. ആകെയുള്ള 861. 41 ഹെക്ടർ ഭൂമിയിൽ 102 ഹെക്ടർ നെൽപാടങ്ങളാണ് ഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-1ൽ കൊടുത്തിട്ടുണ്ട്. വിളവിസ്തീർണ്ണം, ഉത്പാദനം എന്നിവ താഴെകൊടുത്തിരിക്കുന്നു.

0.4 ഹെക്ടറിൽ കുറവും ഭൂമിയിലുള്ളവരാണ് ഭൂരിപക്ഷം. 5 ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശമുള്ള ആരും തന്നെയില്ല. ഭൂഉടമസ്ഥതയുടെ കണക്കുകൾ പട്ടിക -3ൽ കൊടുത്തിരിക്കുന്നു.

400 കേരകർഷർ ഉൾപ്പെടുന്ന കേരസമിതി നിലവിലുണ്ട്. സമിതിയുടെ പ്രവർത്തനം നാമമാത്രമാണ്. ആറ് പാടശേഖര സമിതികളും നിലവിലുണ്ട്.

1. 'നിലമേൽ പാടശേഖര സമിതി; വഞ്ചിത്ര 56 അംഗങ്ങളുള്ള സമിതി 16 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നു. സമിതിക്ക് ഒരു ടില്ലർ ഉണ്ട്.

2. 'മുളയാർമണ്ണ് - കോഴഞ്ചേരി ഈസ്റ്റ് 53 അംഗങ്ങളുള്ള സമിതി 30 ഹെക്ടർ പാടത്ത് നെൽകൃഷി ചെയ്യുന്നു.

3. 'തണങ്ങാട് - ചെന്തിട്ടപ്പടി പാടശേഖരസമിതി; 58 അംഗങ്ങളുള്ള സമിതി 30 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നു.

4. 'അയന്തി പാടശേഖരസമിതി; കോഴഞ്ചേരിഈസ്റ്റ്. 35 അംഗങ്ങളുള്ള സമിതി 10 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നു.

5. 'മുളയോടി പാടശേഖരസമിതി; കീഴുകര. 25 അംഗങ്ങളുള്ള സമിതി 10 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നു.

6. 'പോത്തോലിപ്പുഞ്ച പാടശേഖരസമിതി; മേലുകര.

35 അംഗങ്ങളുള്ള സമിതി 12 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നു. ഒരു ടില്ലർ ഉണ്ട്.

പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

കേരസമിതിയുടെ പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

(1) പഞ്ചായത്തിലെ കേരകർഷകരുടെ ഒരു സർവ്വെ നടത്തുകയും എല്ലാ കേരകർഷകരെയും സമിതിയിൽ അംഗങ്ങൾ ആക്കുകയും ചെയ്യണം.

(2) ജനാധിപത്യപരമായ രീതിയിൽ കൃത്യമായി ഭാരവാഹികളുടെ തെരഞ്ഞെടുപ്പു നടത്തേണ്ടതാണ്.

(3) കേരകർഷകർക്ക് സർക്കാരിൽ നിന്നും കേരവികസന ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ, ധനസഹായങ്ങൾ എന്നിവ 'യഥാസമയം' അംഗങ്ങൾക്കു ലഭിക്കുന്നതിനുള്ള സംവിധാനം നിർബന്ധമാക്കണം.

(4) രോഗനിർണ്ണയം നടത്തുന്നതിനും നിവാരണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിദഗ്ദ ന്മാരുടെ സഹായം കാലാകാലങ്ങളിൽ ലഭ്യമാക്കണം.

(5) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുനീക്കം ചെയ്യുന്നതിനും പകരം ഉത്പാദനശേഷിയും രോഗ പ്രതിരോധ ശക്തിയുമുള്ള തൈകൾ വിതരണം ചെയ്യുന്നതിനും ഉള്ളസംവിധാനം ഉണ്ടാകേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. പരിസ്ഥിതി സന്തുലിതമായ കൃഷിരീതികൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇതിനായി ഈക്കോ - ആക്ടിവിസ്റ്റുകളുമായി ബന്ധപ്പെട്ട് പഠനം നടത്താവുന്നതാണ്.

2. പുരയിടങ്ങളിൽ സ്വയം കൃഷിചെയ്യാൻ ഉതകുന്ന ചെറിയ യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ജില്ലയിലും പരിസരങ്ങളിലുമുള്ള എൻജിനീയറിംഗ് കോളജുകൾ, ഐ.റ്റി.ഐ.കൾ, കാർഷിക എൻജിനീയറിംഗ് കോളജ് എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കണം.

3. കൃഷികൾക്ക്, പ്രത്യേകിച്ച് പച്ചക്കറികൾക്ക് ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിയ്ക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കണം. രാസകീടനാശിനികളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ദോഷവശങ്ങൾ കൃഷിക്കാരെ മനസ്സിലാക്കണം.

4. സ്ക്കൂളുകളിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യവളർത്തൽ, പുഷ്പ - ഫല കൃഷികൾ എന്നിവ പഠന വിഷയങ്ങൾ ആക്കുകയും കുട്ടികൾ ഇവ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഇതു പ്രായോഗികതലത്തിൽ നടപ്പിൽ വരുത്തുവാൻ കുട്ടികളുടെ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും അതിന് അദ്ധ്യാപക - ഉപഭോക്താക്കളെ നിയമിക്കുകയും കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ, കൃഷിക്കാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുകയും വേണം.

5. ഇന്ന് പച്ചക്കറികൾ, ഏത്തയ്ക്കാ, ഫലവർഗ്ഗങ്ങൾ എന്നിവ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് കോഴഞ്ചേരി മാർക്കറ്റിൽ എത്തുന്നത്. ഇവ ഈ പ്രദേശത്തു തന്നെ ഉത്പാദിപ്പിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുകയും, കൃഷിക്കാർക്ക് അതിനുവേണ്ട പ്രോൽസാഹനവും പരിശീലനവും നല്കുകയും ചെയ്യണം.

6. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, റോസ, രജനീഗന്ധി, വാനില, ഔഷധച്ചെടികൾ, കൂണ് എന്നിവയുടെ കൃഷിയെ പ്രോൽസാഹിപ്പിക്കുകയും അതിനുവേണ്ട പരിശീലനം കൃഷിക്കാർക്കു നല്കുകയും ചെയ്യണം. ഇവയുടെ വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തു തലത്തിലോ, സഹകരണസംഘങ്ങൾ മുഖേനയോ ചെയ്യേണ്ടതുമാണ്.

7. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കുന്നതിനും ബണ്ടുകൾ മുറിച്ചുകടക്കുന്നതിനും വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്.

8. രോഗം ബാധിച്ചതും ഉൽപാദനശേഷി കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പകരം ഉൽപാദനശേഷികൂടിയ സങ്കരയിനം തെങ്ങുകൾ വെച്ചുപിടിപ്പിക്കുന്നതിനും കർഷകരെ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

9. ഒന്ന്, രണ്ട്, മൂന്ന് ഏഴ് വാർഡുകൾ ആറ്റുതീരമാണ്, മണൽ വാരൽ മൂലവും വെള്ളപ്പൊക്കം മൂലവും മൺതിട്ട ഇടിഞ്ഞ് ഭൂമിയും കൃഷിയും നഷ്ടപ്പെടുന്നു. കഴിഞ്ഞ 10 വർഷത്തിനകം പല ഭാഗങ്ങളിലും 10 മീറ്ററോളം ആറ്റുതിട്ട ഇടിഞ്ഞു പോയിട്ടുണ്ട്. മണൽവാരൽ മൂലം ആറ്റിലെ ജലനിരപ്പു താഴുകയും തന്മൂലം ഭൂമിയിലെ ജലനിരപ്പ് കഴിഞ്ഞ 10 വർഷത്തിൽ 20 അടിയോളം താഴുകയും ചെയ്തിട്ടുണ്ട്.

ആറ്റുതിട്ട സംരക്ഷിക്കുന്നതിനുള്ള അടിയന്തിര പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. മണൽവാരൽ നിയന്ത്രിക്കുകയും ജലനിരപ്പ് ഉയർത്തുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം.

10. ജില്ലാ പഞ്ചായത്തു തലത്തിൽ പമ്പയാറിനു കുറുകെ ഒരു ചെക്ക് ഡാം നിർമ്മിക്കേണ്ടതാണ്. എന്നാൽ ആറന്മുള വള്ളം കളിയിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് മാർഗ്ഗതടസ്സം ഉണ്ടാകാത്തവിധത്തിലായിരിക്കണം സ്ഥാന നിർണ്ണയം നടത്തേണ്ടത്. അതുപോലെ തന്നെ മാരാമൺ കൺവൺഷൻ, ചെറുകോൽ പുഴ കൺവെൻഷൻ എന്നിവ നടത്തുന്നതിന് വെള്ളം തുറന്നു വിടുവാനുള്ള സംവിധാനവും ഉണ്ടായിരിക്കേണ്ടതാണ്.

11. നിലങ്ങളിലെ കൃഷിയ്ക്ക് ഉപയോഗിക്കുന്നതിന് പഞ്ചായത്തു വകയായി ട്രാക്ടർ, ടില്ലർ, കൊയ്ത്തു യന്ത്രം, മെതിയന്ത്രം, വിതയന്ത്രം മറ്റു കൃഷി ഉപകരണങ്ങൾ എന്നിവയും തെങ്ങുകയറ്റ യന്ത്രവും വാങ്ങുകയും അതു കൃഷിഭവനിലൂടെയോ പഞ്ചായത്തു നേരിട്ടോ കർഷകർക്ക് വായ്പ നല്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

12. പഞ്ചായത്തിലെ മലമ്പ്രദേശങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിലുള്ള പദ്ധതികൾ തയ്യാറാക്കണം. അതിനുവേണ്ടി ഈടി-കയ്യാലകൾ കെട്ടുന്നതിനും മറ്റ് മണ്ണുസംരക്ഷണ പദ്ധതികൾക്കും ധനസഹായം ചെയ്യേണ്ടതാണ്.

13. തണങ്ങാട്ടിൽ - ചെന്തിട്ട - രുധിരപ്പൊഴി ഗ്രൂപ്പ് ഫാമിംഗ് ബൈഫർക്കേറ്റ് ചെയ്യണം.

14. പാമ്പാക്കോട്ട്, തണങ്ങാട് മുതലായ സ്ഥല ങ്ങളിൽ തരിശ് ഇട്ടിരിക്കുന്ന നിലത്തിൽ കൃഷിയിറ ക്കുവാനുള്ള സംവിധാനം ഉണ്ടാകണം. വേറെയേ തെങ്കിലും പാടങ്ങൾ തരിശിട്ടിട്ടുണ്ടെങ്കിൽ കാരണ ങ്ങൾ പഠിച്ച് കൃഷിയിറക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

15. അയന്തി പാടശേഖരത്ത് വെള്ളം കെട്ടി നില്ക്കുന്നതിൻെറ കാരണങ്ങൾ പഠിക്കുകയും പരി ഹാരമാർഗ്ഗങ്ങൾ അടിയന്തിരമായി നടപ്പിലാക്കുകയും ചെയ്താൽ മൂന്നു പൂവ് കൃഷി ചെയ്യാൻ സാധിക്കും. ഇതിനു വേണ്ടി PIP കനാലിൻെറ ചോർച്ച തടയു കയും, ഒരു കുളം ഉണ്ടാക്കി ജലം ശേഖരിച്ചു ലിഫ്ട് ഇറിഗേഷൻ വഴി പുരയിട കൃഷിയ്ക്ക് ജലസേചനം ചെയ്യാൻ സാധിക്കുമോ എന്നു പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

16. പാടങ്ങളിൽ കണ്ണട്ടകളുടെ ശല്യം നിയന്ത്രി ക്കുവാൻ നടപടി ഉണ്ടാക്കണം.

17. മണ്ണു പരിശോധനയ്ക്കുള്ള സൗകര്യം പഞ്ചായത്തിൽ തന്നെ ഉണ്ടായിരിക്കേണ്ടതാണ്.

## കൃഷിഭവൻ

(1)കൃഷിഭവന് സ്വന്തമായി സ്ഥലസൗകര്യ മുള്ളതും പൊതുജനങ്ങൾക്ക് വന്നു ചേരാൻ സൗകര്യ മുള്ളതുമായ സ്വന്തം ആസ്ഥാനം ഉണ്ടാകണം.

(2) ടെലിഫോൺ (ലോക്കൽ) സൗകര്യം അനിവാര്യമാണ്.

(3) തൈകൾ, നടീൽ വസ്തുക്കൾ എന്നിവ ശരിയായ രീതിയിൽ സൂക്ഷിക്കാനും സംരക്ഷിക്കാ നുമുള്ള സംവിധാനം കൃഷിഭവനിൽ ഉണ്ടാകണം.

(4) കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും കൃഷിയുടെ രോഗ നിർണ്ണയ - നിവാരണങ്ങൾക്കു സഹായിക്കുവാനും കൃഷിഭവനിൽ ഫീൽഡ് സ്റ്റാഫും അവർക്കു യാത്രാസൗകര്യങ്ങളും ഉണ്ടാകണം.

(5) നടീൽ വസ്തുക്കൾ, വളം മുതലായവ 'യഥാ സമയം' കൃഷിക്കാർക്കും ലഭിയ്ക്കുവാനുള്ള സൗക ര്യങ്ങൾ ഉണ്ടാകണം.

(6) കൃഷി സംബന്ധമായ പഞ്ചായത്ത് - ബ്ലോക്ക് - ജില്ലാ - സംസ്ഥാന - കേന്ദ്രസർക്കാർ തലങ്ങ ളിലുള്ള പദ്ധതികൾ ജനങ്ങളെ അറിയിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

(7) കൃഷിയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ കർഷകർക്ക് വാടകയ്ക്കു കൊടുക്കുവാനുള്ള സംവി ധാനം കൃഷിഭവനിൽ തന്നെ ഉണ്ടായിരിയ്ക്കണം.

(8) കൃഷിക്കാരുടെ അനുഭവങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കുവാനും ചർച്ചചെയ്യുവാനും എല്ലാമാസവും കർഷകരുടെ കൂട്ടങ്ങൾ വിളിച്ചുകൂട്ടണം. ഈ സഭക ൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും പദ്ധതി കളെ വിമർശനാത്മകമായി വിലയിരുത്തുവാനും അവകാശം ഉണ്ടായിരിക്കണം.

(9) ഓരോ വാർഡിലും ഗ്രാമസഭകൾകൂടി, കൃഷിഭവനുമായി ബന്ധപ്പെടുന്നതിനും കൃഷിപ്രോൽ ത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള സബ് - കമ്മറ്റി കൾ തെരഞ്ഞെടുക്കണം.

***ഇവരുടെ ചുമതലകൾ:-***

(a) കൃഷിഭവൻ പദ്ധതികൾ ഗ്രാമസഭകളി ലൂടെയും, നോട്ടീസ് ബോർഡ്, നോട്ടീസ് മുതലായ മാദ്ധ്യമങ്ങളിൽ കൂടി ജനങ്ങളെ അറിയിക്കുക.

(b) ഓരോ പദ്ധതിയുമായി ബന്ധപ്പെടാനാ ഗ്രഹിക്കുന്നവരുടെ ജനറൽബോഡി കൂടി കാര്യങ്ങൾ സംഘടിപ്പിക്കുക.

(c) പദ്ധതിയിൽ ഉൾപ്പെടുന്നവർ പദ്ധതികൾ ശരിയായി ഉപയോഗപ്പെടുത്തുന്നുണ്ടോ, ദുർവിനി യോഗം ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുകയും ഗ്രാമസഭയ്ക്ക് റിപ്പോർട്ടു സമർപ്പിക്കുയും ചെയ്യുക.

(d) ഫാമേഴ്സ് ക്ലബ്ബുകൾ, അടുക്കളത്തോട്ട ക്ലബ്ബുകൾ എന്നിവ രൂപീകരിച്ച് നടപ്പിലാക്കുക.

## ജലസേചനം

ധാരാളം മഴ കിട്ടുന്ന പ്രദേശമാണ് കോഴഞ്ചേരി. എന്നാൽ ഈ ജലം മലകളുടെ മുകളിൽ നിന്നും കുത്തിയൊലിച്ച് ആ പ്രദേശത്തെ ഫലഭൂയിഷ്ടമായ മേൽമണ്ണും വഹിച്ചുകൊണ്ട് തോടുകളിൽക്കൂടി ആറ്റിലേയ്ക്കു പ്രവഹിക്കുകയും പ്രയോജന രഹിത മായിപ്പോവുകയും ചെയ്യുന്നു. ഇത് വെള്ളപ്പൊക്ക ത്തിനും കാരണമാക്കുന്നു.

മഴവെള്ളം ഒഴുകുന്ന തോടുകൾ ആഴം കൂട്ടി ഇടയ്ക്കിടെ തടയണകെട്ടി പ്രവാഹത്തിൻെറ വേഗത കുറയ്ക്കുകയും ഘട്ടം ഘട്ടമായി സൗകര്യമുള്ള സ്ഥലങ്ങളിൽ ചെറുകുളങ്ങൾ ഉണ്ടാക്കുകയും ചെയ് താൽ മണ്ണൊലിപ്പു തടയുന്നതിനും ജലം ഭൂമിയിലേ ക്കിറങ്ങി ഭൂഗർഭജല സംഭരണം വർദ്ധിപ്പി ക്കുന്നതിനും സാധിക്കും. ഇതു വെള്ളപ്പൊക്കം കുറയ്ക്കുകയും

വേനൽക്കാലത്തുണ്ടാകുന്ന വരൾച്ച നിയന്ത്രിക്കുകയും ചെയ്യും. മണ്ണൊലിപ്പുള്ള പ്രദേശങ്ങളിൽ ഈടികയ്യാലകൾ കെട്ടുന്നതും കൈത പോലെയുള്ള മണ്ണൊലിപ്പു തടയുന്ന ചെടികളും മരങ്ങളും വെച്ചുപിടിപ്പിക്കുന്നതും അവിടവിടെ ചെറിയ കുഴികൾ കുഴിച്ച് ജലം കെട്ടിനിർത്തുന്നതും ഫലവത്താണ്.

ഇതു കൂടാതെ കോഴഞ്ചേരിയിലുള്ള ചെറുതും വലുതുമായ എല്ലാ തോടുകളും ആഴം കൂട്ടി വശങ്ങൾ കെട്ടിയുറപ്പിക്കുകയും ഇടയ്ക്കിടെ തടയണകൾ കെട്ടുകയും ചെയ്യേണ്ടതാണ്.

1. കീഴുകര പാടത്തിലുള്ള ചാലും, പോത്തോലിപുഞ്ചയിലുള്ള ചാലും ആഴം കൂട്ടുകയും വശങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യണം.

2. മേലുകര വെസ്റ്റിൽ വാലേൽ പടിയിലുള്ള കുളം, ചെറുകോൽപുഴ റോഡിൽ പറോലിൽ പടിയിലുള്ള കുളം, കോഴഞ്ചേരി ഈസ്റ്റിലുള്ള പഞ്ചായത്തുകുളം, വെണ്ണപ്ര പാറയുടെ കിഴക്കേ ചരുവിലുള്ള പാറക്കുളം, നെടിയത്തുമുക്കിനുള്ള ചെറിയ കുളം മുതലായവ ആഴം കൂട്ടി വശങ്ങൾ ബലപ്പെടുത്തി സംരക്ഷിച്ചാൽ അതു ഭൂഗർഭ ജലസംഭരണം വർദ്ധിപ്പിക്കുകയും ജലസേചന സ്രോതസ്സുകളായി ഉപയോഗിക്കുകയും ചെയ്യാം.

2. ആഴം കൂട്ടി വശങ്ങൾ ബലപ്പെടുത്തി തടയണകൾ കെട്ടേണ്ട തോടുകൾ:

(1) കീഴുകര ചാലിൽ നിന്നുമുള്ള ചെറിയതോട്.

(2) കീഴുകര വലിയതോട്.

(3) പിച്ചനാടു ലക്ഷം വീടു കോളനിയുടെ തോട്.

(4) തണങ്ങാട്ടിൽ വലിയതോട്.

(5) അയന്തിപ്പാടം തോട്

(6) കോഴഞ്ചേരി കോളജു മലയിൽ നിന്നും നെടിയത്തു മുക്കിലേക്കുള്ള തോട്.

(7) പാലക്കത്തറപ്പടിയിൽ നിന്നും ചീങ്കേ മുക്കിലേക്കുള്ള തോട്.

(8) ചെന്തിറങ്ങിപ്പടി മുതൽ പാമ്പാക്കോട്ടു പടി വരെ പാടത്തിൻെറ നടുക്കുകൂടിയുള്ള കൈത്തോട്.

(9) പോത്തോലിപുഞ്ചയിൽ നിന്നും ആരംഭിക്കുന്ന കോട്ടോ മണ്ണിൽ വലിയ തോട്.

(10) പൊൻമേലു മണ്ണിൽ തോട്.

3. തണങ്ങാട്ടിൽ വലി തോടിന് പാലത്തിനു താഴെയായി ക്രോസ്ബാർ നിർമ്മിക്കണം.

4. പന്നിവേലിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപയോഗിച്ച് നിലങ്ങളിൽ മൂന്നു പൂവു കൃഷി നട ത്തുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരി ക്കേണ്ടതാണ്.

ഇപ്പോഴത്തെ പമ്പുഹൗസ് താഴോട്ട് ഇറക്കി സ്ഥാപിക്കുകയും മോട്ടോറും പമ്പും മാറ്റി പുതിയതു സ്ഥാപിക്കുകയും കനാലുകൾ പുതുക്കി പണിയുകയും ചെയ്യേണ്ടതാണ്.

5. കീഴുകര ചാലിൽ നിന്നുമുള്ള ചെറിയതോട് കീഴുകര വലിയ തോടിനോട് യോജിപ്പിക്കണം.

6 PIP കനാലിൻെറ അറ്റകുറ്റപ്പണികൾ അടിയന്തിരമായിചെയ്യേണ്ടതാണ്. തോളൂപ്പറമ്പിൽ പടിക്കൽ ഇടിഞ്ഞു കിടക്കുന്ന ഭാഗം അടിയന്തിരമായി ശരിയാക്കിയില്ലെങ്കിൽ ഏകദേശം 200 ഏക്കറോളം നിലം മട വീണു നശിക്കാനിടയുണ്ട്. തൂമ്പും പാട്ട ഭാഗത്ത് കനാൽ ചോർച്ചയുണ്ട് മേലുകര ഭാഗത്ത് കനാൽ മുറിഞ്ഞു കിടക്കുന്നു.

7. തുണ്ടഴം ഭാഗത്തുകൂടി കനാൽ പോകുന്നതു കാരണം അവിടം മുതൽ പന്നിവേലിച്ചിറ വരെയുള്ള നിലങ്ങളിൽ വർഷകാലത്തു മാത്രമേ വെള്ളം ഉള്ളൂ. അതുകാരണം നിലം വരണ്ട് കര ഭൂമിയായി മാറിയരിക്കുന്നു. വേനൽക്കാലത്ത് രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നു. അതിനാൽ ഈ ഭാഗത്തു ജലസേചനം എത്തിയ്ക്കേണ്ടതാണ്.

8. വലിയതോടിൻെറ വശങ്ങൾ കാടുവെട്ടി ബലപ്പെടുത്തണം.

9. ചെന്തിറങ്ങി പടി മുതൽ പമ്പാക്കോട്ടുപടി വരെ പാടത്തിൻെറ നടുക്കുകൂടിയുള്ള കൈത്തോടു ശരിയാക്കിയെടുത്താൽ ഇരുപ്പൂകൃഷി നടത്താൻ സാധിക്കും.

10. പരപ്പുഴപ്പടിക്കൽ ബണ്ടുണ്ടാക്കിയാൽ 15 ഏക്കർ പാടത്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാം. തോളൂപ്പറമ്പിൽ പടി, പാമ്പാക്കോട്ടു പടി എന്നിവിടങ്ങളിലുള്ള 3 ബണ്ടുകൾ, ചെന്തിറങ്ങി പ്പടിക്കൽ ഉള്ള ബണ്ട് ഇവ പുതുക്കി നിർമ്മിക്കണം.

## ഭൂജല വകുപ്പ് (നടപ്പു പദ്ധതികൾ)

*(1) ജനകീയ ജലസേചന പദ്ധതി*

ചെറുകിട – നാമ മാത്ര കർഷകരുടെ സമിതികൾ മുഖാന്തിരം ജലസേചനത്തിനാവശ്യമായ കുഴൽക്കിണറുകൾ നിർമ്മിച്ച് പമ്പ് ഘടിപ്പിച്ചു നൽകുക എന്നതാണ് ലക്ഷ്യം. ജില്ലാ പഞ്ചായത്ത് ഭൂജലവകു പ്പിന്റെ ജില്ലാ പഞ്ചായത്ത് ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസ് വഴി നടപ്പാക്കേണ്ട പദ്ധതിയുടെ ചെല വിന്റെ 90% ഭൂജലവകുപ്പ് വഹിക്കും. 10% ഗുണ ഭോക്താവ് വഹിക്കണം.

*(2) ഭൂജലം സംരക്ഷണവും ശേഖരിക്കലും*

ഭൂജലം അമിതമായി ഉപയോഗിച്ചു പോയിട്ടുള്ള ഇടങ്ങളിലും ഭൂജലം ആവശ്യമായ അളവിൽ ഭൂഗർഭത്തിൽ എത്തിച്ചേരാത്ത സാഹചര്യത്തിലും ഉപരിതല ജലത്തിന്റെ ഒഴുക്കു തടഞ്ഞ് ഭൂജലത്തിന്റെ ഗുണമേന്മയും അളവും വർദ്ധിപ്പിച്ച് ഭൂഗർഭ നിരപ്പ് ഉയർത്തുന്നതാണ് പദ്ധതി.

ജില്ലാഗ്രൗണ്ട് വാട്ടർ ഓഫീസിൽ കൂടി നടപ്പാക്കു പദ്ധതിക്ക് ചെലവിന്റെ 50% സബ്സിഡിയുണ്ട്

*നടപ്പു പദ്ധതികൾ (കൃഷി)*

(1) സമഗ്രധാന്യവികസനപദ്ധതി (നെല്ല്)

നൂതന സാങ്കേതികവിദ്യയുടെ ഗുണഫലം ഫീൽഡ് ഡെമൺസ്ട്രേഷനിലൂടെ കർഷകരിലെത്തിക്കുക എന്നതാണ് ലക്ഷ്യം. സംയോജിത കീട നിയന്ത്രണത്തിൽ കർഷകർക്ക് പരിശീലനം നല്കുകയും ചെയ്യുന്നു.

*ലഭിക്കുന്ന സഹായം:*

(1) ഓരോ പഞ്ചായത്തിലും ഒരു കർഷകന് ഓരോ വിളയ്ക്കും ഒരേക്കറിന് 1000 രൂപാ വീതം ധനസഹായം

(2) സംയോജിത കീടനിയന്ത്രണ പരിപാടിയിൽ ഓരോ പഞ്ചായത്തിലും 30 കർഷകർക്ക് 100 രൂപാ വിലയുള്ള സസ്യസംരക്ഷണ കിറ്റ്.

(3) ബ്ലോക്ക് തലത്തിൽ കൂടുതൽ വിളവ് ഉൽപാദിപ്പിക്കുന്ന പഞ്ചായത്തിന് 25,000 രൂപാ.

ഈ പദ്ധതിയ്ക്ക് 75% കേന്ദ്രസഹായമുണ്ട്

*(2) മിനി കിറ്റ് പദ്ധതി (നെല്ല്)*

പുതിയ ഇനം നെൽവിത്തുകൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2 രൂപാ നിരക്കിൽ കർഷകർക്ക് സങ്കരയിനം വിത്തു നല്കുന്നു.

ഇത് 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

*(3) ഗ്രൂപ് ഫാമിംഗ് (നെല്ല്)*

വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉല്പാദന ഉപാധികൾ യഥാസമയത്ത് എത്തിച്ച് നിലവിലുള്ള പാടങ്ങളിൽ നെല്കൃഷി നിലനിർത്തുന്നതോടൊപ്പം, അനുയോജ്യമായ പുതിയ ഇടങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കു ന്നതിന് സാങ്കേതിക വിജ്ഞാനം പകർന്നു നല്കുക എന്ന ലക്ഷ്യത്തോടെ ഓരോ പാടശേഖരത്തിനും അനുയോജ്യമായ പരിപാടികൾ ഗ്രൂപ് ഫാമിംഗ് സമിതികളാണ് ഗുണഭോക്താക്കൾ. ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ, കളനാശിനികൾ, ട്രാക്ടർ, ടില്ലർ, കുറ്റി പമ്പ് എന്നിവ അഗ്രോക്ലിനിക്കുകൾ വഴി എത്തിക്കും.

*വിലയിരുത്തൽ:*

നിലവിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മിക്കവയും കാര്യക്ഷമമല്ല. ഇതു മാറ്റിയെടുക്കുവാൻ വാർഡുമെമ്പർ ഉൾപ്പെടെയുള്ളവരുടെ സേവനം ഉൾപ്പെടുത്തി സ്വയം പ്രവർത്തിക്കുന്ന സംഘങ്ങളായി രൂപാന്തരപ്പെടുത്തണം.

*(4) ഉത്പാദന ബോണസ് (നെല്ല്)*

നെൽകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പൂവിന് ഹെക്ടറൊന്നിന് 250 രൂപാ നിരക്കിൽ ഉത്പാദന ബോണസ് മൂന്നു പൂവ് കൃഷി ചെയ്യുന്ന കർഷകന് ഒരു ഹെക്ടറിന് 750 രൂപാ ലഭിക്കും.

ഈ പദ്ധതി നോൺ പ്ലാൻ വിഭാഗത്തിൽ പെടുന്നു.

(5) പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം (നെല്ല്)

നെൽകൃഷി വികസനത്തിനു വേണ്ടി അതാതിടങ്ങളിൽ പ്രത്യേക പരിപാടികൾ നടപ്പിലാക്കി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബണ്ട്

കെട്ടുക, ജലസേചനചാലുകൾ നിർമ്മിക്കുക, പമ്പ്സെറ്റ് സ്ഥാപിക്കുക, ജലസേചനം നടത്തുക തുടങ്ങി ഉത്പാദന വർദ്ധനവിനു വേണ്ട എല്ലാ വികസന പ്രവർത്തനങ്ങളുടേയും 75% തുക സബ്സിഡിയായി ലഭിക്കുന്നു. മൊത്തം പാടശേഖരത്തിൻെറ വിസ്തീർണ്ണം കണക്കാക്കി ഹെക്ടർ ഒന്നിന് 20,000 രൂപാ ക്രമത്തിലായിരിക്കും സബ്സിഡി നല്കുക. കൃഷിക്കാർ ചേർന്ന് രൂപീക രിക്കുന്ന കർഷക സമിതി മുഖാന്തിരമായിരിക്കും വികസന പ്രവർത്തനങ്ങൾ നടത്തുക. പദ്ധതി തയ്യാറാക്കുന്നത് കൃഷി വകുപ്പിലെ അതാതു ജില്ലയിൽ പ്രവർത്തി ക്കുന്ന അസി. എക്സി എൻജിനീയർ (അഗ്രി) ആയിരിക്കും. എല്ലാ കർഷകരും അറിഞ്ഞു കൊണ്ടുള്ളതും തീർത്തും ഉപയോഗ പ്രദവുമായ പദ്ധതികളെ ഏറ്റെടുക്കാവൂ.

ഇത് 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

(6) ചെറുകിട കർഷകർക്കു സംയോജിത കേരകൃഷി (തെങ്ങ്)

നാളികേരത്തിൻെറ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ

1. അസുഖം ബാധിച്ച തെങ്ങു മുറിച്ചു മാറ്റുന്ന കർഷകർക്ക് 200 രൂപായും പകരം സങ്കരയിനം തെങ്ങിൻ തൈയ്യും 2,5,10,20 തെങ്ങുകൾക്ക് ആവശ്യമായ രാസവളങ്ങൾ കിറ്റുകളാക്കി വിതരണം ചെയ്യുകയും തെങ്ങൊന്നിന് 5 രൂപാരാസവള സബ്സിഡിയും 3രൂപാ സസ്യസംരക്ഷണ സബ്സിഡിയും നല്കും. വിവിധയിനം ഇടവേളകൃഷി നടത്തുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 200 രൂപാവീതം നടീൽ വസ്തുക്ക ളുടെ വിലയായി നല്കുന്നു.

ഇത് 100% കേന്ദ്രസഹായത്തോടെ നടത്തുന്ന പദ്ധതിയാണ്.

*(7) സമഗ്രനാളികേര വികസന പദ്ധതി (തെങ്ങ്)*

നാളികേരത്തിൻെറ ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചുരുങ്ങിയത് 30 സെൻെറ് സ്ഥലമുള്ള കേരകർഷകർക്ക്

1. ജലസേചനത്തിന് പുതിയ കിണർ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് ചെലവിൻെറ മൂന്നിലൊന്ന് എന്ന നിരക്കിൽ പരമാവധി 2500 രൂപാ വീതം ആകെ 5000 രൂപാ.

2. ഫിൽറ്റർ പോയിൻെറ് ട്യൂബ്വെൽ നിർമ്മിക്കുന്നതിന് 800 രൂപാ ധനസഹായം.

3. പത്തിലേറെ കർഷകരുടെ സംഘങ്ങൾക്ക് 5 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുവാനുള്ള സാമൂഹ്യജലസേചനപദ്ധതി നടപ്പാക്കാൻ ഹെക്ടറൊന്നിന് 20,000 രൂപാ നിരക്കിൽ ചെലവിൻെറ 85% സബ്സിഡി (ഈ പദ്ധതിയിൽ ടാങ്ക് നിർമ്മിക്കുകയും പമ്പുസെറ്റ് ആവശ്യമായി വരികയും ചെയ്യുകയാണെങ്കിൽ അതിനാവശ്യമായ സ്ഥലം കൃഷി വകുപ്പിന് കൈമാറ്റം ചെയ്യണം.)

4. തെങ്ങുകയറ്റയന്ത്രം വാങ്ങുവാൻ 500 രൂപാ സബ്സിഡി

5. മരുന്നു തളിയന്ത്രം വാങ്ങുവാൻ 1000 രൂപാ സബ്സിഡി.

6. ജൈവവള വിത്തിന് കി.ഗ്രാമിന് 5 രൂപാ സബ്സിഡി

7. കേര വികസന സമിതിക്കും സർവ്വീസ് സഹകരണസംഘങ്ങൾക്കും കൊപ്രസംസ്ക്കരണ ശാലകൾ നിർമ്മിക്കുന്നതിന് 25000 രൂപാ ധനസഹായം.

8. പട്ടിക ജാതി/വർഗ്ഗക്കാർക്ക് ജലസേചന കിണർ നിർമ്മിക്കുന്നതിന് 10,000 രൂപാ വരെ സബ്സിഡി.

9. മൂന്നു മുതൽ അഞ്ചുവരെ ഹെക്ടർ സ്ഥലവുമുള്ള കർഷകർ ഒത്തുചേർന്ന് ഗ്രൂപ്പ് ഇറിഗേഷൻ നടത്തുകയാണെങ്കിൽ 50% നിരക്കിൽ പരമാവധി 10,000 രൂപാ ജലസേചന യൂണിറ്റിന് ധനസഹായം ലഭിക്കും.

*(8) തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവും*

T x D സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക വഴി ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. കൃഷി ഡയറക്ടർ വില നിശ്ചയിക്കും. 50% കേന്ദ്രവിഹിതവും 50% സംസ്ഥാന വിഹിതവുമുള്ളതാണ് പദ്ധതി.

*(9) ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവും*

ലക്ഷ്യം: ആവശ്യമുള്ളത്ര നല്ലതും ഗുണമേന്മയുള്ളതുമായ തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുക കൃഷി ഡയറക്ടർ നിശ്ചയിക്കുന്ന വില ലഭിക്കും. ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ഫാമുകളിലാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്.

*(10) കമുകു വികസന പദ്ധതി -1*

ലക്ഷ്യം: ശാസ്ത്രീയമായ കമുകുകൃഷി പ്രചരിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുക.

*ലഭിക്കുന്ന സഹായങ്ങൾ:*

1. മാഹാളി രോഗത്തിനെതിരെ മരുന്നു തളിക്കാൻ ഹെക്ടർ ഒന്നിന് 400 രൂപാ വീതം സബ്സിഡി (50%).

2. റോക്കർ സ്പ്രേയർ വാങ്ങാൻ 900 രൂപാ സബ്സിഡി.

3. ഇല മഞ്ഞളിപ്പു മാറ്റുന്നതിന് കമുക് ഒന്നിന് 100 രൂപാ.

4. ജലസേചനത്തിന് കിണർ കുഴിക്കുന്നതിന് 2500 രൂപാ..

5. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 1500 രൂപാ.

ഇത് 100% കേന്ദ്രസഹായത്തോടെ നടത്തുന്ന പദ്ധതിയാണ്.

*(11) കമുകു വികസന പദ്ധതി - 2*

മേൽത്തരം കമുകിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക വഴി ഉത്പാദനം വർദ്ധിപ്പിക്കുക. എന്ന ലക്ഷ്യത്തോടെ തൈ ഒന്നിന് ഒരു രൂപാ വെച്ച് വിതരണം ചെയ്യുന്നു.

ജില്ലാ ഫാമുകളിൽ നടപ്പാക്കുന്ന 100% കേന്ദ്ര സഹായ പദ്ധതിയാണ്. (പത്തനംതിട്ട ജില്ലയിൽ ഇല്ല)

*(12) സുഗന്ധവിള വികസന പദ്ധതി (കുരുമുളക്)*

കുരുമുളക് കൃഷി പുതിയ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കാൻ നിലവിലുള്ള കുരുമുളകു വിത്തുകൾ വിതരണം ചെയ്യുന്നു. മൂന്നാം വർഷം പുനരുദ്ധാരണ പരിപാടികൾ ഒന്നിന് 1500 രൂപാ ലഭിക്കും സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ്.

*(13) കുരുമുളകുകൃഷി വ്യാപനം*

സമഗ്രസുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി 200 പഞ്ചായത്തുകളിൽ സൗജന്യമായി കുരുമുളകുവള്ളികൾ വിതരണം ചെയ്ത് കൃഷി കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുക എന്നതാണ് ലക്ഷ്യം.

ഒരു ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് 5000 രൂപാ തോതിൽ ആദ്യകൊല്ലവും 3000 രൂപാ രണ്ടാം കൊല്ലവും 2000 രൂപാ മൂന്നാം കൊല്ലവും ലഭിക്കും.

*(14) നിലവിലുള്ള കുരുമുളകു കൃഷി മെച്ചപ്പെടുത്തൽ പദ്ധതി (കുരുമുളക്)*

ശാസ്ത്രീയമായി തോട്ടം സംരക്ഷിക്കുന്ന കർഷകന് ഹെക്ടറൊന്നിന് 1500 രൂപാ സബ്സിഡി സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമാണ്.

*(15) കേന്ദ്രാവിഷ്കൃത തോട്ട സംരക്ഷണ പദ്ധതി* (കുരുമുളക്) കുരുമുളക് തോട്ടങ്ങൾ സംരക്ഷിക്കാൻ ഒന്നാം വർഷം ചെലവിന്റെ 50% പരമാവധി 3500 രൂപ. രണ്ടാം വർഷം 1300 രൂപ മൂന്നാം വർഷം 1600 രൂപാ.

(16) മാതൃകാ കുരുമുളകു തോട്ടങ്ങൾ സ്ഥാപിക്കുക

സമഗ്രസുഗന്ധ വിള വികസന പദ്ധതിയുടെ ഭാഗമായി 50 താങ്ങുമരങ്ങളിൽ 100 മുന്തിയ ഇനം കുരുമുളകു വള്ളികൾ വച്ചു പിടിപ്പിച്ച മാതൃകാ തോട്ടങ്ങൾക്ക് ചെലവിന്റെ 50% പരമാവധി 225 രൂപാ മൂന്നാംവർഷവും 140 രൂപാ രണ്ടാം വർഷവും 150 രൂപാ മൂന്നാം വർഷവും കിട്ടുന്നു.

കുരുമുളകു ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താങ്ങു മരമൊന്നിന് 2 കുരുമുളകുവള്ളികൾ സൗജന്യമായി നല്കാനുള്ള പദ്ധതിയും നിലവിലുണ്ട്.

(17) സമഗ്രസുഗന്ധ വ്യഞ്ജനവിള വികസന പദ്ധതി (ഇഞ്ചി)

ലക്ഷ്യം: നല്ലയിനം വിത്ത് ലഭ്യമാക്കുക.

ഇഞ്ചിയെ ബാധിക്കുന്ന രോഗങ്ങൾ തടയുക.

ഇഞ്ചികൃഷി പുതിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.

1. 25 സെൻറ് സ്ഥലത്ത് പ്രദർശനതോട്ടങ്ങൾ സ.ഥാപിച്ച് വിത്ത് ഇരട്ടിപ്പിക്കുന്ന കർഷകർക്ക് 1200 രൂപാ സബ്സിഡി. ഉത്പാദിപ്പിക്കുന്ന വിത്ത് കൃഷി ഭവൻ വില നല്കി ശേഖരിക്കും.

2. സസ്യസംരക്ഷണം നടത്തുന്നതിന് ഹെക്ടർ ഒന്നിന് 50% സബ്സിഡി. പരമാവധി 1000 രൂപാ.

3. കൃഷി പുതിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് 25% സബ്സിഡി നിരക്കിൽ ഹെക്ടർ ഒന്നിന് പരമാവധി 5000 രൂപാ.

4. 50 രൂപാ വില വരുന്ന മിനികിറ്റ് (5കിലോ വിത്തും കീടനാശിനിയും) പകുതി വിലയ്ക്ക്.

(18) സമഗ്രസുഗന്ധ വ്യഞ്ജന വികസനപദ്ധതി (മഞ്ഞൾ)

ലക്ഷ്യം: മാതൃകാതോട്ടങ്ങൾ സ്ഥാപിച്ച് വിത്ത് ഉത്പാദിപ്പിക്കുക.

മഞ്ഞൾകൃഷി വ്യാപിപ്പിക്കുക.

മഞ്ഞൾകൃഷി പുതിയ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിന് ചെലവിന്റെ 25% പരമാവധി 4000 രൂപാ ഒരു ഹെക്ടറിന്. 25സെന്റ് സ്ഥലത്ത് മാതൃകാകൃഷിത്തോട്ടം സ്ഥാപിച്ച് വിത്ത് വിതരണം നടത്തുന്ന കർഷകന് പരമാവധി 825 രൂപാ.

(19) സമഗ്രസുഗന്ധ - വ്യഞ്ജന വികസന പദ്ധതി (മുളക്)

1. 25 സെന്റ് സ്ഥലത്ത് മാതൃകാതോട്ടം സ്ഥാപിക്കുന്നതിന് മൊത്തം ചെലവിന്റെ 50% പരമാവധി 700 രൂപ. നല്ലയിനം വിത്തുല്പാദനമാണ് ലക്ഷ്യം.

2. മിനികിറ്റ് പദ്ധതിപ്രകാരം ഒരു സെന്റ് സ്ഥലത്തേയ്ക്ക് ചെലവിന്റെ 50% പരമാവധി 50 രൂപാ.

(20) സമഗ്ര സുഗന്ധ - വ്യഞ്ജന വികസന പദ്ധതി (ഗ്രാമ്പു, ജാതി, കറുകപ്പട്ട)

ലക്ഷ്യം: തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി വിതരണം ചെയ്യുക. ഇവയുടെ മാതൃകാ കൃഷിത്തോട്ടങ്ങൾ വികസിപ്പിച്ചെടുക്കുക.

1. മാതൃകാകൃഷിത്തോട്ട പരിപാലനത്തിന് 5വർത്തേയ്ക്ക് യഥാക്രമം ഉത്പാദിച്ചെലവിന്റെ 33% (400 രൂപാ), 25% (170 രൂപാ), 20% (150 രൂപാ) ലഭിക്കുന്നു.

2. സസ്യസംരക്ഷണ പ്രവർത്തനത്തിന് കുറ്റി പമ്പ് വാങ്ങുന്നതിന് 50% (പരമാവധി 750 രൂപാ) സബ്സിഡി.

3. ഗ്രാമ്പൂ തൈകൾക്ക് 3 രൂപയും, ജാതിതൈകൾക്ക് ഒരു രൂപായും, കറുകപ്പട്ട തൈകൾക്ക് 6 രൂപയും സബ്സിഡി നല്കുന്നു.

ഇത് 100% കേന്ദ്രസഹായ പദ്ധതിയാണ്.

(21) പച്ചക്കറി വികസന പദ്ധതി (പച്ചക്കറി)

ലക്ഷ്യം: (1) സ്കൂൾ കുട്ടികളിലൂടെ വിദ്യാലയങ്ങളിൽ മത്സരബുദ്ധിയോടെ തോട്ടങ്ങൾ സ്ഥാപിക്കുക

(2) വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക.

1. വിദ്യാർത്ഥികൾക്കിടയിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിന് വിത്ത്, വളം, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ സ്കൂളിന് സൗജന്യമായി നല്കുന്നു.

2. സ്കൂൾ ഗാർഡന്റെ ചുമതലയുള്ള അദ്ധ്യാപകന് പരിശീലനം നല്കുന്നു.

3. ഏറ്റവും നല്ല സ്കൂൾ ഗാർഡന് സംസ്ഥാന തലത്തിലും, ബ്ലോക്കുതലത്തിലും പഞ്ചായത്തു തലത്തിലും സമ്മാനങ്ങൾ നല്കുന്നു.

വിജയിക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും കൃഷിഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കുവാൻ കൊണ്ടുപോകുക, അദ്ധ്യാപകർക്കും, കൃഷി ഓഫീസർമാർക്കും സമ്മാനങ്ങൾ നല്കുക എന്നിവയും പദ്ധതിയിൽ പെടുന്നു.

4. UP/HS കുട്ടികളുടെ വീട്ടുവളപ്പിൽ പച്ചക്കറി വളർത്തുന്നതിന് വിത്തുപായ്ക്കറ്റ് സൗജന്യമായി നല്കുന്നു.

(22) പച്ചക്കറിവിത്ത് ഉത്പാദനവും വിതരണവും.

ലക്ഷ്യം: ഗുണമേന്മയുള്ള മുന്തിയ ഇനം വിത്ത് ഉത്പാദിപ്പിച്ച് വിതരണം നടത്തുക.

10 സെൻറു സ്ഥലത്തേയ്ക്കാവശ്യമായ സങ്കരയിനം പച്ചക്കറി വിത്തും കീടനാശിനിയും സൗജന്യമായി ലഭിക്കും.

100% കേന്ദ്രസഹായപദ്ധതി.

(23) വേര് - കിഴങ്ങുവിള വികസനപദ്ധതി

1. 25 സെന്റ് സ്ഥലത്ത് കിഴങ്ങു വർഗ്ഗങ്ങളുടെ പ്രദർശനത്തോട്ടം സ്ഥാപിക്കുന്നതിന് 500 രൂപ സഹായം.

2. 20 സെന്റ് സ്ഥലത്തേയ്ക്ക് നടീൽ വസ്തുക്കൾ, രാസവളം, കീടനാശിനി എന്നിവയുൾ പ്പെടുന്ന 200 രൂപയുടെ മിനികിറ്റ് സൗജന്യം.

100% കേന്ദ്രസഹായപദ്ധതി

(24) കൊക്കോ വികസന പദ്ധതി (കൊക്കോ)

1. ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 20% നിരക്കിൽ പരമാവധി 4000 രൂപ.

2. കിണർ, പമ്പുസെറ്റ് എന്നിവ വെവ്വേറെ ആണെങ്കിൽ 2500 രൂപ, 1500 രൂപ ക്രമത്തിൽ ധന സഹായം.

3. 50 മേൽത്തരം കൊക്കോ ചെടികളുടെ മാതൃകാകൃഷിത്തോട്ടത്തിന് ആദ്യവർഷം 700 രൂപയും സബ്സിഡി.

4. കൊക്കോ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ആദ്യവർഷം 2000 രൂപാ, രണ്ടാം വർഷം 1000 രൂപാ നിരക്കിൽ സബ്സിഡി.

5. കൊക്കോ സംസ്ക്കരണശാലകൾ ഉണ്ടാക്കുന്നതിന് സഹകരണസംഘങ്ങൾക്ക് 50% സബ്സിഡി.

100% കേന്ദ്രസഹായത്തോടെയുള്ള പദ്ധതി.

(25) ഫലവർഗ്ഗ വികസന പദ്ധതി

*ലക്ഷ്യം:-*

(1) മാവ്, പ്ലാവ്, കൈതച്ചക്ക, വാഴ, നാരകം തുടങ്ങിയ ഫലവർഗ്ഗങ്ങളുടെ ഉദ്പാദനം വർദ്ധിപ്പിക്കുക.

(2) നിലവിലുള്ള തോട്ടങ്ങളെ ശാസ്ത്രീയകൃഷി മുറകളിലൂടെ ഉദ്പാദനക്ഷമമാക്കുക.

(3) ടിഷ്യുകൾച്ചർ പരീക്ഷണശാലകൾ സ്ഥാപിക്കുക.

(4) കർഷകർക്കു പരിശീലനം സംഘടിപ്പിക്കുക.

അതാതു സ്ഥലത്തിനു അനുയോജ്യമായ ഫലവർഗ്ഗവിളകളുടെ തൈകൾ കാർഷിക സർവ്വകലാശാല, അഗ്രിഹോർട്ടിസൊസൈറ്റി, കൃഷിവകുപ്പിൻെറ

അര ഹെക്ടർ സ്ഥലത്ത് മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കുന്നതിന് കൊല്ലം തോറും താഴെ പ്പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

| വിള (ഹെക്ടറിൽ) | വേണ്ട തൈകളുടെ എണ്ണം | 1-ാം കൊല്ലം | 2-ാം കൊല്ലം | 3-ാം കൊല്ലം | 4-ാം കൊല്ലം | 5-ാം കൊല്ലം | ആകെ (രൂപ) |
|---|---|---|---|---|---|---|---|
| മാവ് | 100 | 12000 | 2000 | 2000 | 2500 | 2500 | 21000 |
| നാരകം | 250 | 10000 | 2500 | 30000 | 3500 | 50000 | 24000 |
| വാഴ | 2000 | 2500 | 6000 | 2500 | 3000 | 3000 | 17000 |
| പേര | 250 | 70000 | 20000 | 30000 | 2000 | 1000 | 150000 |
| പപ്പായ | 20000 | 50000 | 4000 | 3000 | 2000 | 1000 | 15000 |
| കൈതച്ചക്ക | 3500 | 5000 | 3000 | 2000 | 1000 | 1000 | 12000 |
| മറ്റുവിളകൾ | - | 7000 | 4000 | 3000 | 3000 | 3000 | 20000 |

(29) ദേശീയ ബയോഗ്യാസ് വികസനം

| പ്ലാൻെറിൻെറ വലിപ്പം | പട്ടികജാതിവർഗ്ഗങ്ങൾ നാമമാത്രകർഷകർ ചെറുകിട കർഷകർ | മറ്റു കർഷകർ |
|---|---|---|
| 1 ക്യു.മീറ്റർ | 2000 രൂ. | 1500 രൂ. |
| 2 ” | 2400 രൂ. | 1800 രൂ. |
| 3 ” | 2600 രൂ. | 2000രൂ. |

ഫാം എന്നിവിടങ്ങളിൽ നിന്നും വാങ്ങി 50% വിലയ്ക്ക് കർഷകർക്കു വിതരണം നടത്തുന്നു. മാവ്, നാരകം എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ഒന്നാം കൊല്ലം 20% സബ്സിഡി ലഭിക്കും. മാവിൻെറ മൊത്തം ചെലവ് ഹെക്ടറിന് 7500 രൂപയും, വാഴയ്ക്ക് 8500 രൂപയും നാരകത്തിന് 8600 രൂപയും ആയി നിജപ്പെടുത്തിയിരിക്കുന്നു. വാഴയ്ക്കുള്ള ധന സഹായം 1-ാം കൊല്ലം 60% , 2-ാം കൊല്ലം 40% ക്രമത്തിൽ ക്രമത്തിൽ ലഭിയ്ക്കുന്നു.

നിലവിലുള്ള തോട്ടങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് ഹെക്ടറൊന്നിന് 1200 രൂപാ വരെ ലഭിക്കും. സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, അഗ്രിഹോർട്ടി സൊസൈറ്റികൾ മുഖാന്തിരം ചെറുകിട വിത്ത് തോട്ടം സ്ഥാപിക്കുന്നതിന് 20,000 രൂപാ വരെ ധന സഹായം ലഭിക്കുന്നു.

7. മറ്റുവിളകൾ – 7000 4000 3000 3000 20000

(26) കർഷക സംഘങ്ങളിലൂടെ ജൈവവള വികാസം (ജൈവവള നിർമ്മാണം)

1. മൂന്നു രൂപാ സബ്സിഡി നൽകി ജൈവ വളച്ചെടികളുടെ വിത്ത് കർഷകസംഘങ്ങൾ വഴി വിതരണം ചെയ്യുന്നു.

2. വളക്കുഴികൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനമായി 25 രൂപാ

3. ജീവാണു വളത്തിൻെറ പ്രചാരണത്തിനായി പ്രദർശനതോട്ടം സ്ഥാപിക്കുന്ന കർഷകർക്ക് 500 രൂപാ സബ്സിഡി.

(27) വിള ഇൻഷുറൻസ്

ലക്ഷ്യം: വരൾച്ച, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ മുതാലായവ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയിൽ പ്രീമിയം അടയ്ക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നു.

(28) ചെറുകിട കൃഷിത്തോട്ടങ്ങശ യന്ത്രവൽക്കരണം

ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ട്രാക്ടർ, ടില്ലർ, പവർ സ്പ്രേയർ, മെതിയന്ത്രം, വിന്നോവർ എന്നിവ 50% സബ്സിഡിയോടെ ലഭിക്കുന്നു.

*കൃഷിവകുപ്പ് (പദ്ധതികൾ)*

(1) കൃഷിയിൽ പ്ലാസ്റ്റിക്കിൻെറ ഉപയോഗം – 1 (ജലസേചനം)

1. 50% സബ്സിഡി നിരക്കിൽ ഹെക്ടറിന് 15000 രൂപ വരെ സബ്സിഡി.

2. കണിക ജലസേചന പ്രദർശനതോട്ടം നടത്തുന്ന കർഷകന് 25,000 രൂപ സബ്സിഡി.

100% കേന്ദ്രസഹായ പദ്ധതി.

(2) കൃഷിയിൽ പ്ലാസ്റ്റിക്കിൻെറഉപയോഗം – 2

ലക്ഷ്യം: ഗ്രീൻ ഹൗസുകളിലൂടെയുള്ള സസ്യ സംരക്ഷണവും പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക.

ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന നിരക്കിൽ സബ്സിഡി നല്കുന്നു.

| | | |
|---|---|---|
| ചെലവുകുറഞ്ഞ മാതൃക | 3250 രൂപ | (50% ) |
| ഇടത്തരം ചെലവുള്ള '' | 10,000 രൂപാ | (40% ) |
| ചെലവേറിയ മാതൃക '' | 10,000 | (10% ) |

100% കേന്ദ്രസഹായപദ്ധതി.

ജലസേചന വകുപ്പ് (പദ്ധതികൾ)

(1) ക്ലാസ്സ് I പദ്ധതികൾ (ചെറുകിട ജലസേചന ഓഫീസ്)

50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ ജലസേചനം നടത്താവുന്ന സ്ഥലങ്ങൾ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടും. സർക്കാർ ചെലവിൽ പദ്ധതികൾ നടപ്പിലാക്കും.

(2) ക്ലാസ്സ് II പദ്ധതികൾ (ചെറുകിട ജലസേചന ഓഫീസ്)

50 ഹെക്ടറിനു താഴെ ജലസേചനം നടത്താവുന്ന പ്രദേശങ്ങളിൽ നടപ്പാക്കാവുന്ന ഈ പദ്ധതി പൂർണ്ണണമായും സർക്കാർ ചെലവിൽ നടത്തുന്നു.

(3) ലിഫ്ട് ഇറിഗേഷൻ പദ്ധതി (ചെറുകിട ജലസേചന ഓഫീസ്)

40-50 ഹെക്ടർ താഴെ വരെ പമ്പുപയോഗിച്ച് ജലസേചനം നടത്താവുന്നിടങ്ങളിൽ ഈ പദ്ധതി പൂർണ്ണമായും സർക്കാർ ചെലവിൽ നടത്തുന്നു.

# മൃഗസംരക്ഷണം



ഏതാണ്ട് 30 വർഷങ്ങൾക്കു മുൻപു വരെ ഈ പ്രദേശത്തുള്ള മിക്കവാറും എല്ലാ ഭവനങ്ങളിലും നാടൻ പശുക്കൾ ഉണ്ടായിരുന്നു. എന്നാൽ അവയുടെ ശരാശരി ഉല്പാദനം ഒന്നോ രണ്ടോ ലിറ്റർ പാൽ മാത്രമായിരുന്നു. അന്ന് പാലിൻെറ ശരാശരി ഉപഭോഗവും വളരെ പരിമിതമായിരുന്നു. അതു പോലെ തന്നെ അക്കാലത്ത് മിക്കവാറും എല്ലാ ഭവന ങ്ങളിലും മുട്ടയ്ക്കു വേണ്ടി കോഴികളെ വളർത്താ റുണ്ടായിരുന്നു . പുരയിടങ്ങളിൽ തുറന്നു വിട്ട് വളർത്തുന്ന നാടൻ കോഴികളായിരുന്നു അധികവും. പശുക്കൾക്ക് ഭക്ഷണമായി വൈയ്ക്കോലും കാടിയും തവിടും പിണ്ണാക്കും കോഴികൾക്ക് മിച്ച ഭക്ഷണവും കൊടുത്തു വളർത്തുന്ന രീതിയാ യിരുന്നു അന്ന് . ധവള വിപ്ളവത്തിനു ശേഷം ജേഴ്സി, സ്വിസ് ബ്രൗൺ ആദിയായ അത്യുൽപ്പാദനശേഷിയുള്ള പശുക്കൾ വളർത്തപ്പെട്ടു തുടങ്ങി പക്ഷേ, ജനസംഖ്യ വർദ്ധിച്ച തോടുകൂടി ഓരോ കുടുംബത്തിൻെറയും കൈവശമുള്ള വസ്തുക്കളുടെ വിസ്തീർണ്ണം കുറയുകയും കാലിത്തീറ്റയുടെയും മറ്റും ചെലവുകൾ വർദ്ധിക്കു കയും ചെയ്തതിനാൽ കാലിവളർത്തൽ സാധാരണ ക്കാരന് വിഷമകരമായിത്തീർന്നു. അതു കൂടാതെ ഇതര ജോലി കളിലേർപ്പെടുന്ന സാധാരണ ക്കാർക്ക് അത്യുൽപ്പാദനശേഷിയുള്ള പശുക്കൾക്ക് ആവശ്യമായ സംരക്ഷണ- ശുശ്രൂഷകൾക്കു വേണ്ടി ചെലവഴിക്കാൻ വേണ്ട സമയവും പരിമിതമായി. എന്നാൽ പൊതുജനങ്ങളുടെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും ഉയർന്നതോടെ പാൽ,മുട്ട, മാംസം എന്നിവയുടെ ഉപഭോഗം വളരെ യധികം വർദ്ധിച്ചിട്ടുണ്ട്. ഇന്ന് പഞ്ചായത്തിൽ ആവശ്യമായ പാലിൻെറ 50% മിൽമ, മലനാട് മുതലായ ക്ഷീര വിതരണ ഏജൻസികൾ വഴിയാണ് എത്തുന്നത്. കോഴിമുട്ട, താറാവിൻ മുട്ട, മാംസത്തിനാ വശ്യമായ മാട് എന്നിവ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്.

ഈ പരിതസ്ഥിതിയിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം. വളരെ പ്രാധാന്യമർഹിക്കുന്നു.

## ഗ്രാമസഭകളിൽ ഉന്നയിച്ച ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. മൃഗാശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് സൗകര്യമുണ്ടാക്കുക .

2.ഒരു മൊബൈൽ മൃഗസംരക്ഷണ ക്ളിനിക്ക് പഞ്ചായത്തിൽ ഏർപ്പെടുത്തുക .

3. കൃത്രിമ ബീജസങ്കലനത്തിന് മൃഗാശു പത്രിയിൽ സൗജന്യ നിരക്കിൽ സൗകര്യമുണ്ടാക്കുക .

4. മൃഗാശുപത്രിയിൽ രോഗ പ്രതിരോധത്തിന് ഉൾപ്പെടെ ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുക .

5. മൃഗാശുപത്രിയുടെ ഒരു സബ് -സെൻറർ മേലുകരഭാഗത്ത് സ്ഥാപിക്കുക .

6 . ക്ഷീര വികസന വകുപ്പിൻെറ ഒരു ഓഫീസ് കോഴഞ്ചേരിയിൽ സ്ഥാപിക്കണം .

7. ക്ഷീര വികസനത്തിനും മുട്ടയുൽ പാദനത്തിനും വേണ്ടി ബോധവൽക്കരണ സെമിനാറുകളും മറ്റും നടത്തണം .

8 .ഉത്പാദന ക്ഷമതയുള്ള പശുക്കളെയും കോഴികളെയും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം .

9 . കന്നുകാലിത്തൊഴുത്തു നിർമാണത്തിന് സഹായങ്ങൾ നല്കുക .

10.തീറ്റപ്പുൽ കൃഷി ചെയ്യുവാൻ പ്രോത്സാഹനം നല്കുക .

11.പശു, എരുമ, ഇവയെ കറക്കാനുള്ള ലഘു യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

12.കാലിവളർത്തൽ, കോഴി വളർത്തൽ സഹകരണ-സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുക

13.കോഴഞ്ചേരി ഈസ്റ്റ് ക്ഷീരോൽപാദക സംഘം പുനർജീവിപ്പിക്കണം

14. കന്നുകാലി പ്രദർശനം വർഷത്തിലൊരിക്കൽ നടത്തി പോത്സാഹനസമ്മാനങ്ങൾ നല്കുക

## നിർദ്ദേശങ്ങൾ

1. മൃഗാശുപത്രി

മൃഗാശുപത്രിയ്ക്ക് സ്വന്തമായി ഒരു ആസ്ഥാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു

(1) ആവശ്യത്തിന് വെള്ളം ,വൈദ്യുതി ഇവ ലഭ്യമാകണം .

(2) പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ സ്ഥലമായിരിക്കണം .

(3) ടെലിഫോൺ സൗകര്യം അനിവാര്യമാണ് .

(4) ലൈബ്രറിയോടുകൂടിയ കോൺഫറൻസ് ഹോൾ

(5) മേൽക്കൂരയോടു കൂടിയ ട്രെവിസ്. (ഇടുക്കുകൂട്)

(6) ഓപ്പറേഷൻ തിയേറ്റർ, ഇലക്ട്രിക് സ്റ്റെറിലൈസർ .

(7) ലാബറട്ടറി സൗകര്യം, ലാബറട്ടറി ടെക്നിഷൻ .

(8) 24 മണിക്കൂർ വെറ്ററിനറി സർജൻെറ വിദഗ്ദസഹായം ഉറപ്പുവരുത്തുന്നതിന് മൃഗാശുപത്രിയോടു ചേർന്ന് ക്വാർട്ടേഴ്സ് അനിവാര്യമാണ്.

(9) മൃഗങ്ങളെ വീടുകളിൽ ചെന്ന് പരിശോധിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും വാഹന സൗകര്യം.

**2. ജില്ലാ തലത്തിൽ പേവിഷബാധ നിർണ്ണയ സൗകര്യങ്ങൾ ഉൾപ്പെടെ അത്യാധുനിക ലാബറട്ടറി വേണം.**

**3. കമ്പോളത്തിൽ ലഭ്യമായ കാലിത്തീറ്റയുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് ജില്ലാ ആസ്ഥാനത്ത് സംവിധാനം ഉണ്ടാകണം.**

**4.അകിടുവീക്കരോഗനിർണ്ണയത്തിനുള്ള കിറ്റ് സൗജന്യനിരക്കിൽ കർഷകർക്കു വിതരണം ചെയ്യേണ്ടതാണ്.**

**5. ഒന്നോ രണ്ടോ പശുക്കൾ ഉള്ളവർക്കുപോലും ഉപയോഗയോഗ്യമായ അധികവില ഇല്ലാത്ത ചെറുകറവയന്ത്രങ്ങൾ കാർഷിക എൻജിനിയറിംഗ് കോളേജിൻെറ സഹായത്തോടെ വികസിപ്പിച്ചെടു ക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണം.**

6. പേവിഷ നിയന്ത്രണം

പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കളെയും പ്രതിരോധകുത്തിവയ്പിന് വിധേയമാക്കി ലൈ സൻസ് നൽകേണ്ടതാണ്. ലൈസൻസില്ലാത്തവയേയും തെരുവു നായ്ക്കളെയും പിടിച്ചു നശിപ്പിക്കണം

പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തണം. പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെപ്പ് സൗജന്യ നിരക്കിൽ നല്കുവാൻ ക്രമപ്പെടുത്തണം.

7.കന്നുകാലി

സമീപ പഞ്ചായത്തുകളുമായി ചേർന്ന് നല്ല രീതിയിൽ കന്നുകാലിച്ചന്ത നടത്തുന്നതിന് നടപടി സ്വീകരിക്കണം. ഇതു കന്നുകാലി വ്യാപാരത്തെ സഹായിക്കും. ചന്തയിൽ പങ്കെടുക്കുന്ന കർഷകർ പഞ്ചായത്തിന് കമ്മറ്റി നിശ്ചയിക്കുന്ന കരം നൽകേണ്ടതാണ്

8.അറവുശാല

ശുദ്ധമായ മാംസം ഉത്പാദിപ്പിക്കുന്നതിന് ആധുനിക രീതിയിലുള്ള അറവുശാല നിർമ്മി ക്കുകയും മാംസ പരിശോധന നിർബന്ധമാക്കുകയും ചെയ്യണം.

## ഉത്പാദനമേഖല

1.പാലുല്പാദനം മെച്ചപ്പെടുത്താൻ

*(1) കന്നുകാലി വളർത്തൽ*

a)ഇത് ഉപതൊഴിലായി സ്വീകരിച്ചവർക്ക് ഉത്പാദന ക്ഷമതയുള്ള കറവപ്പശുക്കളെയും എരുമകളെയും വാങ്ങുവാൻ സാമ്പത്തിക സഹായം നല്കുക.

b) എല്ലാ കറവ പശുക്കൾക്കും എരുമകൾക്കും സൗജന്യനിരക്കിൽ കന്നുകാലിത്തീറ്റയുംയും മിനറൽ മിക്സ്ചറുകളും നല്കുവാൻ നടപടി സ്വീകരിക്കുക.

c)ഉത്പാദനശേഷിയുള്ള കന്നുകാലികളെ സൃഷ്ടിക്കുന്നതിന് എല്ലാ സങ്കരവർഗ്ഗ പശു ക്കിടാങ്ങളെയും ''കാഫ് സബ്സിഡി'' സ്കീമിൽ ഉൾപ്പെടുത്തുക.

*(2) ആടു വളർത്തൽ*

a)ഉത്പാദന ക്ഷമതയുള്ള സങ്കരയിനം ആട്ടിൻ കുട്ടികളെ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യണം

b)ബീജസങ്കലനത്തിനു വേണ്ടി മേൽത്തരം മുട്ടാടുകളെ ഓരോ വാർഡിലും തെരഞ്ഞെടുത്ത കർഷകർക്ക് വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

c)സമൂഹത്തിലെ ദുർബലരായ ആളുകൾക്ക് ആടുകളെ വാങ്ങുവാൻ ധനസഹായം നല്കുക.

2 മുട്ടയുൽപാദനം

*(1) മുട്ടക്കോഴി വളർത്തൽ*

മേൽത്തരം മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യണം.

എല്ലാ വീടുകളിലും അടുക്കള മുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

*(2) താറാവു വളർത്തൽ*

താറാവു കർഷകർക്ക് സൗജന്യനിരക്കിൽ താറാവു കുഞ്ഞുങ്ങളെ നല്കി ഈ തൊഴിലിനെ പ്രോത്സാഹിപ്പിക്കണം. താറാവു മുട്ടയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ ശ്രമിക്കേണ്ടതാണ്. ധാരാളം പാടങ്ങളുള്ളതിനാൽ ഈ പ്രദേശം താറാവു കൃഷിയ്ക്ക് അനുയോജ്യമാണ്.

*(3) കാട വളർത്തൽ*

ചെറിയ കൂടുകളിൽ വളർത്താവുന്നവയും രോഗ പ്രതിരോധ ശക്തിയുള്ളതുമായ ഈ പക്ഷിയുടെ മുട്ട ആസ്തമാ രോഗത്തിന് ഉത്തമമാണെന്ന് പറയപ്പെടുന്നു. കാടകുഞ്ഞുങ്ങളെ ചെങ്ങന്നൂർ സർക്കാർ ഹാർച്ചറിയിൽ ലഭ്യമാണ്. കാടവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. മാംസ ഉത്പാദനം

*(1) മൂരിക്കിടാങ്ങളെ വാങ്ങുന്നതിന് വായ്പാ സൗകര്യങ്ങൾ നല്കുക.*

*(2) എല്ലാ മൂരിക്കിടാങ്ങൾക്കും സൗജന്യ നിരക്കിൽ കന്നുകാലിത്തീറ്റയും മിനറൽ ഓയിലും നല്കുക.*

(3) ആട്ടിൻ കുട്ടികളെ വാങ്ങുന്നതിന് വായ്പാ സൗകര്യങ്ങൾ നല്കുക.

(4)ഇറച്ചിക്കോഴികളെയും ഇറച്ചിക്കുവേണ്ടിയുള്ള താറാവുകളെയും വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

(5)ഇറച്ചിയ്ക്കു വേണ്ടി കാട, മുയൽ മുതലായവയെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുക.

(6) ശീമ പന്നിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും ശാസ്ത്രീയമായ രീതിയിൽ നല്കുകയും ചെയ്യണം.

തേനീച്ച വളർത്തൽ

ഇത് ഒരു അധിക വരുമാന മാർഗ്ഗമായി സ്വീകരിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം.സൗജന്യ നിരക്കിൽ തേനീച്ചപ്പെട്ടികൾ കർഷകർക്ക് വിതരണം ചെയ്യണം.

അലങ്കാരപ്പക്ഷി വളർത്തൽ

ഇത് വ്യാപാരാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

# 2. മൃഗസംരക്ഷണവും കോഴിവളർത്തലും

### പട്ടിക – 1

### പഞ്ചായത്തിലെ വളർത്തു മൃഗസംഖ്യ

(1991 സെൻസസ് പ്രകാരം)

| വാർഡ് | കാള | പശു (സങ്കരം) | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| | നാടൻ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | | 18 | 32 | | | 2 | 19 | 62 |
| 2 | | 32 | 4 | 1 | 2 | | 20 | 117 |
| 3 | 2 | 39 | 77 | | | | 46 | 103 |
| 4 | 2 | 60 | 65 | | | | 31 | 201 |
| 5 | | 48 | 160 | | | | 26 | 74 |
| 6 | | 54 | 43 | | | | 94 | 200 |
| 7 | | 24 | 34 | | | | 20 | 35 |
| 8 | | 98 | 198 | | | | 67 | 263 |
| ആകെ | 4 | 373 | 613 | 1 | 2 | 2 | 323 | 1055 |

### പട്ടിക – 2

### വളർത്തു പക്ഷി സംഖ്യ

(1991 സെൻസസ് പ്രകാരം)

| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ടഇടാത്തത് | ആൺ | പെൺ |
| 1 | 111 | 173 | 126 | 102 | 198 |
| 2 | 175 | 312 | 263 | | |
| 3 | 39 | 355 | 125 | | |
| 4 | 180 | 360 | 177 | | |
| 5 | 112 | 590 | 112 | | |
| 6 | 341 | 860 | 508 | 120 | 200 |
| 7 | 200 | 320 | 184 | | |
| 8 | 150 | 210 | 80 | | |
| ആകെ | 1308 | 3180 | 1575 | 222 | 398 |

### കോഴഞ്ചേരി പഞ്ചായത്തിലെ 1996 ൽ നടത്തിയ 15–ാമത് കന്നുകാലി സെൻസസ് അനുസരിച്ചുള്ള മൃഗസമ്പത്ത്

| | | |
|---|---|---|
| 1. | Cattle | 1150 |
| 2. | Buffaloe | 8 |
| 3. | Goat | 430 |
| 4. | Poultry | 9015 |
| 5. | Duck | 392 |
| 6. | Pig | 75 |
| 7. | Dog | 1175 |

### പട്ടിക – 4
### പേവിഷബാധ – പ്രതിരോധവും ചികിത്സയും

| | |
|---|---|
| പ്രതിരോധ കുത്തിവയ്പു നൽകിയ പട്ടികളുടെ എണ്ണം | 296 |
| കടിയേറ്റതിനു ശേഷം കുത്തിവയ്പു നടത്തിയ പട്ടികളുടെ എണ്ണം | 65 |

# മൃഗ പരിപാലനം
# നടപ്പു പദ്ധതികൾ

## വകുപ്പ്: മൃഗസംരക്ഷണം

1. പദ്ധതിയുടെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

*ലക്ഷ്യം :* - ഉയർന്ന ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. ആദ്യപ്രസവം 30–ാം മാസത്തിനുള്ളിൽ സാധ്യമാക്കുക. ഗുണമേൻമയുള്ള കാലിത്തീറ്റ പകുതി വിലയ്ക്ക് നൽകുക. പ്രതിരോധ കുത്തിവയ്പുകളും വിരമരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കുക. ഇൻഷ്വറൻസ് സുരക്ഷ നൽകുക.

ഗുണഭോക്താവ് :

പ്രതിമാസ വരുമാനം 900 രൂപയിൽ കവിയാത്ത കർഷകൻ (10% പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 30% വനിതകൾക്കും പ്രാതിനിധ്യം വേണം.) ഗുണഭോക്താവ് പാൽസഹകരണ സംഘത്തിൽ അംഗമായിരിക്കുന്നതിന് അഭികാമ്യം.

ലഭിക്കുന്ന സഹായം :

ഒരു കർഷകന് പരമാവധി 4400 രൂപ സബ്സിഡി ആവശ്യമുള്ള കർഷകർക്ക് ഒരു വർഷത്തെ തീറ്റ സബ്സിഡി തുക ബാങ്കുകളിൽ നിന്ന് ലഭിക്കും.

മാനേജീരിയൽ സബ്സിഡിയായി കന്നുകുട്ടി ഒന്നിന് പ്രതിമാസം 66 പൈസ വീതം തീറ്റ വിതരണം ചെയ്യുന്ന സംഘത്തിന് ലഭിക്കും. വെറ്റിനറി സർജൻ/ വെറ്റിനറി സർജൻ കാഫ് ഫീഡ് സബ്സിഡി.

ആരെ സമീപിക്കണം : ഗ്രാമ പഞ്ചായത്ത്/ വെറ്റിനറി സർജൻ

*മറ്റു വിവരങ്ങൾ :*

കന്നുകുട്ടികളെ തിരഞ്ഞെടുക്കുമ്പോൾ പ്രായത്തിലും ഇനത്തിലും കൂടുതൽ നിഷ്കർഷത പാലിക്കുക. കർശനമായി മൂന്നു മാസം കൂടുമ്പോൾ ആരോഗ്യ പരിശോധന നടത്തുക.

1. പദ്ധതിയുടെ പേര് : പേവിഷ നിർമ്മാർജ്ജന പദ്ധതി

ലക്ഷ്യം:- ഘട്ടം ഘട്ടമായി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക. പേവിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലയ്ക്ക് വിതരണം ചെയ്യുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തുനായ്ക്കളെ പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.

ലഭിക്കുന്ന സഹായം : മൃഗാശുപത്രികളിലൂടെ വാക്സിൻ ലഭിക്കുന്നു.

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം :

പേവിഷ ബാധയെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുക. പഞ്ചായത്തു തലത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, ശ്വാനപ്രദർശനങ്ങൾ, പ്രസംഗമത്സരങ്ങൾ, ക്വിസ് പ്രോഗ്രാം മുതലായവ നടത്തുക. പഞ്ചായത്തു തലത്തിൽ തെരുവു നായ്ക്കളെ ഇല്ലായ്മ ചെയ്യുക. കുത്തി വെയ്പിനും ലൈസൻസ് നൽകുന്നതിനുമുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുക.

3. പദ്ധതിയുടെ പേര് : കാലിവസന്ത നിർമ്മാർജ്ജന പദ്ധതി (ഓപ്പറേഷൻ റിൻഡർപെസ്റ്റ് സീറോ)

ലക്ഷ്യം :- കാലിവസന്ത രോഗ നിർമ്മാർജ്ജനത്തിനുള്ള ആഗോള പരിപാടിയുടെ ഭാഗം. എല്ലാ ജില്ലകളിലും രോഗാന്വേഷണ സർവ്വേകളും രോഗനിർമ്മാർജ്ജന പ്രചരണ പരിപാടികളും നടപ്പാക്കൽ. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ വീടുവീടാന്തരം കയറി 100% പ്രതിരോധ കുത്തിവെയ്പു നടത്തൽ. സിറം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കു വിധേയമാക്കൽ.

ലഭിക്കുന്നസഹായം : കർഷകർക്ക് ആടുമാടുകളെ സൗജന്യമായി കുത്തിവയ്പിക്കാം. (വരുമാന പരിധിയില്ല.)

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

ഏത് ഏജൻസി / ഏത് തട്ട് : ജില്ലാ പഞ്ചായത്ത് / ജില്ലാ വെറ്റിനറി ആഫീസർ

മറ്റു വിവരങ്ങൾ : 100% കേന്ദ്ര സഹായം.

*4. പദ്ധതിയുടെ പേര് : ഊർജ്ജിത പന്നി വളർത്തൽ വികസന പരിപാടി*

*ലക്ഷ്യം :* പന്നിയിറച്ചിയുടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കൽ

ലഭിക്കുന്ന സഹായം : 5 പെൺപന്നികളും ഒരു ആൺപന്നിയുമടങ്ങിയ ഒരു യൂണിറ്റ് പകുതി വിലയ്ക്ക് ലഭിക്കും. (പരമാവധി 1200 രൂപാ സബ്സിഡിയായി ലഭിക്കും.) പന്നിക്കൂട് നിർമ്മാണത്തിനായി 50% സബ്സിഡി ലഭിക്കും. (പരമാവധി 7000 രൂപ.) തൊട്ടടുത്ത മൃഗസംരക്ഷണത്തിൽ കേന്ദ്രത്തിൽ നിന്ന് പന്നികൾക്ക് വൈദ്യ സഹായം ലഭിക്കും.

ഗുണഭോക്താവിന്റെ ഉപയോഗം കഴിഞ്ഞ് ബാക്കിയുള്ള പന്നിക്കുഞ്ഞുങ്ങളെ സർക്കാർ നിരക്കിൽ വകുപ്പിന്റെ കീഴിലുള്ള പദ്ധതി നടത്തിപ്പിന് ഉപയോഗപ്പെടുത്താം.

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

*5. പദ്ധതിയുടെ പേര് : ഊർജ്ജിത പന്നി വളർത്തൽ വികസന പരിപാടി*

ലക്ഷ്യം:- മാംസാവശ്യത്തിനായി ഗുണമേന്മയുള്ളതും പെട്ടെന്ന് തടി വയ്ക്കുന്നതുമായ പന്നികളുടെ വ്യാപനം.

ലഭിക്കുന്ന സഹായം :- ഒരു ഗുണഭോക്താവിന് രണ്ട് പന്നിക്കുഞ്ഞുങ്ങൾ വീതം വീട്ടിൽ എത്തിച്ചു കൊടുക്കുന്നു. 25% സബ്സിഡി (ഓരോ പന്നിക്കും പരമാവധി 100 രൂപ.)

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

*6. പദ്ധതിയുടെ പേര് : ആടുവളർത്തൽ*

ലക്ഷ്യം :- മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്രജനനാവശ്യത്തിനുള്ള ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

ഗുണഭോക്താവ് : ഗുണഭോക്താക്കളിൽ 30% പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും 30% വനിതകൾക്കും ആയിരിക്കണം.

ലഭിക്കുന്ന സഹായം : ആവശ്യമുള്ളത്ര ആൺ ആടിന്റെയും പെൺ ആടിന്റെയും കുഞ്ഞുങ്ങളെ (8 മാസം മുതൽ 9 മാസം പ്രായം) ഗുണഭോക്താവിന് നൽകുന്നു.

ഒരു യൂണിറ്റ് എന്നത് രണ്ട് മലബാറി ആട്ടിൻകുട്ടികളാണ് (ഇത്തരത്തിലുള്ള ഓരോ അഞ്ച് യൂണിറ്റിനും ഒരു മലബാറി ആൺ ആടിനെ നൽകുന്നു.)

ഉപഭോക്താവിന് പെൺ ആടിന് ഒന്നിന് 50% സബ്സിഡി (പരമാവധി 350 രൂപ)

ഇൻഷ്വറൻസ് സംരക്ഷണത്തിനായി പ്രീമിയത്തിന്റെ 50% സബ്സിഡി (പരമാവധി ആടൊന്നിന് 40 രൂപാ) യും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ആട്ടിൻകുട്ടികളും ഇൻഷ്വറൻസും സൗജന്യമായി ലഭിക്കും.

ആരെ സമീപിക്കണം : ജില്ലാ പഞ്ചായത്ത്

*7. പദ്ധതിയുടെ പേര് : കന്നുകാലി പ്ലേഗു നിർമ്മാർജ്ജനം* (1965 - ൽ ആരംഭിച്ച പദ്ധതിയുടെ തുടർച്ച)

*ലക്ഷ്യം :-* രോഗപ്രതിരോധ കുത്തവയ്പു നൽകൽ

ലഭിക്കുന്ന സഹായം : കന്നുകാലി പ്ലേഗു രോഗത്തിനെതിരെയുള്ള കുത്തിവയ്പ്,ചെക്കു പോസ്റ്റുകളിൽ കുത്തിവയ്പ്.

ആരെ സമീപിക്കണം : ബന്ധപ്പെട്ട വെറ്റിനറി സർജൻ / ചെക്കുപോസ്റ്റുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ

ഏത് ഏജൻസി / ഏത് തട്ട് : സംസ്ഥാനം

*8. പദ്ധതിയുടെ പേര് : കാലിരോഗ വിമുക്ത മേഖലാ പദ്ധതി*

*ലക്ഷ്യം :* കേന്ദ്രസഹായത്തോടെ കന്നുകാലി രോഗവിമുക്ത മേഖല സ്ഥാപിക്കൽ - പ്രത്യേകിച്ച് കുളമ്പു രോഗം.

ലഭിക്കുന്ന സഹായം : തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ കുളമ്പുരോഗത്തിനെതിരേ സൗജന്യ കുത്തിവയ്പു നടത്തുന്നു.

ആരെ സമീപിക്കണം : അടൂർ, പുനലൂർ, നെടുമങ്ങാട് ടിസീസ് ഫ്രീസോൺ ഓഫീസുകൾ / വെറ്റിനറി സർജൻ

ഏത് ഏജൻസി / ഏത് തട്ട് : സംസ്ഥാനം

*9. പദ്ധതിയുടെ പേര് : സ്വകാര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും തീറ്റ ഉത്പാദനവും*

*ലക്ഷ്യം :-* സ്വകാര്യ മേഖലയിൽ മുട്ടവിരിയൽ കേന്ദ്രങ്ങളും കോഴിവളർത്തൽ യൂണിറ്റുകളും പ്രോത്സാഹിപ്പിച്ച് ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് ന്യായവിലയ്ക്ക് ഗ്രാമപ്രദേശങ്ങളിൽ എത്തിക്കൽ

ലഭിക്കുന്ന സഹായം :- ന്യായവിലയ്ക്ക് കോഴിക്കുഞ്ഞുങ്ങൾ, 1000 കാളക്കുട്ടി വളർത്തൽ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം മാംസ ഉത്പാദനം ലക്ഷ്യമാക്കി തുടങ്ങിയ യൂണിറ്റുകൾക്ക് വില്പന സൗകര്യം.

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

*10. പദ്ധതിയുടെ പേര് : ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ*

*ലക്ഷ്യം :-* കർഷകർക്ക് നല്ലയിനം സങ്കര ജനുസ്സിൽ പെട്ട കന്നുകുട്ടികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

ലഭിക്കുന്ന സഹായം : ഉരുക്കൾക്ക് കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാകും.

ആരെ സമീപിക്കണം : ജില്ലാ മൃഗസംരക്ഷണ ഓഫീസർ, മൃഗസംരക്ഷണവകുപ്പിന്റെ പദ്ധതിയാണ്.

*11. പദ്ധതിയുടെ പേര് : വിജ്ഞാന വ്യാപനവും പരിശീലനവും*

ലക്ഷ്യം:-- സംസ്ഥാനത്തു മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ നാലു ട്രെയിനിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വർഷത്തിൽ 6000 പേർക്ക് വിവിധ തരം മൃഗസംരക്ഷണ പരിപാടികളിൽ പരിശീലനം നൽകുന്നു.

ഗുണഭോക്താവ് : കൃഷിക്കാർ, പാരാവെറ്റിനറി ഉദ്യോഗസ്ഥന്മാർ സ്ത്രീകൾ, പട്ടികജാതി പട്ടിക

വർഗ്ഗക്കാർ, തൊഴിൽ രഹിത യുവാക്കൾ, സർവ്വീസിൽ നിന്നും വിരമിച്ചവർ.

ആരെ സമീപിക്കണം : ജില്ലാ വെറ്റിനറി ഓഫീസർ

ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് : ഗുണഭോക്താക്കളുടെ ആവശ്യവും അറിവില്ലായ്മയും മനസ്സിലാക്കി അത് മെച്ചപ്പെടുത്തുന്നതിനുള്ള രീതിയിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

*12. പദ്ധതിയുടെ പേര് : കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ*

*ലക്ഷ്യം :* ദേശീയ പ്രാധാന്യമുള്ള കന്നുകാലി രോഗങ്ങൾ, കുളമ്പു രോഗങ്ങൾ എന്നിവയ്ക്ക് എതിരായി വ്യാപകമായ തോതിൽ കുത്തിവയ്പ് നടത്തി തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളെ രോഗവിമുക്തമാക്കുന്നതിനും ഘട്ടം ഘട്ടമായി ഇത് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന തിനുമുള്ളതാണ് പരിപാടി.

ആരെ സമീപിക്കണം : പഞ്ചായത്ത് തലത്തിലെ വെറ്റിനറി സർജൻ, ഇത് 50% കേന്ദ്രസഹായമുള്ള പദ്ധതിയാണ്.

*13. പദ്ധതിയുടെ പേര് : മൃഗചികിത്സയും മൃഗാരോഗ്യവും*

ലക്ഷ്യം : ഈ പരിപാടിയിൽ പേവിഷ ബാധ നിർമ്മാർജ്ജനം, സങ്കരയിനം പശുക്കുട്ടികൾക്ക് വിര പ്രതിരോധ കുത്തിവയ്പ്, ഓരോ പഞ്ചായത്തിലും ഗോരക്ഷാ ക്യാമ്പുകൾ, പ്രകൃതി ക്ഷോഭത്തെ തുടർന്ന് ഉണ്ടാകാവുന്ന അസുഖങ്ങൾക്ക് നിയന്ത്രണം എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ആരെ സമീപിക്കണം : ജില്ലാ പഞ്ചായത്ത് വെറ്റിനറി സർജൻ

*14. പദ്ധതിയുടെ പേര് : മുയൽ വളർത്തൽ വ്യാപകമാക്കാനുള്ള പരിപാടി*

ലക്ഷ്യം:- ഡിപ്പാർട്ടുമെൻറ് ഫാമുകളിൽ മുയൽ വളർത്തൽ വ്യാപകമാക്കി താല്പര്യമുള്ള കർഷകന് ന്യായമായ വിലയ്ക്ക് വിതരണം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഇറച്ചിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ളതാണ് പദ്ധതി.

ആരെ സമീപിക്കണം : പഞ്ചായത്ത് വെറ്റിനറി സർജൻ. വെറ്റിനറി കെയർ സൗജന്യമായി ചെയ്തു കൊടുക്കുകയും ചെയ്യുക. 50% കേന്ദ്രസഹായം.

## വകുപ്പ് : കോഴി വളർത്തൽ കേന്ദ്രങ്ങൾ

*1. പദ്ധതിയുടെ പേര് : കോഴിയുത്പാദന വികസനം*

*ലക്ഷ്യം :* മുട്ടക്കോഴികളുടെ ഉത്പാദനം വർദ്ധിപ്പിക്കൽ

ലഭിക്കുന്ന സഹായം : ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന മുട്ട ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ.

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

ഏത് ഏജൻസി / ഏത് തട്ട് : ഗ്രാമപഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് / വെറ്റിനറി സർജൻ

മറ്റു വിവരങ്ങൾ :കോഴി വളർത്തൽ കേന്ദ്രങ്ങളിൽ ഭൂരിഭാഗവും ജില്ലാ പഞ്ചായത്തിൻെറ നിയന്ത്രണത്തിലാണ്.

*2. പദ്ധതിയുടെ പേര് : വീട്ടുവളപ്പിലെ കോഴി വളർത്തൽ*

*ലക്ഷ്യം :* ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ബ്ലോക്കുകളിൽ നിന്നായി ആകെ 6000 ഗുണഭോക്താക്കളെ കോഴി വളർത്തലിനായി കണ്ടെത്തുക.

ഗുണഭോക്താവ് : ഗുണഭോക്താക്കളിൽ 30% പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 50% വനിതകളുമായിരിക്കണം.

ലഭിക്കുന്ന സഹായം:- 60 ദിവസം പ്രായമുള്ള 5 പിടക്കോഴികളുടെ യൂണിറ്റിന് ഓരോ കോഴിക്കും 15 രൂപാ സബ്സിഡി. കോഴിക്കുഞ്ഞുങ്ങളെ ഗുണഭോക്താവിൻെറ വീട്ടുപടിക്കൽ എത്തിക്കുക.

ആരെ സമീപിക്കണം : വെറ്റിനറി സർജൻ

*3. പദ്ധതിയുടെ പേര് : താറാവു കൃഷി വികസനം*

*ലക്ഷ്യം :*-വീട്ടുവളപ്പിലെ താറാവു കൃഷി വിപുലീകരിക്കുവാനായി ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിലായി 1000 താറാവു യൂണിറ്റുകൾ സ്ഥാപിക്കുക.

ലഭിക്കുന്ന സഹായം : ഒരു മാസം പ്രായമുള്ള താറാവു കുഞ്ഞുങ്ങളെ 50% സബ്സിഡി നിരക്കിൽ നൽകും.

താറാവ്ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ, താറാവൊന്നിന് 50 പൈസ വീതം സബ്സിഡി ലഭിക്കും. (50 ൽ കുറയാത്ത താറാവുകൾ ഉള്ളവർക്ക് മാത്രം.)

ആരെ സമീപിക്കണം : തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വെറ്റിനറി സർജൻ

ഏത് ഏജൻസി / ഏത് തട്ട് : ജില്ലാ പഞ്ചായത്ത്.

## വകുപ്പ് : ക്ഷീരവികസനം

*1. പദ്ധതിയുടെ പേര് : കർഷക സമ്പർക്ക പരിപാടി*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

*ലക്ഷ്യം :* ക്ഷീരവികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

ക്ഷീര ഉത്പാദകരുടെ സംശയങ്ങൾ ദുരീകരിക്കുക. പ്രായോഗിക പരിശീലനം ലഭ്യമാക്കുക.

ഗുണഭോക്താവ് : ക്ഷീര കർഷകർ

ലഭിക്കുന്ന സഹായം : സഹകരണ സംഘങ്ങൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവടങ്ങളിൽ 30 കർഷകരുടെ യോഗം സംഘടിപ്പിക്കുവാൻ 200 രൂപാ ധനസഹായം

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*2. പദ്ധതിയുടെ പേര് : ക്ഷീരോത്പാദന നിർമ്മാണ പ്രദർശനം*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

*ലക്ഷ്യം:* പാലിൻെറ ഉത്പാദനം കൂടുതൽ ആദായകരമാക്കിത്തീർക്കുക.

ക്ഷീരോത്പന്നങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കി എടുക്കുക.

ഗുണഭോക്താവ് : തൊഴിൽ രഹിതരായ യുവതികൾ

ലഭിക്കുന്ന സഹായം :വനിതാ സംഘടനകൾ, മഹിളാ സമാജങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ വച്ച് ക്ഷീരോത്പാദന നിർമ്മാണ പരിശീലനം സംഘടിപ്പിക്കന്നതിന് 100 രൂപാ സഹായ ധനം.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*3. പദ്ധതിയുടെ പേര് : ജില്ലാതല കന്നുകാലി പ്രദർശനം*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

ലക്ഷ്യം :- കർഷകർ തമ്മിൽ ആശയ വിനിമയം നടത്താനുള്ള അവസരം സൃഷ്ടിക്കുക. നല്ല ഉരുക്കളെ തിരിച്ചറിയാൻ സഹായിക്കുക. സ്വന്തം ഉരുക്കളെ വിലയിരുത്താൻ അവസരമുണ്ടാക്കുക. ക്ഷീരവികസന രംഗത്തെ പുതി ശാസ്ത്രീയ വളർച്ച കൃഷിക്കാരിൽ എത്തിക്കുക. ഈ രംഗത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞർക്ക് കർഷകരുമായി സംവാദിക്കാനുള്ള വേദിയൊരുക്കുക.

ലഭിക്കുന്ന സഹായം : കന്നുകാലി പ്രദർശനവും സെമിനാറും നടത്തുന്നതിന് 600 രൂപാ ജില്ലാതല കന്നുകാലി പ്രദർശനംസംഘടിപ്പിക്കുന്നതിന് 6000 രൂപാ ധനസഹായം.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*5. പദ്ധതിയുടെ പേര് : ക്ഷീരോത്പാദന നിർമ്മാണ പ്രദർശനം*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

*ലക്ഷ്യം:-* മെച്ചപ്പെട്ട മാനേജ്മെൻറ് രീതികൾ അവലംബിച്ചുള്ള പശു വളർത്തൽ മാതൃകാപരമായി നടത്തുന്നതിലൂടെ മറ്റു കർഷകർക്കു മാർഗദർശിത്വം നൽകുക.

ലഭിക്കുന്ന സഹായം :- രണ്ടു പശുക്കളെ വാങ്ങിക്കുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും 7000 രൂപാ വരെ സഹായം.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശം : ശാസ്ത്രീയമായ പശുവളർത്തൽ നടപ്പാ ക്കുക.

50 സെൻറ് സ്ഥലത്തിൽ കുറയാതെ തീറ്റപ്പുൽ കൃഷി നടത്തുക.

ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് അഭികാമ്യം.

*6. പദ്ധതിയുടെ പേര് : മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

ഗുണഭോക്താവ് : ക്ഷീരകർഷകർ.

**ലഭിക്കുന്ന സഹായം** : രണ്ട് ഉരുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കാൻ 1250 രൂപ ധനസഹായം.

**ആരെ സമീപിക്കണം** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശം :*

ശുദ്ധമായ പാലുത്പാദനത്തേയും സാധാരണ പശുക്കളെ ബാധിക്കുന്ന രോഗങ്ങളെയും കുറിച്ച് ബോധവത്കരണം കൂടി നടപ്പിലാക്കുക.

*7. പദ്ധതിയുടെ പേര് : ശുദ്ധമായ പാലുത്പാദിപ്പിക്കാൻ കിറ്റ്*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

ഗുണഭോക്താവ് : ക്ഷീരകർഷകർ

**ലഭിക്കുന്ന സഹായം** :നാമമാത്രമായ വിലയ്ക്ക് അണുനാശകങ്ങളും പശുക്കളെ വൃത്തിയാക്കാനുള്ള ഉപകരണങ്ങളും അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നു. ഒരു കിറ്റിന് 10 രൂപ വിലയ്ക്ക് (യഥാർത്ഥ വില 50 രൂപ)

**ആരെ സമീപിക്കണം** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*8. പദ്ധതിയുടെ പേര് : വിജ്ഞാന വ്യാപന പരിപാടികൾ*

**ലഭിക്കുന്ന സഹായം** :ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർമാർ / ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ സേവനം ജില്ലാ ഓഫീസിലെ പ്രോജക്ടർ / വീഡിയോ എന്നിവ ഉപയോഗിച്ച് സൗജന്യമായി സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിക്കാം. ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റിൽ നിന്നും ലഘുലേഖകൾ / പോസ്റ്ററുകൾ എന്നിവ സൗജന്യമായി ലഭിക്കുന്നു. ഡയറി ഫാം ഇൻസ്ട്രക്ടർമാർ ഭവന സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ദിനബത്തയോടെ കർഷകർക്ക് മൂന്നു ദിവസത്തെ പരിശീലന പരിപാടി. ക്ഷീര സഹകരണ സംഘം ഭരണ സമിതി അംഗങ്ങൾക്ക് ഭരണപരമായ പരിശീലനം.

**ആരെ സമീപിക്കണം** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ.

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*9. പദ്ധതിയുടെ പേര് : പുൽകൃഷി വ്യാപനം*

വിഷയം : വിജ്ഞാന വ്യാപന പരിപാടികൾ

ഗുണഭോക്താവ് : ക്ഷീരകർഷകർ

**ലഭിക്കുന്ന സഹായം** : ചെറുകിട കർഷകർക്ക് സ്വന്തം ഭൂമിയിലും നാമമാത്രകർഷകർക്ക് പാട്ടത്തിനെടുത്ത ഭൂമിയിലും പുൽകൃഷി നടത്തുവാൻ 15000 രൂപ ധനസഹായം.

**ആരെ സമീപിക്കണം** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

**ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക്** പഞ്ചായത്ത്.

10. പദ്ധതിയുടെ പേര് : പച്ചപ്പുൽ സംഭരണവും വിപണനവും.

**ലഭിക്കുന്ന സഹായം** :- പുൽകൃഷിത്തോട്ടത്തിൽ നിന്ന് പച്ചപ്പുല്ല് സംഭരിച്ച് വിപണനം നടത്തുന്നതിന് ഗോഡൗൺ നിർമ്മിക്കാനും പ്രവർത്തന മൂലധനമായിട്ടും 13500 രൂപ ധനസഹായവും ക്ഷീരസഹകരണ സംഘങ്ങൾക്ക് പച്ചപ്പുല്ല്, വയ്ക്കോൽ എന്നിവ സംഭരിച്ച് വിതരണം ചെയ്യുന്നതിന് ഫോഡർ ബാങ്ക് സ്ഥാപിക്കുവാൻ 10000 രൂപ ധനസഹായവും ചെയ്യുന്നു.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

*11. പദ്ധതിയുടെ പേര് : പുൽകൃഷി വികസനം*

ലഭിക്കുന്ന സഹായം : പുല്ലുവർഗ്ഗങ്ങളും പോഷകപ്രധാനമായ പയറുവർഗ്ഗങ്ങളും ചേർത്ത് പുൽപ്പയർ മിശ്രിതത്തിൻെറ വിത്തുകൾ പകുതി വിലയ്ക്ക് വിതരണം ചെയ്യുന്നു. 5 സെൻറ് മുതൽ മുകളിലോട്ട് കൃഷി നടത്താം. ഹെക്ടറിന് 500 രൂപ വളം സബ്സിഡിയുംലഭ്യമാണ്. പുൽക്കട ഉപയോഗിച്ച് പുൽക്കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 1000 രൂപ സബ്സിഡി ലഭിക്കുന്നു. ഗിനി പുൽകൃഷിക്ക് ഹെക്ടറിന് 500 രൂപ വളം സബ്സിഡി ലഭ്യമാണ്. അന്നജപ്രധാനവും ചുരുങ്ങിയ കാലം കൊണ്ട് വിളവ് നൽകുന്നതുമായ ചോളം വിത്ത് സബ്സിഡി നിരക്കിൽ നൽകുന്നു. ഹെക്ടറിന് 700 രൂപയാണ് ധനസഹായം. മാംസ്യപ്രധാനമായ വൻപയർ വിത്ത് സബ്സിഡി നിരക്കിൽ നൽകുന്നു. പഞ്ചപ്പുല്ല് അച്ചാറുപോലെ സൂക്ഷിച്ച് വേനൽക്കാലത്ത് സംഭരിക്കുന്നതിനുള്ള സൈലേജ് നിർമ്മാണത്തിന് ഒരു ടണ്ണിന് 200 രൂപ ധനസഹായം നൽകുന്നു. വയ്ക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

1996 - 97 ലെ വിഹിതം : 100,00 ലക്ഷം രൂപ

*12. പദ്ധതിയുടെ പേര് : ക്ഷീരസഹകരണ സംഘങ്ങളുടെ ആധിനിക വത്കരണം*

ലഭിക്കുന്ന സഹായം : പാലിൻെറ ഗുണനിയന്ത്രണം ഉറപ്പാക്കാൻ മിൽക്കോടെസ്റ്റർ വാങ്ങുന്നതിന ധനസഹായം. പാൽ ശീതീകരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ മിൽക്ക് കളർ ഫ്രീസർ, റഫ്രിജറേറ്റർ എന്നിവ വാങ്ങുന്നതിന് ധനസഹായം. ക്ഷീരസഹകരണ സംഘം ഓഫീസ് / സംഭരണശാല നിർമ്മിക്കുന്നതിന് 20000 രൂപ. ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനമായി 10000 രൂപ. യോഗ്യത നേടിയ സെക്രട്ടറിമാരുടെ നിയമനം രണ്ടാം വർഷം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി 3 വർഷം മാനേജീരിയൽ ഗ്രാൻറ്, ആദ്യവർഷം 300 രൂപ നിരക്കിലും രണ്ടാം വർഷം 250 രൂപ നിരക്കിലും മൂന്നാം വർഷം 100 രൂപ നിരക്കിലും ധനസഹായം. ഫർണിച്ചർ വാങ്ങാൻ 5000 രൂപ വരെ സബ്സിഡി. ആവശ്യകത അനുസരിച്ച് പാൽ കാനുകൾ, പാൽ പരിശോധിക്കുന്നതിനുള്ള സെൻട്രിഫ്യൂജ് എന്നിവ സൗജന്യമായി നൽകുന്നു. ക്രീം സെപ്പറേറ്റർ വാങ്ങുന്നതിന് 1/3 തുക. പരമാവധി 3000 രൂപ ധനസഹായം. ക്ഷീരോത്പാദന നിർമ്മാണ വിപണന യൂണിറ്റുകൾ നിർമ്മിക്കാൻ 15 ദിവസത്തെ പരിശീലനവും 20250 രൂപ മൂലധന നിക്ഷേപത്തിനുള്ള സബ്സിഡിയും നൽകുന്നു. ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*13. പദ്ധതിയുടെ പേര് : പശ്ചിമഘട്ട വികസന പരിപാടി*

വിഷയം : ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

ഗുണഭോക്താവ് : തെരഞ്ഞെടുത്ത വാട്ടർഷെഡ് പ്രദേശത്തെ കർഷകർ

ലഭിക്കുന്ന സഹായം :തെരഞ്ഞെടുത്ത വാട്ടർഷെഡുകളിലെ കർഷകർക്ക് കറവപ്പശു, കാലിത്തൊഴുത്ത്, പുൽകൃഷി എന്നിവയ്ക്ക് ധനസഹായം.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഏത് ഏജൻസി / ഏത് തട്ട് : ബ്ലോക്ക് പഞ്ചായത്ത്.

*14. പദ്ധതിയുടെ പേര് : പ്രത്യക ഘടക പദ്ധതി / പട്ടിക വർഗ്ഗ പദ്ധതി*

ഗുണഭോക്താവ് : പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന ക്ഷീരകർഷകർ

ലഭിക്കുന്ന സഹായം :കറവപ്പശുക്കളെ വാങ്ങുന്നതിനും പശുക്കളെ കൈവശമുള്ളവർക്ക് കാലിത്തീറ്റ വാങ്ങുവാനും സബ്സിഡി ലഭിക്കുന്നു.

ആരെ സമീപിക്കണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

**വകുപ്പ് : പൊതുമേഖലാ സ്ഥാപനങ്ങൾ**

ലക്ഷ്യം : മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യ, പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ എന്നീ രണ്ടു പൊതുമേഖലാ സ്ഥപനങ്ങൾ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. മീറ്റ് പ്രൊഡക്റ്റിസ് ഓഫ് ഇൻഡ്യയിൽ പ്രധാനമായും കേകഴി ഇറച്ചിയും മറ്റ് ഇറച്ചിയും തയ്യാറാക്കുന്ന പരിപാടികളാണ് നടക്കുന്നത്. ഇതിനുവേണ്ടി വരുന്ന അസംസ്കൃത സാധനങ്ങൾ താല്പര്യമുള്ള കർഷകന് നൽകാവുന്നതാണ്. പൗൾട്രി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഒരു ദിവസം 1000 കോഴിക്കു ഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിന് പരിപാടിയുണ്ട്. താൽപര്യമുള്ള കർഷകന് ഈ സ്ഥാപനത്തിൽ നിന്നും ന്യായമായ വിലയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങി കോഴി ഉത്പാദന യൂണിറ്റുകൾ ആരംഭിക്കാം.

**വകുപ്പ് : കേരളാ കന്നുകാലി വികസന ബോർഡ്**

മൃഗസംരക്ഷണ മേഖലയ്ക്ക് ആവശ്യമാ ശീതീകരിച്ച ബീജവും തീറ്റപ്പുൽ വിത്തു വിതരണ വുമാണ് പ്രധാനമായും കെ. എൽ. ഡി.ബോർഡ് നടത്തുന്ന പ്രധാന പരിപാടികൾ. ഇതിനു പുറമേ 1996-97 വർഷം സംസ്ഥാനത്ത് ഈ പരിപാടിയുപട ഫലമായി പ്രതിവർഷം 46000 പന്നിക്കുട്ടികളെ ഉത്പാദിപ്പിച്ച് വാണിജ്യാടിസ്ഥാന ത്തിൽ വിതരണം ചെയ്യുന്നതിനും തല്പരരായ കർഷകർക്ക് പന്നി വളർത്തൽ പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ട ഉപദേശവും സഹായവും നൽകുന്നതാണ്. സംസ്ഥാനത്ത് നടാക്കുന്ന തീറ്റപ്പുൽകൃഷിക്ക് ആവശ്യമായ തീറ്റപ്പുൽ ഉത്പാദനവും കെ. എൽ. ഡി. ബോർഡാണ് നടപ്പിലാക്കുന്നത്.

ആരെ സമീപിക്കണം : പഞ്ചായത്ത് വെറ്റിനറി സർജൻ / ഡയറി എക്സ്റ്റൻഷൻ ഓഫീസർ

# മത്സ്യം വളർത്തലും വിപണനവും



ഈ പ്രദേശത്ത് കൂടുതലും കടൽ മത്സ്യങ്ങളാണ് ലഭിക്കുന്നത്. അതു കൊണ്ട് വന്ന് വിപണനം നടത്തുന്നത് ഇടനില കച്ചവടക്കാരാണ്. രണ്ടു പതിറ്റാണ്ടോളമായി മത്സ്യവില ക്രമാതീതമായി വർദ്ധിച്ചു. അത് നിയന്ത്രിക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

കോഴഞ്ചേരിയിലുള്ള ഫിഷറീസ് ഡിപ്പാർട്ട മെൻറിൻെറ ഫാമിൽ മത്സ്യക്കുഞ്ഞുങ്ങളെ വിൽക്കുന്നുണ്ട്.

താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1. പോത്തോലി പുഞ്ച, കരോട്ടു ചിറ, തോട്ടോലിൽ പുഞ്ച, ചാലുകൾ, കുളങ്ങൾ എന്നിവയിൽ മത്സ്യകൃഷി നടത്തേണം.

2. ഇപ്പോൾ പ്രവർത്തിക്കുന്ന പന്നിവേലിച്ചിറയിലെ ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ കേന്ദ്രം മുൻകൈ എടുത്ത് പന്നിവേലച്ചിറയിൽ മത്സ്യകൃഷി വിപുലീകരിക്കുകയും പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ന്യായവില വിപണന കേന്ദ്രം ആരംഭിക്കുകയും ചെയ്യണം.

3. പമ്പാനദിയിൽ മത്സ്യം പെരുകുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ ഇടണം.

4. ഒരുപ്പൂ, ഇരുപ്പൂ കൃഷി മാത്രം ചെയ്യുന്ന പാടങ്ങളിൽ മറ്റു സമയങ്ങളിൽ മത്സ്യകൃഷി, ഞണ്ടു കൃഷി എന്നിവ സാധ്യമാണോ എന്ന് പഠിക്കേണ്ടതുണ്ട്.

5. സ്വന്തം പുരയിടങ്ങളിൽ കുളം നിർമ്മിച്ച് മത്സ്യകൃഷി നടത്തുന്നവർക്ക് പ്രോത്സാഹനാർത്ഥം ഗ്രാൻറു നൽകേണ്ടതാണ്

6. പഞ്ചായത്തിൽ സർക്കാർ വക മത്സ്യ വിപണനശാല ആരംഭിക്കുക.

7. മത്സ്യത്തൊഴിലാളി സഹകരണ സംഘം ഉണ്ടാക്കി, അതിൽകൂടെ മത്സ്യ വില്പന നടത്താവുന്നതാണ്

8. പമ്പയാറ്റിൽ നിന്നും മറ്റും മത്സ്യം പിടിക്കുന്നവർക്ക് വല മേടിക്കാൻ സാമ്പത്തിക സഹായം നൽകണം.

9. മത്സ്യമാർക്കറ്റ് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് വികേന്ദ്രീകരിക്കുക.

10. പഞ്ചായത്തു തലത്തിൽ മത്സ്യസംഭരണത്തിനായി ശീതീകരണമുറി (കോൾഡ് സ്റ്റോറേജ്) സ്ഥാപിക്കുക.

11. അലങ്കാര മത്സ്യം വളർത്തൽ വ്യാപാരാടിസ്ഥാനത്തിൽ ചെയ്യുവാൻ തൊഴിൽ രഹിതരായ യുവതീ യുവാക്കളെ പ്രേരിപ്പിക്കുക.

# വ്യവസായം



വ്യവസായമേഖലയിൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന് , എടുത്തു പറയാവുന്നതായി കാര്യമായ നേട്ടങ്ങൾ ഒന്നും തന്നെയില്ല.പരമ്പരാഗത വ്യവസായങ്ങളിൽ ഈറ, മുള ,ചൂരൽ മുതലായവ ഉപയോഗിച്ച് കുട്ട, വട്ടി, പരമ്പ് എന്നിവ നിർമ്മിക്കുന്ന വിരലിൽ എണ്ണാവുന്ന യൂണിറ്റുകൾ നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട് .ചുരുക്കം ചിലർ ഇന്നും ഈ തൊഴിൽ ചെയ്തു ഉപജീവനം നടത്തുന്നുണ്ട്. ഒരു തലമുറ കൂടി കഴിയുമ്പോൾ ഈ രംഗത്ത് തൊഴിലാളികൾ ഇല്ലാതെ വരുന്ന ഒരവ സ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ഉള്ള ചില വീടുകളിൽ മാത്രമായി മേൽ പറഞ്ഞ വ്യവസായം ഒതുങ്ങി ക്കൂടിയിരിക്കയാണ്

കോഴഞ്ചേരി പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട-വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെയില്ല. പഞ്ചായത്തിൻെറ പരിധിയിൽപെടുന്ന വഞ്ചിത്ര കേന്ദ്രമാക്കി സഹകരണാടിസ്ഥാനത്തിലുള്ള കറി പൗഡർ, അച്ചാറുകൾ,സ്നാക്ക്സുകൾ എന്നിവ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് .

വ്യവസായ മേഖലയ്ക്ക് കാർഷിക മേഖലയുമായി പുലബന്ധം പോലും ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കാർഷികമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാവുന്ന നിരവധി ചെടുകിട വ്യവസായങ്ങൾക്ക് സാധ്യതയുള്ളപ്രദേശമാണ് കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത്. ഉദാഹരണമായി (1) റബ്ബറധിഷ്ഠിത വ്യവസായങ്ങൾ(2) സുഗന്ധദ്രവ്യങ്ങളുടെ സംസ്ക്കരണവും അവയിൽ നിന്നുള്ള സത്ത് വേർതിരിച്ചെടുക്കലും (3) നേന്ത്രക്കായ്, കപ്പ മുതലായവയിൽ നിന്നുമുള്ള ചിപ്സ് നിർമ്മാണം, നേന്ത്രക്കായ് പൊടി നിർമ്മാണം മുതലായവ.

പ്രശ്നങ്ങൾ: ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായ വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഗതാഗത സൗകര്യം, മാനവശക്തി, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയെല്ലാമുണ്ടെങ്കിലും വേണ്ടത്ര അളവിൽ വ്യവസായ വളർച്ച കൈവരിക്കുവാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങളാലാണ്.

*(a) വൈദ്യുതി ദൗർലഭ്യം*

*(b) വ്യവസായ സംരംഭകർക്ക് ആവശ്യമായ ക്ലിയറൻസ് സർട്ടിഫിക്കറ്റ്,ലൈസൻസ് മുതലായവ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് ലഭിക്കാനുള്ളകാലതാമസം.*

*(c) സാങ്കേതികമായ പരിജ്ഞാനമില്ലായ്മ.*

*(d) നഷ്ടഭീതി*

*(e) ധനസഹായ സ്ഥാപനങ്ങളുടെ നിരുത്സാഹപ്പെടുത്തൽ.*

*(f) ശാസ്ത്രീയമായ ബോധവത്ക്കരണക്കുറവ്.*

*(g) പരിചയസമ്പന്നരും പ്രഗദ്ഭരുമായ തൊഴിലാളികളുടെ അഭാവം.*

സാധ്യതകൾ:-

പഞ്ചായത്തിലെ യുവതീയുവാക്കൾ വിദ്യാസമ്പന്നരാണ്. ഇവരിൽ കുറേപേരെങ്കിലും സ്വന്തമായി വ്യവസായം ആരംഭിക്കുവാൻ താല്പര്യമുള്ളവരാണ്. അവരുടെ വ്യവസായ സംരംഭകത്വം തേടി പിടിച്ച് വേണ്ട പ്രോത്സാഹനവും ബോധവത്ക്കരണവും നൽകിയാൽ വ്യവസായ പുരോഗതി കൈവരിക്കാൻ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന് കഴിയുന്നതാണ്.

## റബ്ബർ വ്യവസായം

റബ്ബർ സുലഭമായിട്ടുള്ള ഒരു ഗ്രാമമാണ് നമ്മുടേത്. അതുകൊണ്ട് റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിൽ വളരെയധികം സാധ്യതകളുണ്ട്. റബ്ബർ ബോർഡ് കോമൺ ഫെസിലിറ്റി സെൻറർ,വ്യവസായ വകുപ്പ് മുതലായ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് പഠനക്ലാസ്സുകൾ നല്കേണ്ടിയിരിക്കുന്നു.

കൂടാതെ ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ കമ്പോളം ലഭിക്കുവാൻ സാധ്യതയുള്ള വ്യവസായങ്ങൾ തരം തിരിച്ചെടുത്ത് അവയെക്കുറിച്ച് അഭ്യസ്തവിദ്യരുടെ ഇടയിൽ ശക്തമായ ബോധവത്കരണ പരിശീലനം കൊടുക്കേണ്ടതാണ.

**ജില്ലാ വ്യവസായ കേന്ദ്രം**

പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം കോഴഞ്ചേരി പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. വ്യവസായ സംരംഭകർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ , പരിശീലനം, ലൈസൻസും ക്ലീയറൻസ് സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതിനു വേണ്ട സഹായം, സാമ്പത്തിക സഹായം മുതലായ സേവനങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം വഴി ലഭ്യമാണ്.

താഴെപറയുന്ന തരത്തിലുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്

*(a)വ്യക്തിഗതം.*

*(b) പങ്കാളിത്തം.*

*(c) വ്യവസായ സഹകരണസംഘങ്ങൾ.*

*(i) വനിതാ വ്യവസായ സഹകരണസംഘം*

*(ii) പട്ടികജാതി/പട്ടിക വർഗ്ഗ വ്യവസായ സഹകരണസംഘം*

*(iii) ജനറൽ വിഭാഗം(പുരുഷനും സ്ത്രീയും കൂടിയുള്ളത്)*

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

ഇപ്പോൾ പഞ്ചായത്തിൽ ഒരു Water tank (Plastic) നിർമ്മാണ യൂണിറ്റ് , ഒരു മിനി ഗാർമെൻറ് യൂണിറ്റ്, മുളയും ചൂരലും ഉപയോഗിച്ച് furniture, കട്ട, വട്ടി,മുറം ഇവയുടെ unit , രണ്ട് തടിമില്ലുകൾ , ഏതാനും‌Automobile Service station കൾ ഒരു Lathe-shop,ഒരു Off-set Printing unit,4 Printing Press കൾ, 5 മിനി ധാന്യമില്ലുകൾ, 3 തടി Furnitureഉല്പാദന unitകൾ, എന്നിവ നിലവിലുണ്ട്. ഒരു Coldpack Manufacturing Unit ഉടൻ ഉല്പാദനം ആരംഭിക്കും.(2 Note-book Binding unit-കൾ, 2 കാപ്പിപ്പൊടി നിർമ്മാണ unit, പാർപ്പിട നിർമ്മാണ unit ) Rubber,തേങ്ങാ,കുരുമുളക്, കൊക്കോ മുതലായ കാർഷിക അസംസ്കൃത വസ്തുക്കൾ ലഭ്യമാണ്.ഇവ സംസ്ക്കരണം ചെയ്ത് ഉല്പന്നങ്ങളാക്കുവാൻ വ്യക്തികളോ, സഹകരണ സംഘങ്ങളോ മുഖാന്തിരം സാദ്ധ്യതയുണ്ട്.

വനിതാ വ്യവസായ unit കൾക്കുള്ള സാധ്യതകൾ ഏറെയാണ്.

**സാദ്ധ്യതയുള്ള വ്യവസായങ്ങൾ:-**

(1) വിവിധയിനം കറി പൗഡറുകൾ , മസാലക്കൂട്ടുകൾ, അച്ചാറുകൾ.

(2) റെഡിമെയ്ഡ് വസത്രങ്ങൾ -നൈറ്റി, ചുരിദാർ under-skirts മുതലായവ.

(3) സംസ്ക്കരിച്ച പഴവർഗ്ഗങ്ങൾ -ജാം, പഴച്ചാറുകൾ മുതലായവ.

(4) നോട്ടുബുക്കുകളുടെ നിർമ്മാണം.

(5) ബാർസോപ്പ്, സോപ്പുപൊടി, നിർമ്മാണം.

(6)ഗൃഹാലങ്കാര വസ്തുക്കൾ.

(7) കൊക്കോ സംസ്ക്കരണ unitകൾ .

(8 ) വിവിധ റബ്ബർ സംസ്ക്കരണ യൂണിറ്റുകൾ.

(9) വെളിച്ചെണ്ണ ഉല്പാദനവും Refinery യും.

(10) സുഗന്ധ എണ്ണകളുടെ ഉല്പാദനം.(കുരുമുളക്, മറ്റു മലഞ്ചരക്കുകൾ)

(11) മുള, ചൂരൽ മുതലായ അസംസ്കൃത വസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കിയാൽ അതുകൊണ്ടുള്ള Furniture, കുട്ട മുതലാവയുടെ നിർമ്മാണം.

(12) സാമ്പ്രാണി നിർമ്മാണം.

(13) Hollow-cement blocks, cement ഉപയോഗിച്ചുള്ള Ready-made കെട്ടിട സാമഗ്രി നിർമ്മാണം.

(14) കരകൗശല unit കൾ.

(15) Computer Software units.

(16) കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവയുടെ നിർമ്മാണം.

(17) Plastic house-hold ഉല്പന്നങ്ങൾ (Bucket} Mug,Containers etc)

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ പഞ്ചായത്തു തലത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ പരിശീലനം നല്കേണ്ടതാണ്.

**ഖാദിഗ്രാമ വ്യവസായങ്ങൾ**

വളരെ കുറഞ്ഞ പലിശയ്ക്ക് ഗ്രാമപ്രദേശങ്ങളിൽ വിവിധ ചെറുകിട വ്യവസായങ്ങൾ ആംഭിക്കുവാൻ ഖാദി ഗ്രാമവ്യവസായ ബോർഡ് സഹായം നല്കും.

പഞ്ചായത്ത് പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതും ഖാദി ബോർഡ് അംഗീകരിച്ചതുമായ വ്യവസായങ്ങൾക്കേ സഹായം ലഭിക്കൂ.

100 % സ്ത്രീകൾ ചേർന്നു നടത്തുന്ന സ്ഥാപനങ്ങൾക്ക് മുതൽ മുടക്കിന്റെ 15% ഗ്രാൻറായി ലഭിക്കും. ബോർഡ് അംഗീകരിച്ച വ്യവസായങ്ങളിലെ ഉൽപന്നങ്ങൾക്ക് വിൽപന നികുതി ഇല്ല.

വ്യവസായ വികസനത്തിനു കാത്തിരിക്കുന്ന കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിന് വ്യവസായ പുരോഗതി കൈവരിക്കാൻ കഴിയുന്ന വിധം വിവിധ തരത്തിലുള്ള ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും ചെറുതും വലുതുമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി വേണ്ട സെമിനാറുകളും ചർച്ചാക്ലാസ്സുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സഹകരിപ്പിച്ചു കൊണ്ട് സംഘടിപ്പിക്കേണ്ടതാണ്.

### പട്ടിക-1
### ചെറുകിട വ്യവസായങ്ങൾ
### (എസ്.എസ്.ഐ. റെജിസ്റേറർഡ്)

| ക്രമനമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | തടിമില്ല് | 3 | 6 | – | 6 |
| 2 | കറിപൗഡർ | 1 | 1 | 1 | 2 |
| 3 | വസ്ത്ര നിർമ്മാണം | 1 | 2 | 2 | 4 |
| 4. | ഫ്ളവർ മില്ല് | 5 | 10 | – | 10 |

# കോഴഞ്ചേരി പഞ്ചായത്ത് വിദ്യാഭ്യാസരംഗം

ഭാരത സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പു തന്നെ വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധപതിപ്പിച്ചിട്ടുള്ള ഒരു പ്രദേശമായിരുന്നു കോഴഞ്ചേരി അതുകൊണ്ടുതന്നെ ദേശീയ അന്തർദേശീയ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പല മഹത്വ്യക് തികൾക്കും ജന്മം നൽകുവാൻ ഈ കൊച്ചു ഗ്രാമത്തിന് സാധിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ മറ്റു പഞ്ചായത്തുകളുമായി താദാത്മ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസ മണ്ഡലത്തിൽ ഏതാണ്ട് ഒന്നര നൂറ്റാണ്ടുകളായികോഴഞ്ചേരി മുൻപന്തിയിലാണ്. ആകെയുള്ള ജനസംഖ്യയിൽ 100% ആളുകളും സാക്ഷരരാണ്. അതിലും ഏതാണ്ട് 80% ആളുകളും സെക്കൻററി വിദ്യാഭ്യാസം പൂർത്തീകരിച്ചവരുമാണ്.

വളരെകാലത്തിനു മുൻപു തന്നെ സ്വകാര്യ മേഖലയും പൊതുമേഖലയും കോഴഞ്ചേരിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ സംഭാനകൾ നൽകിയിട്ടുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സെൻെറ് തോമസ്, സെൻറ് മേരീസ് എന്നീ രണ്ടു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനം എടുത്തുപറയേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ മണ്ഡലത്തിൽ കോഴഞ്ചേരി സെൻറ് തോമസ് കോളജ് ഏതാണ്ട് അര നൂറ്റാണ്ടായ ശ്രദ്ധേയമായ സേവനം കാഴ്ചവെയ്ക്കുന്നു. ആറ് ബിരുദാനന്തര കോഴ്സുകൾക്ക് പഠനസൗകര്യമുള്ള ഈ സ്ഥാപനം കോഴഞ്ചേരി പഞ്ചായത്തിൻെറ തിലകക്കുറിയായി പ്രശോദിക്കുന്നു.

ആകെ അഞ്ച് ഹൈസ്ക്കൂളുകളാണുള്ളത്. അതിൽ രണ്ടെണ്ണം അൺ എയ്ഡഡ് സ്ക്കൂളുകളും രണ്ട് എണ്ണം സ്വകാര്യമേഖലയിലുള്ള എയ്ഡഡ് സ്ക്കൂളുകളും ഒരെണ്ണം സർക്കാർ സ്ക്കൂളുമാണ്.

കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് എൽ. പി. സ്ക്കൂളുകളും ഒരു സർക്കാർ യു.പി സ്ക്കൂളും, റെഗുലർ വിദ്യാഭ്യാസ മണ്ഡലത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്.

എയ്ഡഡ് വിദ്യാലയങ്ങളായ സെൻറ് തോമസ് ഹൈസ്ക്കൂളിലും സെൻറ് മേരീസ് ഹൈസ്ക്കൂളിലുമുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുടെ സൗകര്യങ്ങൾക്കു പുറമെ മാർത്തോമ ഇംഗ്ലീഷ് മീഡിയം സ്ക്കൂളും സെവൻന്ത്ഡേ ഇംഗ്ലീഷ്മീഡിയം സ്ക്കൂളും ഹൈസ്ക്കൂൾ ലവലിലും അടിസ്ഥാന വിദ്യാഭ്യാസത്തിൽ മറ്റ് നാല് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സ്വകാര്യമേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിജയ ശതമാനത്തിൽ ഉയർന്ന നിലവാരം പുലർത്തുമ്പോൾ സർക്കാർ ഹൈസ്ക്കൂൾ പിറകിലാണ് എന്ന് പറയേണ്ടിയിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ ഏറെക്കുറെ ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 6 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും 7 കംപ്യൂട്ടർ സെൻററുകളും 2 നേഴ്സിംങ്ങ് സ്ക്കൂളുകളും ഒരു ഐ.റ്റി.സി.യും പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന സെൻറ് തോമസ് കോളജിനോട് ഗവൺമെൻറ് ഹൈസ്ക്കൂളിനോടുമനുബന്ധിച്ച് കമ്പ്യൂട്ടർ സെൻററും പ്രവർത്തിക്കുന്നുണ്ട് കോളജിൽ ഇൻറർനെറ്റ് സംവിധാനവും ആരംഭിച്ചിട്ടുണ്ട്.

വിദ്യാലയങ്ങളിലുള്ള ജീവനക്കാരിൽ ഭൂരിഭാഗവും സ്ത്രീകളാണ് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ നിലവാരത്തിലുള്ള പഠനം തെളിയിക്കുന്നത് 25% കുട്ടികൾ ശരാശരി നിലവാരത്തിൽ താഴെയുള്ളവരാണ് എന്നതാണ്.

## പട്ടിക – 1
## സ്കൂളിൻെറ ആരംഭം – മാനേജ്മെൻറ്

| നമ്പർ | സ്കൂളിൻെറ പേര് | തുടങ്ങിയ വർഷം | മാനേജ്മെൻറ് |
|---|---|---|---|
| 1 | M.T.L.P.S വഞ്ചിത്രമല ഭാഗം | 1914 | മാർത്തോമ്മാ ഇടവക |
| 2 | M.T.L.P.S ഇലവും ചുവട് | 1890 | ,, |
| 3 | M.T.L.P.S മേലുകര | 1896 | ,, |
| 4 | ഗവ: U.P.S. കോഴഞ്ചേരി ഈസ്റ്റ് | | സർക്കാർ |
| 5 | സെൻറ് തോമസ് H.S. കോഴഞ്ചേരി | 1910 | മാർത്തോമ്മാ ഇടവക |
| 6 | സെൻറ്മേരീസ്, കോഴഞ്ചേരി | 1929 | ,, |
| 7 | ഗവ: H.S. കോഴഞ്ചേരി | | സർക്കാർ |
| 8 | സെൻറ്തോമസ് മാർത്തോമ്മാ സീനിയർ | 1982 | മാർത്തോമ്മാ ഇടവക (ഹയർ സെക്കണ്ടറി അൺ – എയിഡഡ്) |
| 9 | S.D.A. School (കോളജ്) തെക്കേമല | 1975 | സെവൻന്ത് ഡേ |
| 10 | സെൻറ് തോമസ് കോളജ് | 1953 | മാർത്തോമ്മാ സഭ |

## പട്ടിക – 2

| നമ്പർ | സ്കൂളിൻെറ പേര് | വിദ്യാർത്ഥികളുടെ എണ്ണം | | ആകെ | പട്ടികജാതി പട്ടികവർഗ്ഗം | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | ആൺ | പെൺ | | | |
| 1 | M.T.L.P.S വഞ്ചിത്രമല ഭാഗം | 55 | 50 | 105 | 38 | 4 |
| 2 | M.T.L.P.S ഇലവും ചുവട് | 62 | 58 | 120 | 22 | 4 |
| 3 | M.T.L.P.S മേലുകര | 10 | 12 | 22 | 1 | 3 |
| 4 | ഗവ: U.P.S കോഴ: ഈസ്റ്റ് | 152 | 122 | 274 | 68 | 9 |
| 5 | സെൻറ് തോമസ് H.S | 852 | – | 852 | 85 | 32 |
| 6 | സെൻറ് തോമസ് G.H.S | – | 915 | 915 | 79 | 32 |
| 7 | ഗവ: H.S | 127 | 142 | 269 | 107 | 16 |
| 8 | മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സീനിയർ ഹയർ സെക്കണ്ടറി (അൺഎയിഡഡ്) | 795 | 695 | 1490 | 9 | 55 |
| 9 | S.D.A. School (കോളജ്) തെക്കേമല | 118 | 101 | 219 | 3 | 13 |
| 10 | സെൻറ് തോമസ് കോളജ് | | | | | |

## പട്ടിക – 3

## പ്രീ പ്രൈമറി – നേഴ്സറി

| നമ്പർ | സ്ക്കൂളിൻെറ പേര് | വിഭാഗം | കുട്ടികൾ | അദ്ധ്യാപകർ | സ്ഥലം |
|---|---|---|---|---|---|
| 1 | Govt. U.P.S | പ്രീ പ്രൈമറി | 18 | 1 | കോഴ:ഈസ്റ്റ് |
| 2 | മാർത്തോമ്മാ ഇംഗ്ലീ:മീഡിയം | നേഴ്സറി | 256 | 10 | വഞ്ചിത്ര |
| 3 | S.D.A ” ” | നേഴ്സറി | 38 | 1 | തെക്കേമല |
| 4 | | നേഴ്സറി | | | തെക്കേമല |

## പട്ടിക – 4

## 1995 – '96 – ൽ പഠനം നിർത്തി പോയവർ

| നമ്പർ | സ്ക്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | M.T.L.P.S വഞ്ചിത്രമല ഭാഗം | ഇല്ല |
| 2 | M.T.L.P.S ഇലവും ചുവട് | ഇല്ല |
| 3 | M.T.L.P.S മേലുകര | ഒന്ന് |
| 4 | ഗവ: U.P.S കോഴഞ്ചേരി | ഇല്ല |
| 5 | സെൻറ് തോമസ് H.S കോഴഞ്ചേരി | നാല് |
| 6 | സെൻറ്മേരീസ് കോഴഞ്ചേരി | നാല് |
| 7 | ഗവ. H.S കോഴഞ്ചേരി | പത്ത് |
| 8 | സെൻറ് തോമസ് മാർത്തോമ്മാ സീനിയർ ഹയർ സെക്കണ്ടറി | ഇല്ല |
| 9 | S.D.A സ്ക്കൂൾ തെക്കേമല | ഇല്ല |

## പട്ടിക – 5

## S.S.L.C വിജയശതമാനം

| നമ്പർ | സ്ക്കൂളിൻെറപേര് | വർഷം | | |
|---|---|---|---|---|
| 1 | Govt. H.S. കോഴഞ്ചേരി | 33% | 78% | 38% |
| 2 | സെൻറ് മേരീസ് H.S. കോഴഞ്ചേരി | 79% | 76% | 69% |
| 3 | സെൻറ് തോമസ് H.S. കോഴഞ്ചേരി | 88.4% | 85% | 95% |



# പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ ശരീരത്തിൻെറയും മനസിൻെറയും സമൂഹത്തിൻെറ ആകെയും രോഗ വിമുക്തമായ അവസ്ഥയാണ്. ഭക്ഷണം,പാർപ്പിടം, വായു, ജീവിക്കുന്ന ചുറ്റുപാടുകൾ എന്നിവയെല്ലാം മനുഷ്യൻെറ ആരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ആദിമകാലത്ത് പ്രകൃതിയുമായി ഇണങ്ങിപ്പോവുന്ന ജീവിതരീതിയായിരുന്നു മനുഷ്യർ സ്വീകരിച്ചു പോന്നത്. കാലക്രമത്തിൽ ഇതിനു മാറ്റം വരുകയും തൽഫലമായി അവൻെറ ആരോഗ്യ സ്ഥിതിയിലും കാര്യമായ വ്യത്യാസങ്ങളുണ്ടാവുകയും ചെയ്തു. ആധുനിക വ്യവസായങ്ങളുടെ ബാഹുല്യവും, ജനസംഖ്യയിലുണ്ടായ വർദ്ധനവും, പ്രകൃതിവിഭവങ്ങളുടെ ദൗർലഭ്യവും ജനങ്ങളുടെ ആരോഗ്യാവസ്ഥയെ ബാധിച്ചിട്ടുണ്ട്. പഴയ രോഗങ്ങളുടെ സ്ഥാനത്തു പുതിയവ പ്രത്യക്ഷപ്പെടുന്നു. പൊതുവിൽ രോഗാതുരത കൂടി വരുന്നു. ഇതിനനുസരിച്ച് ചികിൽസാ സമ്പ്രദായങ്ങളിലും മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുകയാണ് അവ കൂടുതൽ സങ്കീർണ്ണവും ചിലവേറിയതുമാവുകയാണ്.

കോഴഞ്ചേരി പഞ്ചായത്തിൻെറ ആരോഗ്യ പരിപാലനരംഗത്ത് വളരെയധികം സ്ഥാപനങ്ങൾ നിലവിലുണ്ട്. പഞ്ചായത്തിൻെറ ജനസംഖ്യയുടെയും വലുപ്പത്തിൻെറയും അനുപാതം വച്ചുനോക്കുമ്പോൾ മറ്റുപഞ്ചായത്തുകളേക്കാൾ കൂടുതൽ ആശുപത്രികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പത്തനംതിട്ട ജില്ലാ ആശുപത്രി സ്ഥിതിചെയ്യുന്നത് കോഴഞ്ചേരി ടൗണിലാണ്. കൂടാതെ ആധുനിക സജ്ജീകരണ ങ്ങളോടു കൂടിയ 4 സ്വകാര്യ ആശുപത്രികളും കുട്ടികൾക്കുമാത്രമായുള്ള രണ്ട് ആശുപത്രികളും ഒരു ആയുർവ്വേദ സ്വകാര്യഅലോപ്പതി ക്ലിനിക്കുകൾ, വൈദ്യശാലകൾ, സ്വകാര്യ അലോപ്പതി ക്ലിനിക്കുകൾ, ചെറുകോൽ പി.എച്ച്.സെൻററിൻെറ കീഴിൽ പ്രവർത്തിക്കുന്ന മൂന്നു സബ്സെൻററുകൾ എന്നിവയും ഈ പഞ്ചായത്തിലുണ്ട്.

പ്രമേഹം, കാൻസർ, ഹൃദ്രോഗം മുതലായവ ഈ പ്രദേശത്ത. സാധാരണയാണ്. കൂടാതെ ജലജന്യരോഗങ്ങളും വായുജന്യരോഗങ്ങളും കാണപ്പെടുന്നു. പഞ്ചായത്തിൽ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നതിന് സ്വകാര്യമേഖലയുടെ ഒരു തളിക്കയറ്റമുണ്ടായതായി കാണപ്പെടുന്നു. പഞ്ചായത്തിലെ ആശുപത്രികളിലെ മലിനവസ്തുക്കൾ സംസ്ക്കരിക്കുവാൻ ശാസ്ത്രീയടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണങ്ങളില്ല. ആയതിനാൽ ഒരു വിദഗ്ദ്ധസമിതിയെ കൊണ്ട് അടിയന്തിരമായി കോഴഞ്ചേരിയിലെ പൊതു-സ്വകാര്യ ആശുപത്രികൾ പരിശോധിപ്പിച്ചു അവിടെ ഉണ്ടാകുന്ന വസ്തുക്കൾ സംസ്ക്കരി ക്കുന്ന തിനുള്ള നടപടികശ യുദ്ധകാലടിസ്ഥാനത്തിൽ നടപ്പിലാക്കണം.

വേൾഡ് ബാങ്കിൻെറ സഹായത്തോടെ നാഷണനൽ ടി.ബി.കൺട്രോൾ പ്രോഗ്രാം സംസ്ഥാ നത്ത് ആദ്യമായി ആവിഷ്ക്കരിച്ചത് കോഴഞ്ചേരി ജില്ലാക്ഷയ-രോഗ ആശുപത്രിയിലാണ്.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വരുന്ന നൂറുകണക്കിന് ക്ഷയ രോഗികളുടെ കഫം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ കഫം എടുക്കുന്ന കപ്പും രോഗാണു പ്രസര ണമുള്ള മറ്റുവസ്തുക്കളും കത്തിച്ചു കളയേണ്ടത് അനിവാര്യമാണ്.അതിനുള്ള സംവിധാനംഇവിടെയില്ല. അതിനാൽ തിക്തഫലമനുഭവിക്കുന്നത് ഇതിൻെറ മൂന്നു

കി.മീ ചുറ്റളവിൽ താമസിക്കുന്ന ആയിരക്കണക്കിനു ജനങ്ങളാണ്. സമീപഭാവിയിൽ തന്നെ അവർ ക്ഷയ രോഗികളായി തീരാതിരിക്കണമെങ്കിൽ ഈ മലിന വസ്തുക്കൾ കത്തിച്ചു കളയുന്നതിനുള്ള ഇൻഡിനിറേറ്റർ കോഴഞ്ചേരി ക്ഷയരോഗ ആശുപത്രിയിൽ അടിയന്തിരമായി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനു വേണ്ട നാലോ അഞ്ചോ ലക്ഷം രൂപ മുടക്കാൻ മടി കാണിക്കുകയാണെങ്കിൽ ക്ഷയ രോഗികളുടെ ഒരു സമൂഹം ഇവിടെ സൃഷ്ടിക്കപ്പെടുന്നതാണ്.

## പരിസരമലിനീകരണം

കോഴഞ്ചേരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു വിപത്താണ് പരിസര മലിനീകരണം. ആരോഗ്യപരിപാലനകേന്ദ്രങ്ങളായ ജില്ലാ ആശുപത്രി, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്വകാര്യ ആശുപത്രികൾ എന്നിവയുണ്ടെങ്കിലും ഇവിടെയുണ്ടാകുന്ന വേസ്റ്റുകളും ഹോട്ടലുകൾ, ഫ്രൂട്ട് സ്റ്റാൾ, മാർക്കറ്റ് പരിസരം, ആഡിറ്റോറിയം, മത്സ്യചന്ത, അറവുശാല, വണ്ടിപ്പേട്ട, മുതലായ ഇടങ്ങളിലുണ്ടാകുന്ന വേസ്റ്റുകളും സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിലില്ല. ടൗണിൽ ഡ്രെയിനേജ് സൗകര്യമില്ലാത്തു കാരണം പല സ്ഥലത്തും മലിനജലം കെട്ടിക്കിട ക്കുന്നു. ഇതിൽ പകർച്ചവ്യാധികൾ പരത്തുന്ന കൊതുകുകൾ വളരാൻ കാരണമാകുന്നു. പഞ്ചായത്തിലുള്ള 200– ഓളം കുടുംബങ്ങൾക്ക് ഇപ്പോഴും സ്വന്തമായി കക്കൂസില്ല. സ്വന്തമായി കക്കൂസില്ലാത്ത ആളുകൾ പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നടത്തു ന്നതിനാൽ ജല ജന്യരോഗങ്ങൾ കൂടുതലായുണ്ടാ കുന്നു. ഇതിനായി പഞ്ചായത്തിൽ കക്കൂസി ല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ചിലവു കുറഞ്ഞ കക്കൂസുകൾ അടുത്ത രണ്ടു വർഷത്തിനുള്ളിൽ ചെയ്തു കൊടുക്കേണ്ടതാണ്.

തമിഴ്നാട്ടുകാരായ കൂലിപണിക്കാർ കൂടുതലായും താമസിക്കുന്ന തെക്കേമല, കുന്നത്തുകര എന്നീ സ്ഥലങ്ങളിൽ പൊതുകക്കൂസില്ലാത്തതിനാൽ ഇതിനായി പൊതുസ്ഥലങ്ങളുപയോഗിക്കുന്നു. ഇതുമൂലം പരിസരമലിനീകരണമുണ്ടാകുന്നു. തമിഴ് നാട്ടുകാർക്കു വീടുകൾ വാടകക്കു കൊടുത്തിരി ക്കുന്ന ഉടമസ്ഥർ അവർക്കു വേണ്ട കുടിവെള്ളം, കക്കൂസ്, എന്നീ സൗകര്യങ്ങൾ ചെയ്തു കൊടുക്കണം എന്നു നിഷ്ക്കർഷിക്കേണ്ടതാണ് ടൗണിലെ ബസ്സ്റ്റാൻഡ്, മാർക്കറ്റ്, ടൗണിൻെറ മറ്റു ഭാഗങ്ങൾ എന്നിവിടങ്ങളിൽ പൊതുജനങ്ങളുടെ ഉപയോഗത്തിനായി സ്പിറ്റൂൺസ് (തുപ്പാനുള്ള വീപ്പകൾ) സ്ഥാപിക്കണം.

## കൊതുകുനിവാരണം

മലേറിയ എന്ന മാരകമായ രോഗം നമ്മുടെ സംസ്ഥാനത്തു നിന്നും തുടച്ചുനീക്കപ്പെട്ടുവെന്നു ആരോഗ്യവകുപ്പു അവകാശപ്പെട്ടിട്ടുണ്ട്. ഈ അവകാശവാദത്തിൽ നിന്നുകൊണ്ടുള്ള അലസമായ പ്രവർത്തനങ്ങൾ കൊണ്ടാവും ഇന്നു മലേറിയ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉയിർത്തെഴുന്നേറ്റിരിക്കയാണ്. കൊതുകുനിവാരണം കൊണ്ടു മാത്രമേ മലേറിയ എന്ന മാരകരോഗം ഉന്മൂലനം ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ പഞ്ചായത്തിൽ കൊതുകിൻെറ ശല്യം രൂക്ഷമാണ്. മുമ്പൊരിക്കലും ഇല്ലാത്ത രീതിയിൽ കൊതുകുകൾ പെറ്റു പെരുകിയിരിക്കുകയാണ്. ഇതിൻെറ പ്രധാന കാരണം കൊതുകിനെ നശിപ്പിക്കുവാൻ 1950 മുതൽ 1970 വരെ ആരോഗ്യവകുപ്പു തുടങ്ങിയ നടപടിക്രമങ്ങൾ എന്നെന്നേക്കുമായി അവസാനിപ്പിച്ചതാണ് . അതിനാൽ ശരിയായ വിധത്തിൽ കൊതുകു നിവാരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. മലിനജലം കെട്ടി കിടക്കുന്ന സ്ഥലങ്ങൾ, കൊതുകുകൾ വളരുന്ന ചെറിയ കാടുകൾ എന്നിവ ഇല്ലാതാക്കുക എന്നിവ ചെയ്യേണ്ടതാണ്.

കൊതുകുകൾ പെരുകുന്ന പ്രധാന സ്ഥലങ്ങൾ പഞ്ചായത്ത് ആഫീസിനു സമീപമുള്ള കണിയാം ച്ചൽ മാർക്കറ്റ് പരിസരം, ഹോട്ടലുകളുടെ പിന്നാമ്പുറം ഹോസ്പിറ്റലുകളുടെ സെപ്റ്റിക് ടാങ്കിൽ ഹോട്ടലുകളുടെ പിന്നാമ്പുറം വെൻറ് പൈപ്പുകൾ തണങ്ങാട്ടിൽ തോടിൻെറ പരിസരം ,ആഡിറ്റോറിയത്തിൻെറ വേസ്റ്റിടുന്ന പരിസരം ഉപയോഗശൂന്യമായ കുള ങ്ങളും കിണറുകളും എന്നിവിടങ്ങളിലാണ് കൂടുതലായും കൊതുകുകൾ പെരുകുന്നത്.

## പി.എച്ച്സബ്രജിസ്ററർ

ചെറുകോൽ പി.എച്ച് സെൻററിൻെറ കീഴിലുള്ള 3 സബ് സെൻററുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 1. കുന്നുകര. 2 ചേക്കുളം. 3 മേലുകര. സ്വന്തമായി കെട്ടിടമുള്ളത് മേലുകരയിലാണ്. എന്നാൽ വൈദ്യുതകണക്ഷൻ ഇല്ലാത്തതി നാൽ മേലുകര സബ്സെൻറർ ഇപ്പോഴും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. നിലവിലുള്ള സബ് സെൻററുകൾക്ക് സ്വന്തമായി കെട്ടിടവും വൈദ്യുത കണകഷ്നും വേണ്ടുന്ന സംവിധാനം ചെയ്തു കൊടുക്കണം. ഇമ്യൂണൈസേഷൻ ക്യാമ്പുകൾ എന്നിവ നടത്തുവാൻ വാഹന സൗകര്യം ആവശ്യമാണ്.

## പട്ടിക 3

## കക്കൂസ് പൊതു വിവരണം

| സെപ്റ്റിക് ടാങ്ക് കക്കൂസ് | സാധാരണ കക്കൂസ് | കക്കൂസ് ഇല്ലാത്തവർ | ആകെ വീടുകൾ | പഞ്ചായത്തിൽ/ ബ്ലോക്കിൽ നിന്നും ലഭിച്ചത് |
|---|---|---|---|---|
| 2320 | 1211 | 285 | 3816 | 42 |

## പട്ടിക - 4

## സ്വകാര്യ ആരോഗ്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | |
|---|---|
| നഴ്സിംഗ് | 2 |
| എക്സറേ | 1 |
| ലാബട്ടറി | 1 |

### ശുചിത്വം

(1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ. ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാകേണ്ടതും, ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേ ണ്ടതുമാണ്

(2) മാർക്കറ്റിലുണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനങ്ങൾ കുറവാണ്.പലപ്പോഴും മാലിന്യങ്ങൾ അവിടെ തന്നെ ചീഞ്ഞഴുകി കിടന്നു ദുർഗന്ധം പരത്തുന്നു.

(3) മാർക്കറ്റിൽ വിൽക്കുന്നതുമായ മത്സ്യം ,മാംസം, പച്ചക്കറി,പഴവർഗ്ഗങ്ങൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനമില്ലാത്തതിനാൽ നിലവാരം പരിശോധിക്കുവാനുള്ള സംവിധാനമില്ലാത്തതിനാൽ നിലവാരം കുറഞ്ഞതും മോശമായ സാധനങ്ങൾ വാങ്ങാൻ ആളുകൾ നിർബന്ധിതരാത്തീരുന്നു.

(4) മാർക്കറ്റിനടുത്ത് പൊതുമൂത്രപ്പുരയോ, കക്കൂസോ ഇല്ലാത്തുകാരണം സ്ത്രീകൾ സമീപത്തുള്ള വീടുകളിലേയും പുരുഷൻമാർ പമ്പാനദിയുടെ പരിസരത്തേയും ആശ്രയിക്കുന്നതുകാരണം ചന്തക്കടവ് പരിസരം വളരെയധികം മലിനമാകുന്നു. ടൗണിൽ ആവശ്യത്തിനുള്ള മൂത്രപ്പുരകളും കക്കൂസുകളും ഇല്ലാത്തതിനലും ഉള്ളതിന് സൈൻ ബോർഡ് ഇല്ലാത്തതിനാലും വൃത്തിഹീനങ്ങളാ യതിനാലും യാത്രക്കാർ പ്രാഥമിക ആവശ്യങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുന്നു.

### പരിഹാരങ്ങൾ

(1) പഞ്ചായത്തിലുള്ള വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിനായി ഒരു ട്രെഞ്ചിങ്ങ് ഗ്രൗണ്ട് ഉടൻ തന്നെ കണ്ടെത്തുക.

(2) ടൗണിലുള്ള മാലിന്യങ്ങൾ അന്നന്ന് നീക്കം ചെയ്യുക. ഇതിന് ഇപ്പോഴുള്ള സ്റ്റാഫ് അപര്യാപ്തമാകയാൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുക.

(3) വേസ്റ്റ് കളക്ട് ചെയ്യുന്നതിനായി ടൗണിൽ പലഭാഗത്തും വേസ്റ്റ് വീപ്പകൾ വെയ്ക്കുക.

(4) പഞ്ചായത്തിലെ ജില്ലാ ആശുപത്രിഗ്രൗണ്ടിൽ ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുക ഇവിടെ മറ്റു സ്ഥാപനങ്ങളിലെ വേസ്ററ് കത്തിക്കുന്നതിന് ഒരു നിശ്ചിത ഫീസ് വാങ്ങുകയും അങ്ങനെ വേസ്റ്റ് നശിപ്പിക്കുന്നതിനു ശാശ്വതപരിഹാരം കാണാം. ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി നൽകുന്നതിന് സർക്കാർ പ്രത്യേക അനുമതി നൽകണം.

## പട്ടിക -1

## സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാർ |
|---|---|---|---|
| 1 | ജില്ലാ ആശുപത്രി | II | 53 |
| 2 | ജില്ലാ ക്ഷയരോഗ ആശുപത്രി | II | 15 |
| 3 | പി.എച്ച്. സബ്സെൻറർ – കുന്നത്തുകര | III | 1 |
| 4 | പി.എച്ച്. സബ്സെൻറർ – ചേക്കുളം | V | 1 |
| 5 | പി.എച്ച്. സബ്സെൻറർ – മേലുകര | VII. | 1 |

## പട്ടിക -2

## സ്വകാര്യ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | | എണ്ണം |
|---|---|---|---|
| 1 | അലോപ്പതി ആശുപത്രി | | 4 |
| 2 | അലോപ്പതി ക്ലിനിക്ക് | | 2 |
| 3 | കുട്ടികളുടെ ആശുപത്രി | | 2 |
| 4 | ആയുർവേദാശുപത്രി | | 1 |
| 5 | വൈദ്യശാല | | 3 |
| 6 | ഹോമിയോക്ലിനിക്ക് | | 5 |
| 7 | കണ്ണാശുപത്രി ഒ.പി. വിഭാഗം | | 1 |
| 8 | ദന്താശുപത്രി | | 4 |

## പട്ടിക-5

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993 – 94 | 1562 | 244 | 9 |
| 1994 – 95 | 1585 | 353 | 12 |
| 1995 – 96 | 1561 | 319 | 3 |

## പട്ടിക – 6
## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗം | വായുജന്യ രോഗം | മറ്റുള്ളവ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993 – 94 | | 8 | 236 |
| 1994 – 95 | | 12 | 341 |
| 1995 – 96 | | 10 | 309 |

പഞ്ചായത്തിലെ മുഴുവൻ സ്വകാര്യ ആശുപത്രികൾക്കും ഇൻസിനറേറ്റർ നിർബന്ധിത മാക്കുക.

(6) ടൗണിൽ ഡ്രെയിനേജ് ട്രീറ്റ്മെൻറ് പ്ലാൻറ് ഉണ്ടാക്കുക

(7) പഞ്ചായത്തിലെ വേസ്റ്റുകൾ കളക്ട് ചെയ്ത് ജൈവവളം ഉണ്ടാക്കുക.

(8) വേസ്റ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക. അങ്ങനെ വൈദ്യുത ക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കുകയും പരിസര മലിനീകരണം തടയുകയും ചെയ്യാം.

(9) ടൗണിൽ ഓടകൾ വൃത്തിയാക്കുന്നതിനും മരുന്നു സ്പ്രേ ചെയ്യുന്നതിനും കൂടുതൽ ജോലിക്കാരെ നിയോഗിക്കുക.

(10) വീടുവാടകക്ക് കൊടുക്കുമ്പോൾ കക്കൂസ്, കുടിവെള്ളം എന്നിവ ഉറപ്പുവരുത്തുക.

(11) കോഴഞ്ചേരി ഐ. എം. എ യുടെ സഹകരണത്തോടെ പഞ്ചായത്തിൽ 6 മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധനയും പൊതുജനാരോഗ്യ വിദ്യാഭ്യാസമുൾകൊള്ളിച്ചു കൊണ്ടുള്ള പരിപാടികളും നടപ്പാക്കുക.

(12)നിരോധിക്കപ്പെട്ടമരുന്നുകളുടെ ലിസ്റ്റ് എല്ലാ ആശുപത്രികളിലും മരുന്നുകടകളിലും പ്രദർശിപ്പിക്കണമെന്ന് അനുശാസിക്കേണ്ടതാണ്.

(13) പായ്ക്കറ്റുകളിൽ വരുന്ന ഭക്ഷ്യവസ്തുക്കളിലും പാനീയങ്ങളിലും അടങ്ങിയിട്ടുള്ള രാസവസ്തുക്കൾ പച്ചക്കറി,പഴങ്ങൾ എന്നിവയിൽ തളിച്ചിട്ടുള്ള രാസകീടനാശിനികൾ, അവയുടെ ദോഷഫലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

(14) ബസ് സ്റ്റാൻറ്,ടാക്സി സ്റ്റാൻറ്, ടെംപോ -ജീപ്പ് സ്റ്റാൻറ് എന്നിവിടങ്ങളിൽ പ്രത്യേകമായി, പൊതുമൂത്രപ്പുരകളും,കക്കൂസുകളും സ്ഥാപിക്കുകയും. അവ വൃത്തിയായി സൂക്ഷിക്കുന്നതിന് ഉണ്ടാക്കുകയും ചെയ്യുക.

(15) അനധികൃതമായി ആടു-മാടുകളെ അറക്കുന്നത് തടയുക. അവയുടെ വേസ്റ്റ് തണങ്ങാട് തോടിൻെറ പരിസരത്തും,ചന്തക്കടവിൻെറ പരിസരത്ത് ഇടുന്നത് തടയുക.

(16) വാട്ടർ അതോറിറ്റി,ഇലക്ട്രി സിറ്റി, ടെലികമ്മ്യൂണിക്കേഷൻ,പൊതുമരാമത്ത് എന്നീ ഡിപ്പാർട്ട്മെൻറുകൾ തമ്മിൽ പരസ്പരം ധാരണയില്ലാതെ റോഡിൽ മെയിൻറൻസ് വർക്കുകൾ ചെയ്യുന്നതിനാൽ റോഡുകൾ താറുമാറാക്കുകയും അപകടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതു കൂടാതെ റൊഡിൽ മലിനജലം കെട്ടികിടന്ന് പരിസരമലിനീകരണം ഉണ്ടാകുകയും ചെയ്യുന്നതു കൂടാതെ റോഡിൽ മലിനജലം കെട്ടികിടന്ന് പരിസര മലിനീകരണം ഉണ്ടാകുകയും ചെയ്യുന്നു. അതിനാൽ ഈ നാല് ഡിപ്പാർട്ടുമെൻറുകളെ തമ്മിൽ ഏകോപിപ്പിച്ചുകൊണ്ട് പണി ചെയ്യുന്നതിനായി പഞ്ചായത്ത് അധികൃതർ മുൻകൈ എടുക്കേണ്ടതാണ്.

സ്വകാര്യആശുപത്രികളുടെ ആധുനികതയും ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥയും കാരണം കൂടുതൽ ആൾക്കാർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നു.

ജില്ലാ ആശുപത്രിയിലെ പോരായ്മകൾ

(1) 15 ഡോക്ടർമാർ വേണ്ടതായ ജില്ലാ ആശുപത്രിയിലും ജില്ലാ ക്ഷയരോഗ ആശുപത്രിയിലും കൂടി നിലവിൽ 5 ഡോക്ടർ മാരാണുള്ളത്.

(2) ജില്ലാ ക്ഷയരോഗാശുപത്രിയുടെ വേസ്റ്റ് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമില്ല.

(3) എക്സറേ യൂണിറ്റ് ഇല്ല.

(4) ലാബട്ടറി സൗകര്യങ്ങളില്ല.

(5) ഓപ്പറേഷൻ തിയറ്ററിൽ സൗകര്യങ്ങൾ കുറവാണ്.

(6) കുടിവെള്ളവിതരണം കാര്യക്ഷമമല്ല.

(7) വേണ്ടത്ര വൈദ്യുതസൗകര്യങ്ങളില്ല.

(8) ആക്സിഡൻറ് യൂണിറ്റ് സംവിധാനമില്ല.

(9) പോസ്റ്റുമാർട്ടം റൂം അപാകതകൾ പരിഹരിക്കുക.

(10) വേണ്ടത്ര സ്റ്റാഫ് ഇല്ല.

(11) ആംബുലൻസ് സംവിധാനമില്ല.

ഈ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്

**യോഗകേന്ദ്രം**

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശിലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗപരിശീലനകേന്ദ്രം പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നൽകു കവഴി ജനതയുടെ കായികവും മാനസികവു മായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഇത് സഹായ കമാകും.

**വയോജന ആരോഗ്യകേന്ദ്രം**

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാകുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം സിദ്ധിച്ചവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

**ഹെൽത്ത് കാർഡ് സംവിധാനം**

ചികിത്സാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് 'ഹെൽത്ത് കാർഡ്' ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ച് വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കുവാൻ സഹായിക്കും. ആരോഗ്യ പ്രവർത്തകരേയും സന്നദ്ധപ്രവർത്തകരേയും ഒരുമിപ്പിച്ചു ഇത് നടപ്പിലാക്കാവുന്നതാണ്. രക്ത ഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിൻെറ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**മോർച്ചറി**

ജില്ലാ ആശുപത്രിയിൽ മൃതശരീരം സൂക്ഷിക്കുന്നതിനുള്ള സംവിധാനമില്ലായിരുന്നു. സ്വകാര്യമേഖലയിൽ മാത്രമേ ഈ സംവിധാനമുണ്ടായിരുന്നുള്ളൂ. കോഴഞ്ചേരി ഹോസ്പിറ്റലിലേക്ക് കൊണ്ടു വന്ന മോർച്ചറിയൂണിറ്റ് ഇവിടെ സ്ഥലസൗകര്യം ഇല്ലാത്തതുകാരണം പത്തനം തിട്ടയിലേക്കുകൊണ്ടു പോയി എന്നാൽ കോഴഞ്ചേരി ജില്ലാ ആശുപത്രി സൗഹൃദ സമിതിയുടെ നേതൃത്വത്തിൽ പൊതുജന ങ്ങളുടെ സാമ്പത്തിക സഹകരണ ത്തോടെ ആശുപ ത്രിയിൽ നാല് അറകളുള്ള കോൾഡ് ക്യാബിൻ വെയ്ക്കുന്നതിന് സൗകര്യമുണ്ടാക്കുകയും ജനറേറ്റർ ക്രമീകരിക്കുകയും 96 നവംബർ 25 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു കുറഞ്ഞ നിരക്കിൽ മൃതദേഹം സൂക്ഷിക്കാനുള്ള സൗകര്യം ഇതുമൂലം ഉണ്ടായി.

**ആയുർവേദാശുപത്രി**

ആയുർവേദചികിത്സയ്ക്ക് പ്രാധാന്യമേറിയ ഈ അവസരത്തിൽ പഞ്ചായത്തു നിവാസികൾ ആശ്രയിക്കുന്നത് സ്വകാര്യ ആശുപത്രികളെയും, അയിരൂർ പഞ്ചായത്തിലുള്ള ആയുർവേദ ജില്ലാ ആശുപത്രിയേയുമാണ് ആയതിനാൽ നമ്മുടെ പഞ്ചായത്തിൽ ഒരു സർക്കാർ ആയുർവേദാശുപ ത്രിയും അതിനോടനുബന്ധിച്ച് ഒരു ഔഷധസ സ്യതോട്ടവും നിർമ്മിക്കേണ്ടതാണ്.

**പൊതുശ്മശാനം**

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഇല്ലാത്തത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ടൗണിൽ അനാഥരായ ആൾക്കാർ മരിക്കുമ്പോൾ സംസ്കരിക്കുവാൻ സ്ഥലമില്ലാത്തതിനാൽ പഞ്ചായത്തിൽ പരിസരശുചീകരണത്തിൽ പ്രതിസന്ധിയുണ്ടാക്കുന്നു. ആയതിനാൽ അടിയന്തിരമായി സ്ഥലം കണ്ടെത്തി പൊതുശ്മശാനം നിർമ്മിക്കേണ്ടതാണ്.

പഞ്ചായത്തുനിവാസികളുടെ പൊതുആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാൻ വേണ്ടി പുകവലി, പുകയിലകൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ

ബോധവത്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കുക, നേത്രദാനത്തിൻെറ മഹത്വംബോധ്യപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കു എന്നിവ അടിയന്തിരമായി പ്രാധാന്യമർഹിക്കുന്നവയാണ്.

ആരോഗ്യ സ്ഥാപനങ്ങളെയും സന്നദ്ധ പ്രവർത്തകരേയും കൂട്ടിയിണക്കിയാൽ ''രോഗ വിമുക്തമായ ഒരു പഞ്ചായത്ത്'' എന്ന നമ്മുടെ സങ്കല്പം പൂർത്തിയാക്കാൻ കഴിയും അതിനാവട്ടെ ഇനിയുള്ള നമ്മുടെ കൂട്ടായ ശ്രമം.

## ജില്ലാ ആശുപത്രി, കോഴഞ്ചേരി

| | | | |
|---|---|---|---|
| I. | അനുവദിച്ചിട്ടുള്ള കിടക്കകൾ | – | 98 |
| II. | ജീവനക്കാരുടെ വിവരം | അനുവദിച്ചത് | നിലവിൽ ഉള്ളത് |
| | ഡോക്ടേഴ്സ് | 4 | 3 |
| | ദന്തൽസർജൻ | 1 | Nil |
| | നേഴ്സ് | 24 | 20 |
| | യു.ഡി.സി | 1 | 1 |
| | എൽ.ഡി.സി | 1 | 1 |
| | നേഴ്സിംഗ് അസിസ്റ്റൻെറ് | 15 | 12 |
| | അറ്റൻഡർ | 12 | 12 |
| | റേഡിയോഗ്രാഫർ | 1 | 1 |
| | എക്സ്റേ അസിസ്റ്റൻറ് | 1 | 1 |
| | ഫാർമസിസ്റ്റ് | 2 | 2 |
| | സ്വീപ്പേഴ്സ് | 2 | 2 |
| III | ഉപകരണങ്ങൾ | | |
| | എക്സറേ യൂണിറ്റ് 500 എം.എം | 1 | പ്രവർത്തനക്ഷമമല്ല |
| | ദന്തൽയൂണിറ്റ് | 1 | |
| | മോർച്ചറിക്യാബിൻ | 1 | |
| | ഓപ്പറേഷൻ തീയേറ്റർ | 1 | |
| | പി.പി. യൂണിറ്റ് | 1 | |
| | ബേബി ഇൻകുബേറ്റർ | 1 | |

100 കിടക്കകളുള്ള വാർഡിൻെറ പണിനടന്നു കൊണ്ടി രിക്കുന്നു അതോടൊപ്പം നല രീതിയിൽ ഓപ്പറേഷൻ തീയേറ്ററും ലേബർ വാർഡും ഉണ്ട്. ലാബട്രറി സൗകര്യങ്ങൾ ഇവിടെയില്ല.

### T.B ആശുപത്രി

| I. ജീവനക്കാർ | |
|---|---|
| T.B ഓഫീസർ | 1 |
| അസിസ്റ്റൻറ് സർജൻ | 1 |
| ലാബറട്ടറി ടെക്നീഷയൻ | 1 |
| ലാബ് അസിസ്റ്റൻറ് | 1 |
| സ്റ്റാഫ് നേഴ്സ് | 2 |
| നേഴ്സിംഗ് അസിസ്റ്റൻറ് | 2 |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറ് | 1 |
| എൽ. ഡി. സി. | 1 |
| എൽ. ഡി ടൈപ്പിസ്റ്റ് | 1 |
| ഫാർമസിസ്റ്റ് | 1 |
| ട്രീറ്റ്മെൻറ് ഓർഗനൈസർ | 3 |
| കിടക്കകളുടെ എണ്ണം | 12 |
| ലാബട്ടറി | 1 |

# കുടിവെള്ളം

**നിർദ്ദേശങ്ങൾ**

(1) മഴക്കാലത്ത് ഉണ്ടാകുന്ന ഊറ്റുറവകളും അവയിൽ നിന്നുണ്ടാകുന്ന നീർതോടുകളും ആഴം കൂട്ടി തടയണകൾ കെട്ടി ഭൂഗർഭജലസംഭരണി വർദ്ധിപ്പിക്കണം.

(2) ചില സ്ഥലങ്ങളിൽ ജലസംഭരണികൾ സ്ഥിരമായി ഉണ്ടാക്കുവാൻ കഴിയും. അത്തരം സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ചെറുകുളങ്ങൾ ഉണ്ടാക്കണം.

(3) എല്ലാ കുന്നുകളുടേയും മുകളിൽ നിന്നും മഴവെള്ളം ഒഴുകുവാൻ ഉതകുന്ന തോടുകൾ ഇലെങ്കിൽ അവ ഉണ്ടാക്കുകയും ഒഴുക്കു തടയുവാൻ ചെറിയ തടയണകൾ ഉണ്ടാക്കുകയും വേണം ഓരോ കുന്നിൻേറയും താഴ്വാരത്ത് പറ്റിയ സ്ഥലം കണ്ടുപിടിച്ച് ചെറിയ കുളങ്ങൾ ഉണ്ടാക്കണം അങ്ങനെ മഴക്കാലത്ത് നദികളിൽ വെള്ളപ്പൊക്കം കുറയ്ക്കുകയും ഭൂഗർഭജലസംഭരണികൾ വർദ്ധിക്കു ന്നതുമൂലം വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്യാം.

(4) കീഴുകരച്ചാലും കുളങ്ങളും ആഴംകൂട്ടി വൃത്തിയാക്കുകയും വെണ്ണപ്രപാറയുടെ തെക്കു നിന്നും പാടത്തിനു തെക്കുള്ള കുന്നിൽനിന്നും തോടുകൾ വെട്ടടി ഇവകളിലേക്ക് വെള്ളം ഒഴുക്കുകയും ചെയ്യണം തടയണകൾ കെട്ടി ഒഴുക്കു തടയുകയും വേണം വെണ്ണപ്രപാറയുടെ കിഴക്കുവശത്തത് തോടു വെട്ടുകയും ഈ വെള്ളം പാറയുടെ താഴ്വാരത്തുള്ള കുളം ആഴം കൂട്ടി അവിടേക്ക് തിരിച്ചു വിടുകയും വേണം. കുളത്തിൽ കൊതുകു പെരുകുന്നതിനാൽ കൂത്താടികളെ തിന്നുന്ന മത്സ്യങ്ങളെ ഇതിൽ വളർത്താം കുളം കവിഞ്ഞൊഴുകുമ്പോൾ വെള്ളം ഒഴുകി നെടിയത്തുമുക്കിനുള്ള തോട്ടിലേക്ക് ഒഴുകുവാൻ സംവിധാനം വേണം.

(5) 8-ാം വർഡിൽ കോളജ് കുന്നിൽ നിന്നും പടിഞ്ഞാറോട്ടൊഴുകുന്ന തോട് ആഴം കൂട്ടി തടയണകൾ കെട്ടണം ഈ വെള്ളം നെടിയത്തു മുക്കിനുള്ള കുളം ആഴം കൂട്ടി അവിടെ ശേഖരിക്കുക. കോളജു കുന്നിൻെറ കിഴക്കുഭാഗത്തു തോടുവെട്ടി വെള്ളം ചീങ്ക മുക്കിനുള്ള കുളം ആഴം കൂട്ടി അവിടെ ശേഖരിക്കുകയും കവിഞ്ഞൊഴുകുന്ന വെള്ളം മേലുകര പാട ശേഖരത്തുള്ള ചാലിൽ അത് ആഴം കൂട്ടി വൃത്തിയാക്കി അവിടെ ശേഖരിക്കുകയും ചെയ്യണം.

(6) കുരങ്ങു മലയിൽ നിന്നും എല്ലാവശങ്ങളിലേക്കും തോടുകൾ വെട്ടുകയും തടയണകൾ ഇടുകയും ചെയ്യണം ഇത് ഒഴികെ യെത്തുന്ന ഇടങ്ങളിൽ കുളങ്ങൾ ഉണ്ടാക്കുകയും ചെയ്യണം.

**കുടിയന്മാർ നമ്മൾ**

*ഒരു മനുഷ്യൻ അയാളുടെ ജീവിതകാലത്ത് ശരാശരി 60,600 ലിറ്റർ ജലം ഉള്ളിലാക്കുന്നു!*

ആരോഗ്യമുള്ളജനതയാണ് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നത്. ശുദ്ധവായു, ശുദ്ധജലം എന്നിവ ആരോഗ്യപൂർണ്ണമായ സമൂഹത്തിന് അനുപേക്ഷണീയമായ ഘടകങ്ങളാണ് ഈ നിലയ്ക്ക് ജനജീവിതത്തിൽ കുടിവെള്ളത്തിന് പ്രധാന സ്ഥാനമുണ്ട്.

നമ്മുടെ പഞ്ചായത്തിലുള്ള എട്ട് വാർഡിൽ നാലുവാർഡുകളെ തൊട്ടുരുമ്മിയാണ് പുണ്യനദിയായ പമ്പഒഴുകുന്നത്. എന്നാൽ പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളിലും ഇപ്പോഴുംകുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുന്നൻ പ്രദേശങ്ങൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ ( വാർഡ് 4,5,6,8) ശുദ്ധജലത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. ആകെയുള്ള ശുദ്ധജല ഉല്ഭോഗത്തിൻെറ 65% നിറവഹിക്കുന്നത കിണറുകളിലൂടെയാണ്. വേനൽ ആകുന്നതോടെ ഭൂരിഭാഗം കിണറുകളും വറ്റുന്നു. പ്രത്യേകിച്ചുംആറ്റുതീരത്തുള്ളവ,അനധികൃതമായ മണൽ വാരൽ മൂലം പമ്പയുടെ അടിത്തട്ട് താഴ്ന്നു കൊണ്ടിരിക്കുന്നതിനാൽ ആറ്റുറവകളെ ആശ്രയിച്ചു നിലനിന്നിരുന്ന കിണറുകൾ മുഴുവൻ തന്നെ പൊട്ട കിണറുകളായി മാറിയിരിക്കുന്നു. ഇരുകരയും നിറഞ്ഞ് ഒഴുകിയിരുന്ന പമ്പ നിയന്ത്രണമില്ലാത്ത മണൽവാരൽ മൂലം വറ്റിവരണ്ട് കേവലം ഒരു തോടായി മാറിയി രിക്കുന്നു. ഇതു നമ്മുടെ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമ ത്തിൻെറ രൂക്ഷത കൂട്ടുന്നു.

## വാട്ടർ സപ്ലൈ സ്കീം.

കോഴഞ്ചേരി പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീം നിലവിൽ വന്നത് 1969 മുതലാണ്. കേരളാവാട്ടർ അതോറിറ്റിയുടെ മൂന്നു ശുദ്ധജലവിതരണ പദ്ധതികൾ നമ്മുടെ പഞ്ചായത്ത് അതിർത്തിക്കു ള്ളിൽ പ്രവർത്തിക്കുന്നു. R.W.S.S കോഴഞ്ചേരി, R.W.S.S കുരങ്ങുമല, R.W.S.S വെണ്ണപ്രമല എന്നിവ. ഇവയിൽ വെണ്ണ പ്രമല നിലവിൽ വന്നതോടെ ജില്ലാ ആശുപത്രിയിൽ ഗ്രൗണ്ടിലുള്ള R.W.S.S.കോഴഞ്ചേരിയിലെ ടാങ്കിന് ഉയരകുറവും കപ്പാസിറ്റി കുറവും കാരണം ഈ ടാങ്ക് വെണ്ണപ്രമല പദ്ധതിയുടെ സ്റ്റോറേജ് ടാങ്കായി ഉപയോഗിക്കുന്നു. ഇപ്പോൾ രണ്ടു പദ്ധതികൾ നിലവിലുണ്ട്. കോഴഞ്ചേരി കൈതവനകടവിൽ ഒരു വാട്ടർ ഗ്യാലറി നിർമ്മിച്ചിട്ടുണ്ട്. അവിടെ നിന്ന് ഫിൽട്ടർ ചെയ്തവെള്ളം സ്റ്റോറേജ് ടാങ്കിലെത്തുന്നു. അതിനു മുകളിൽ പമ്പുഹൗസ് സ്ഥാപിച്ച് രണ്ടു പദ്ധതികളിലേക്കും വെള്ളം പമ്പു ചെയ്യുന്നു. കൈതവന കടവിൽ നിന്നും വെണ്ണപ്രമലയിലേക്കു വെള്ളം നേരിട്ടു പമ്പുചെയ്യുന്നുണ്ട്. എന്നാൽ കുരങ്ങുമലപദ്ധതിയിൽ ,കൈതവനകടവിൽ നിന്നും വെള്ളം പമ്പു ചെയ്ത് നെടിയത്ത് മുക്കിലുള്ള ബൂസ്റ്ററിലേക്കും അവിടെ നിന്ന് കുരങ്ങുമലയിലേക്കും പമ്പു ചെയ്യുന്നു. R.W.S.S കുരങ്ങുമല വാർഡ് 5,6,8 എന്നിവിടങ്ങളിലും, R.W.S.S വെണ്ണപ്രമല വാർഡ് 1,2,3,4,7 എന്നിവിടങ്ങളിലേക്കും വെള്ളം വിതരണം ചെയ്യുന്നു.നമ്മുടെ പഞ്ചായത്തിൽ നിലവിൽ 18 കി.മീ. ദൂരത്തിൽ പൈപ്പ് ലൈനും 112 ടാപ്പുകളും (ഇതിൽ 1/3 ടാപ്പുകളിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളു). സ്ഥാപിച്ച് ജലവിധരണം നടത്തുന്നുണ്ട്. ശുദ്ധജലത്തിൻെറ ഉപയോഗം കുറെ വർഷങ്ങളായി വളരെയധികം വർദ്ധിച്ചതിനാൽ കോഴഞ്ചേരി R.W.S.S നെ L.I.C സ്കീമിൽ പ്പെടുത്തി. ഒരു വർഷമായി നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 27 കി.മീ ദൂരത്തിൽ പൈപ്പ് ലൈനും അതിൽ എഴുപതോളം വാട്ടർ ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട് . എന്നാൽ നിലവിലുള്ള പമ്പുസെറ്റിന് മുഴുവൻ സമയവും പ്രവർത്തിക്കുന്നതിനുള്ള കപ്പാസിറ്റിയില്ലാത്തതിനാൽ പുതിയ സ്കീം ഇതു വരെയും കമ്മീഷൻ ചെയ്തിട്ടില്ല. ഇത് നടപ്പിലാക്കണമെങ്കിൽ 70 H.P യുടെ രണ്ടു മോട്ടോറുകൾ സ്ഥാപിക്കേണ്ടതുണ്ട്.1997 ഫെബ്രുവരി യോടുകൂടി 70 H.P യുടെ മോട്ടോറുകൾ ഫിറ്റ് ചെയ്ത് പുതിയ സ്കിം കമ്മീഷൻ ചെയ്യുമെന്നാണ് K.W.A യിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളത് . ഇപ്പോൾ പമ്പിംഗ് 3 ഷിഫ്റ്റായിട്ടാണു നടക്കുന്നത് (6 AM to 2 PM- 2 PM to 10 PM- 10 PM to 6 AM). നമ്മുടെ പഞ്ചായത്തിൽ അഞ്ഞൂറോളം വീടുകളിൽ വാട്ടർ കണക്ഷൻ നിലവിലുണ്ട് ഇരുപതു ശതമാനത്തോളം ആളുകൾകുടിവെള്ളത്തിനുവേണ്ടി പൊതു ടാപ്പുകളെ ആശ്രയിക്കുന്നു.

ദീർഘവീക്ഷണമില്ലാതെ പൈപ്പു ലൈനുകളിടുന്നതും വിതരണത്തിൻെറ പോരായ്മകളും കാരണം പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം വളരെ ഗുരുതരമായിരിക്കുന്നു.R.W.S.S കുരങ്ങുമല സ്ഥിതിചെയ്യുന്ന കുരങ്ങുമല നിവാസികൾക്ക് ആവശ്യത്തിനു കുടിവെള്ളം ടാപ്പുകളിൽ നിന്നു ലഭിക്കുന്നില്ല. ജില്ലാ ആശുപത്രിയിൽ വേണ്ടത്ര കുടിവെള്ളം കിട്ടുന്നില്ല. മുമ്പ് സ്ഥാപിചിട്ടുള്ള A C പൈപ്പുകൾ മുഴുവൻ തന്നെ കാലപഴക്കം കൊണ്ട് ഉപയോഗയോഗ്യമല്ലാത്തതാണ്. ഇതുകാരണം പലപ്പോഴും ജലവിതരണം നടക്കുമ്പോൾ പൈപ്പുകൾ പൊട്ടുകയും കൂടുതൽവെള്ളം

പാഴായിപോവുകയും ചെയ്യുന്നു. ടൗണിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ നിശ്ചിത ആഴത്തിലല്ലാത്തതിനാലും ഗുണനിലവാരം കുറഞ്ഞപൈപ്പുകൾ ഉപയോഗിച്ചിരിക്കുന്നതിനാലും P.W.D പണി നടക്കുമ്പോഴും ടെലഫോൺ റിപ്പയറിംഗിനു വേണ്ടി കുഴിക്കുമ്പോഴും പൈപ്പുകൾ പൊട്ടി ജലം പാഴായി പോകുന്നു. കോഴഞ്ചേരി ടൗണിൽ ഇതൊരു നിത്യ സംഭവമാണ്. നമ്മുടെ പഞ്ചായത്തിൽ അറുനൂറോളം പൈപ്പുകണക്ഷനുകളും നൂറ്റിഎഴുപത്തഞ്ചോളം പൊതു ടാപ്പുകളുമുണ്ടെങ്കിലും K.W.A യുടെ ഒരു സെക്ഷൻ ഓഫീസുപോലും നമ്മുടെ പഞ്ചായത്തിലില്ല. കോഴഞ്ചേരിയുടെ സെക്ഷൻ ആപ്പീസ് 13 കി.മി. ദൂരത്തുള്ള പത്തനം തിട്ടയിലാണ്. ആയതിനാൽ ഏതെങ്കിലും പൈപ്പ് ലൈൻ പൊട്ടി വെള്ളമൊഴുകി ദിവസങ്ങളും ആഴ്ചകളുംകഴിയുമ്പോഴായിരിക്കും പത്തനംതിട്ടയിൽ നിന്ന് റിപ്പയറിംഗിന് ആളെത്തുന്നത് കമ്മീഷൻ ചെയ്യാനുള്ള പദ്ധതികളുൾപ്പെടെ 45 കി.മി. ദൂരത്തിൽ പൈപ്പ് ലൈനും 150 പൊതു ടാപ്പുകളും നിലവിൽ വരും കൂടാതെ അഞ്ഞൂറോളം ഗാർഹിക കണക്ഷനുകളും 75 ഓളം ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ട്. പഞ്ചായത്തിലുള്ള മുഴുവൻ കോളനികളിലും പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ട്. 'രാജീവ് ദശലക്ഷകോളനിയുടെ സമീപത്തും ഒരു പൊതു ടാപ്പ് സ്ഥാപിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ എഴുപതുശതമാനത്തിൽ കൂടുതലാളുകൾ വേനൽ കാലത്ത് ശുദ്ധജല ക്ഷാമം അനുഭവിക്കുന്നുണ്ട്. വരൾച്ച രൂക്ഷമാകുന്നതോടെ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ രണ്ടുമുതൽ മൂന്നുകി. മീ വരെ നടന്നാണ് ' കുടിവെള്ളം ശേഖരിക്കുന്നത്'

പമ്പയാറ്റിലെ ജലനിരപ്പുതാഴുകയും വാട്ടർ ഗാലറിയിൽ മണൽ നിറയുകയും ചെയ്യുന്നതിനാൽ മൂന്നു നേരമുള്ളപമ്പിംഗ് വേനൽക്കാലത്ത് ഒരു നേരമായി കുറയുന്നു. വൈദ്യുതി തുടർച്ചയായി മുടങ്ങുന്നതു കാരണം വെള്ളം പമ്പുചെയ്യുവാൻ തടസമുണ്ടാകുന്നുണ്ട്. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളകാര്യത്തിൽ നമുക്കുണ്ട കേണ്ട ഗൗരവം ബോദ്ധ്യമാകുന്നു. എല്ലാ ഗ്രാമസ ഭകളും വളരെ കാര്യമായി ഈ പ്രശ്നം ചർച്ച ചെയ്തതിന്റെ ഫലമായി ഉയർന്നു വന്ന പല നല്ല നിർദ്ദേശ ങ്ങളും ഇതോടൊപ്പം ചേർക്കുന്നു.

## പരിഹാര മാർഗ്ഗങ്ങൾ.

(1) പുതിയതായി സ്ഥാപിച്ചിട്ടുള്ള K.W.A പൈപ്പ് ലൈൻ കമ്മീഷൻചെയ്യുക.

(2) പഞ്ചായത്തിലെ മുഴുവൻറോഡുകളിലും പൈപ്പ് ലൈൻ എക്സടൻഷൻ നടത്തി ആവശ്യമുള്ള ഇടത്ത് പൊതുടാപ്പുകൾ സ്ഥാപിക്കുക.

(3) പമ്പിംഗും വിതരണവും കാര്യക്ഷമമാക്കുക.

(4) കൈതവനകടവിലുള്ള ഗാലറിയിലെ മണൽ വാരി ആഴം കൂട്ടുക.

(5) ആദ്യകാലത്തുപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 18 കി.മീ. പൈപ്പുലൈനിൽ 10 കി.മീ. ഓളംA.C പൈപ്പുമാറ്റി പകരം വ്യാസം കൂടിയ P.V.C പൈപ്പുകൾ സ്ഥാപിക്കുക.

(6) നിലവിലുള്ള ടാപ്പുകളിൽ വെള്ളം ലഭിക്കുവാൻസംവിധാനം ഉണ്ടാകണം. വാട്ടർ ട്രീറ്റ്മെൻറ് ആൻഡ് പ്യൂരിഫിക്കേഷൻ സംവിധാനം നടപ്പിലാക്കുക

(7) ഇപ്പോൾ വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധമാണെന്നു പരിശോധിച്ചു ഉറപ്പുവരുത്തുക.

(8) കോഴഞ്ചേരി യിൽ K.W.Aയുടെ ഒരു സെക്ഷനാപ്പീസ് സ്ഥാപിക്കുക.

(9) പൈപ്പ് ലൈനിലുണ്ടാകുന്ന മെയിൻറൻസ് പെട്ടെന്നു പരിഹരിച്ചു വെള്ളം പാഴായിപ്പോകുന്നതു തടയുക

(10) സെൻറ് തോമസ് കോളജിൽ കുടിവെള്ള വിതരണത്തിലെ പോരയ്മകൾ പരിഹരിക്കുക.----

## ജലസ്രോതുകൾ

### പട്ടിക 1

| | തോടുകൾ | കുളം |
|---|---|---|
| പമ്പാനദി<br>വാർഡ് 1,2,3,7 | തണുങ്ങാട്ടിൽ വലിയതോട്<br>കുന്നുംപുറത്തു പടി തണുട്ടിൽ തോട്<br>പൊങ്ങനാൽ തോട് | പണിക്കത്ര മണ്ണിൽ കുളം<br>വാർഡ് 5<br>കണ്ണം കുളം<br>വാർഡ് 7 |

## കിണറുകൾ

### പട്ടിക 2

| സ്വകാര്യം | പൊതു | കുഴൽ | ആകെ |
|---|---|---|---|
| 2673 | 12 | 4 | 2689 |

## ശുദ്ധജലപദ്ധതി – പൊതുവിതരണം

### പട്ടിക 3

| പൈപ്പ് ലൈൻ ആകെദൂരം | പൊതുടാപ്പ് | വാട്ടർ കണക്ഷൻ | വാട്ടർടാങ്കർ | കപ്പാസിറ്റി (ലിറ്റർ) | പമ്പുസെറ്റ് കപ്പാസിറ്റി |
|---|---|---|---|---|---|
| 18 km | 112 | ഗാർഹികം 500 | കോഴഞ്ചേരി | 45,0000 | – |
| | | | കുരങ്ങുമല | 87,600 | 25 hp |
| കമ്മീഷൻ ചെയ്യാനുള്ളത് 27 km | 70 | ഗാർഹികേതരം 75 | വെണ്ണപ്രമല | 2,25,000 | 40hp |
| | | | ബൂസ്റ്റർ | 15,000 | 20 hp |

**ചെറുകിട പദ്ധതികൾ**

(1) അഞ്ചാം വാർഡിലുള്ള പണിക്കത്രമണ്ണിൽ കുളത്തിൻെറ ആഴം കൂട്ടി പമ്പുസെറ്റ് ഫിറ്റ്ചെയ്ത് വല്യത്തുപുരയിടത്തിൽ ഓവർഹെഡ് 'ടാങ്ക്' നിർമ്മിച്ചു ശുദ്ധജല വിതരണം ചെയ്യുന്നതിനു വേണ്ട സഹായസഹരണങ്ങൾ ചെയ്യുന്നതിന് സ്ഥലം ഉടമയും വാർഡ് നിവാസികളും ഗ്രാമസഭയിൽ സമ്മതിക്കുകയുണ്ടായി.

ആയതിനാൽ പമ്പ്ഹൗസും ഓവർഹെഡ് ടാങ്കും 3 കി.മീ നീളത്തിൽ പൈപ്പ് ലൈനും സ്ഥാപിച്ചാൽ 5-ാം വാർഡിലുള്ള 40% ആളുകൾക്ക് ഇതുകൊണ്ടു പ്രയോജനമുണ്ടാകും.

(2) അഞ്ചാം വാർഡിലുള്ള ചേക്കുളം വയലിൽ കിണറുകുഴിച്ചു അവിടെ നിന്ന് വെള്ളം പമ്പു ചെയ്തു നാലാം വാർഡിലുള്ള മുരിപ്പേൽ ഭാഗത്ത് ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് മൂന്നു കി.മീ ദൂരത്തിൽ പൈപ്പു ലൈനിടുക. ഇതിൽ വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്യുന്നതിന് സ്ഥലമുടമകളും വാർഡ് നിവാസികളും തയ്യാറായിട്ടുണ്ട്.

ഈ പദ്ധതി കൊണ്ടുപുതിയാമൺ കോളനി, മുരുപ്പേൽ ഭാഗം, വഞ്ചിത്ര ഹരിജൻ കോളനി, ഊപ്പല്ലൂർ ഭാഗം പാമ്പാക്കോട്ടു ലക്ഷം വീടു കോളനി, പന്നിവേലിച്ചിറ ലക്ഷം വീടുകോളനി എന്നിവിടങ്ങളിൽ കൂടി വെള്ള ക്ഷാമം പരിഹരിക്കുന്നതിൽ സാധിക്കും.

(3) ഒന്നാം വാർഡിൻേറയും ഏഴാം വാർഡിൻേറയും അതിരിലുള്ള കണ്ണംകുളം വൃത്തിയാക്കി വെള്ളം പമ്പു ചെയ്ത് അതിനോടു ചേർന്നുള്ള പുറംമ്പോക്കു സ്ഥലത്ത് ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് കുളത്തിൽ നിന്നും വെള്ളം പമ്പുചെയ്ത് മൂന്നു കി.മി. ദൂരത്തിൽ പൈപ്പു ലൈനിട്ടു കുടിവെള്ള ക്ഷാമം പരിഹരിക്കുക.

(4) മൂന്നാം വാർഡിലുള്ള സെൻറ് സെബാസ്റ്റ്യൻ പള്ളിയുടെ പരിസരത്തു താമസിക്കുന്ന നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് പള്ളി പരിസരത്ത് ഉയർന്ന സ്ഥലത്ത് ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് K.W.A യുടെ പൈപ്പുലൈനിൽ നിന്നും വെള്ളം സംഭരിച്ചു വിതരണം നടത്തുക.

ജല ലഭ്യതയുടെ അടിസ്ഥാനം ഭൂഗർഭജലത്തിൻെറ അളവാണ്. മരങ്ങൾ വെട്ടി നശിപ്പിക്കുന്നതും ഉറവകൾ നികത്തുന്നതും മണൽ ഉപയോഗിച്ച് കേൺക്രീറ്റ് കെട്ടിടങ്ങൾ ധാരാളമായി നിർമ്മിക്കുന്നതും ചെറിയ ജലംസംഭരണികൾ നികത്തുന്നതും മറ്റും ഭൂഗർജലത്തിൻെറ അളവുകുറയ്ക്കാൻ കാരണമാകുന്നു. പമ്പാനദിയുടെ അടിത്തട്ട് താഴ്ന്നു പോകുന്നതും മറ്റൊരു കാരണമാണ്. ഈ പ്രദേശങ്ങളിൽ വളരെ കൂടുതലായി കൃഷിചെയ്തിട്ടുള്ള അൽബീസിയ, റബ്ബർ എന്നീ മരങ്ങൾ ഭൂഗർഭജലത്തെ വലിച്ചെടുക്കുമെന്നാണ് ശാസ്ത്രീയമായ കണ്ടെത്തൽ. എന്തായാലും ഭൂമിയിലെ ജലം പരമാവധി സംഭരിച്ചു നിർത്തുക വഴി മാത്രമേ ഭൂഗർഭജലത്തിൻെറ അളവു വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളു.

**ജലസ്രോതസുകൾ.**

(1) നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതാണ് നാലു വാർഡിലും കൂടി ഒഴുകുന്ന (1,2,3,7) പമ്പാനദി. K.W.A ടെ രണ്ടു പദ്ധതികൾ R.W.S.S കുരങ്ങുമല, R.W.S.S വെണ്ണ പ്രമലപ്രീയ ആശ്രയിച്ചു പ്രവർത്തിക്കുന്നു.

(2) കുളങ്ങൾ

5-ാം വാർഡിലെ പണിക്കത്രമണ്ണിൽ കുളം ഒന്നാം വാർഡിലേയും ഏഴാം വാർഡിലേയും ഏഴാം വാർഡിൻെറയും അതിർത്തിയിലുള്ള കണ്ണംകുളം.

(3) തോടുകൾ

(a) 5-ാം വാർഡിലെ ചേക്കുളത്തുനിന്നു തുടങ്ങിയ നാലാം വാർഡ് തണങ്ങാട്ടിൽ പാലം വഴി മൂന്നാം വാറഡിൽ അവസാനിക്കുന്നതും എല്ലായ്പ്പോഴും വെള്ളമുള്ളതുമായ വലിയതോട്

(b)കുന്നുപുറത്തുപടി-തണങ്ങാട്ടിൽ തോട് എല്ലായ്പ്പോഴും വെള്ളമുണ്ട്.

(c)രുധിരപ്പൊഴി- മലവു തിട്ടകടവ്- പൊങ്ങനാൽ തോട്.

(4) കുഴൽകിണറുകൾ

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള നാലു കുഴൽകിണറുകളും ഉപയോഗപ്രദമല്ല.

(5) കിണറുകൾ

പൊതുകിണറുകൾ - 12

സ്വകാര്യകിണറുകൾ - 2657

# ഗതാഗതം, ഊർജ്ജം, മാർക്കററ്

1. കീഴുകര വ: പമ്പാനദി കി:മുഞ്ഞനാട് കവല-വെണ്ണപ്ര പാറയുള്ള വഴികൾ വരെയുള്ള നടവഴികൾ കിളന്ന പറമ്പിൽ വരെ പാറപറമ്പിൽ പടി മുതൽ കണ്ണംകുളം വരെയുള്ള റോഡും അവിടെ നിന്നും പമ്പാ നദി വരെ തെ: നെടിയത്തു മുക്കു മുതൽ മുതുയോടിൽ തോടു വരെയും അവിടെ നിന്നും ചെറുകര വരെയും പടി: പമ്പാ നദി

2. കോഴഞ്ചേരി ടൗൺ വ: നെടിയത്തു മുക്കു മുതൽ മുതുയോടിൽ തോടു വരെയും അവിടെ നിന്നും ചെറുകര വരെയും. കി: കുതിരമൊഴി ഏല വരെയുള്ള പൊങ്ങനാൽ തോടും ചെന്തിട്ട പാടശേഖരവും തെ:തണുങ്ങാട്ടിൽ ഏലപടി:വലിയ തോടും പമ്പാ നദിയും

3.വഞ്ചിത്ര-1 വ:പമ്പാ നദി കി: കോഴ-പത്തനം തിട്ട റോഡും വലിയ തോടും തെ:ചെങ്ങന്നൂർ-കോഴഞ്ചേരി റോഡിൻെറ ഭാഗവും മല്ലപ്പുഴശ്ശേരി പാട ശേഖരവും പടി: പന്നിവേലി ചിറ മുതൽ മാധവശ്ശേരി പടി വരെയുള്ള റോഡു

4.വഞ്ചിത്ര-2 വ:തോളൂർ പറമ്പിൽ വഴിവരെ യുള്ള തണുങ്ങാട്ടിൽ ഏലയും അവിടെ നിന്നും തെക്കേ മല-നാരങ്ങാന റോട് വരെയും കി:തുങ്ങഴ മുതൽ ചെന്നിറങ്ങിപടി തണുങ്ങാട്ടു തോടിലേക്കുള്ള നടപാത തെ:തുണ്ടഴം മുതൽ പന്നിവേലിച്ചിറ വരെ യുള്ള തോട്ടൺ അവിടെ നിന്നും പാറക്കടവു വരെ യുള്ള നടവഴിയും പടി: പരമാനന്ദം ഏലാ.

5. കോഴഞ്ചേരി ഈസ്റ്റ് വ:മുണ്ടോട്ടിക്കൽ പടി വരെയും മുണ്ടോട്ടിക്കൽ പടി മുതൽ വടക്കേൽ കിഴ ക്കേൽ പടി വരെയും ചൂരക്കാട്ടു മണ്ണിൽ പടി മുതൽ നംക്രംകൂത്തുപടി വരെയും അവിടെ നിന്നും കുന്നി പടാകം ഏലാ വരെയും. കി:നാരങ്ങാനം വില്ലേജ് തെ: കാരംവേലിക്കര പടി:തുങ്ങഴ മുതൽ ചെന്നിരങ്ങി പടി തണുങ്ങാട്ടു തോടിലേക്കുള്ള നടപ്പാത 6 കുരങ്ങുമല വ:പി.എച്ച്.ഇ.ഡി വാട്ടർ ടാങ്ങ് മുതൽ വടക്കോട്ടു കുരങ്ങുമല വഴി പുള്ളിലേത്തുമുക്കിന് ഏത്തണ്ട റോഡും അവിടെ നിന്നും കോളജ് ജംഗ്ഷൻ മുതൽ നാത്രാമണ്ണിപടി വരെയും റോഡും കി: നാരങ്ങാനം വില്ലേജ് തെ: മുണ്ടോട്ടിക്കൽ പടി വരെയും അവിടെ നിന്നും വടക്കോട്ട് കിഴക്കേൽ പടി വരെയും ചൂരക്കാട്ടു പടിമുതൽ നംക്രംകുത്തു പടി വരെയും അവിടെ നിന്നും കുന്നിപ്പടകം ഏല വരെയും പടി:കോളജ് ജംഗ്ഷൻ മുതൽ പുളിനിൽക്കുന്നതിൽ പടി.

7.മേലുകര ഈസ്റ്റ് വ:പമ്പാ നദി കി: ചെറു ക്കോൽ വില്ലേജ് തെ: മേലുകര ചെറുക്കോൽ റോഡിൽ നിന്നും ആരംഭിക്കുന്ന പത്തിലപുള്ളി റോഡിലെ നെടിയത്തൂക്കു വരെ നെടിയത്തുമുക്ക് തുടങ്ങിയിയ പടി റോഡില മരോട്ടിറക്കു വരെയും. പടി: മരോട്ടിക്കു മുതൽ കണ്ണം കുതും വരെയും അവിടെ നിന്നും പമ്പാ നദി വരെയും.

## ഗതാഗതം

വിനോദസഞ്ചാരം, തീർത്ഥാടനം, മതകൺ വൻ ഷനുകൾ എന്നിവയിൽ പങ്കെടുക്കുവാൻ എത്തുന്ന അനേകായിരങ്ങൾ കടന്നുപോയി കൊണ്ടി രിക്കുന്ന സ്ഥലമാകയാൽ ഗതാഗത സൗകര്യവും ഏറ്റവും അത്യന്താ പേക്ഷിതമാണ്. കോഴഞ്ചേരി പഞ്ചായ ത്തിലെ ഗതാഗതസൗകര്യങ്ങൾ ഇന്നും ശോചനീയ സ്ഥിതിലാണെന്നുള്ളത് ഒരു നഗ്നസത്യം മാത്രമാണ്. എട്ടുവാർഡുള്ള കോഴഞ്ചേരി പഞ്ചായത്തിൽ സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക്ട് റോഡ് , മറ്റു ഡിസ്ട്രിക്ട് റോഡുകൾ, വില്ലേജ് റോഡ് എന്നിവയുൾപ്പെടെ ഏകദേശം 110 കി.മീ നീളം റോഡുകളാണുള്ളത്. അവയുടെ വിശദവിവരങ്ങൾ അനുബന്ധം എ യിൽ ചേർത്തിരിക്കുന്നു.

## റോഡുകളുടെ സ്ഥിതി

പൊതുവേ റോഡുകളുടെ സ്ഥിതി തൃപ്തികരമല്ല. അതിനുള്ള കാരണങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്

(1) റോഡുകളില അറ്റകുറ്റപ്പണികൾ സമയബന്ധമായി നടക്കുന്നില്ല. ആകയാൽ ഗതാഗതം കൂടുതലുള്ള റോഡുകൾ സാധാരണയിൽ വേഗം താറുമാറാകുന്നു.

(2) ഓടകളാവശ്യാനുസരണം ഇല്ലാത്തതിനാൽ റോഡിൽ നീർകെട്ട് ഉണ്ടായിട്ട് റോഡ് നശിക്കുന്നു. ഉദാഹരണത്തിന് ഹൃദയ ഭാഗമായ പൊയ്യാനിൽ ജംഗ്ഷനിൽ തന്നെ ഒരു മഴ പെയ്താൽ വെള്ളം കെട്ടിക്കിടക്കുന്നു.

(3) ചില കലുങ്കുകളുടെയും പാലങ്ങളുടെയും സ്ഥിതി നന്നല്ല.

(4) ആവശ്യത്തിനുള്ള വീതി ലഭിക്കാത്തതിനാൽ ചില റോഡുകൾ വികസനം വഴി മുട്ടി നില്ക്കുന്നു. ഗതാഗതക്കുരുക്ക് നിരന്തരം ഉണ്ടാക്കുന്നു.

(5) ഇലക്ട്രിസിറ്റി ബോർഡ് , വാട്ടർ അതോറിട്ടി, ടെലികമ്മ്യൂണിക്കേഷൻ, ഇറിഗേഷൻ ആദിയായ വകുപ്പിൽ പെട്ടവർ റോഡ് വെട്ടിഇളക്കി പണി ചെയ്ത ശേഷം പൂർവ്വസ്ഥിതിലാക്കാതെ പോയിക്കള യുന്നു. ആ ഭാഗങ്ങൾ പിന്നെ പടുകുഴികളായും ഗതാ ഗതക്കുരുക്കുകളായും തീരുന്നു. അതുപോലെ എടു ത്തിട്ട മണ്ണും കല്ലും ഒക്കെ മാർഗ്ഗതടസ്സം സൃഷ്ടിക്കു കയും ചെയ്യുന്നു.

(6) റോഡിൻെറ പാച്ചുവർക്കുകൾ, ടാറിംഗ് എന്നിവ അനുകൂലമല്ലാത്ത കാലാവസ്ഥയിൽ ചെയ്യുന്നതിനാൽ ഈടു നിൽക്കുന്നില്ല.

## ഓടസൗകര്യങ്ങൾ

മഴവെള്ളം ഒഴികി പോകുവാൻ വേണ്ടിയുള്ള പല പ്രധാന തോടുകളും വീതി കുറഞ്ഞ് കാടുകയറി, മണ്ണെണ്ണടുത്തു മാറ്റാത്തതിനാൽ ആഴം കുറഞ്ഞ് പോയതിനാൽ മഴവെള്ളം നദിയിലേക്ക് ശരിയായി ഒഴുകുന്നില്ല. തോടുകളും റോഡരികരികിലെ ഓടകളുംകവിഞ്ഞ് വെള്ളം റോഡിൽ കൂടി കുത്തിയൊലിക്കുന്നതിനാൽ പല ഭാഗങ്ങളിലും റോഡുകൾക്ക് നാശം സംഭവിക്കുന്നു. കോഴഞ്ചേരി പഞ്ചായത്തിൽ ഒരു റെയിൻ വാട്ടർ ഡ്രെയിനേജ് സിസ്റ്റം ഉണ്ടാകണം.പ്രധാന ജലധാരകൾ കാണിക്കുന്ന ഭൂപടം ഇതോടൊപ്പം ചേർത്തിരിക്കുന്നത് നോക്കുക.

അടിയന്തിരമായി അറ്റകുറ്റ പ്പണികൾ ചെയ്യേണ്ട റോഡുകളുടെ വിശദവിവരങ്ങളും;കോഴഞ്ചേരി പഞ്ചായത്തിലെ റോഡുകൾ കാണിക്കുന്ന ഭൂപടവും;പി.ഡബ്ല്യൂ.ഡി-ൽ നിന്നും ലഭിച്ച മറ്റുചില വിവരങ്ങളുംഅതോടൊപ്പം ഗതാഗതത്തിൻെറ പ്രശ്നങ്ങളും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നത് നോക്കുക.

എണ്ണം അനുബന്ധം വിശദവിവരം

1 A1.1കോഴഞ്ചേരി പഞ്ചായത്തിൻെറ ഭൂപടം

2 A1.2 ഗ്രാമീണ റോഡുകൾ സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി നൽകിയ വിവരങ്ങൾ

3 A1.3 റോഡുകളുടെ മൊത്തം നീളം അവയിൽ ടാറ് ചെയ്യുന്നതും ചെയ്യാത്തതും വേറെ വേറെ വാർഡ് അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരകണക്ക്

4 A1.4 അറ്റകുറ്റപ്പണികൾ യുദ്ധകാലടി സ്ഥാനത്തിൽ നടത്തേണ്ട റോഡുകൾ

5 A1.5 മെറ്റൽ ഇട്ട് ടാർ ഇടേണ്ട റോഡു കളും പുതുതായി നിർമ്മിക്കേണ്ട റോഡുകളും

6 A1.6വീതി കൂട്ടി ടാർ ഇടേണ്ട റോഡുകൾ

## റെയിൽ പാത

തിരുവല്ല -പത്തനംതിട്ട റെയിൽവേയുടെ പ്രാരംഭസറവ്വേ നടന്നു കഴിഞ്ഞതിൽ നിന്നും മനസ്സിലാക്കുന്നത് ആലൈൻ കോഴഞ്ചേരിൽ കൂടി കടന്നു പോകുന്നു എന്നാണ്. ആയതിനാൽ കോഴഞ്ചേരിയിൽ നല്ല ഒരു റെയിൽവേ സ്റേറഷൻ സൗകര്യമായ സ്ഥലത്ത. ഉണ്ടാക്കണം. ആയതിലേക്ക് ഒരു പദ്ധതി തയ്യാറാക്കണം.

## ഗ്രാമപഞ്ചായത്ത്

റോഡുകൾ സംബന്ധിച്ച
വിവരങ്ങൾ(1995-1996)

1. STATE HIGHWAY

Thiruvalla Kunpizha Road

16/682-20/200 3.218 Km The width

M.K.Road 27/00 th 28/776 1.776 Km 5.50m

II. MAJOR DISTRICT ROAD

Mannarakulanji Kozhencherry Road 2.635 3.80m

13/00 to 15/635

1.30Km 5.50

Kozhencherry Cherukolpuzha 2.400 0.900 3.80 0/00 to 2.400

III OTHER DISTRICT ROAD

(1) Thekkemala Naranganam 0/00 to 2/00 2.00 3.80

(2) Kozhencherry Bridge approach road 200 6m 0/00 to 0/682

(3) Kozhencherry one way traffic road 0/00 to 0/545 0.682 3.80

(4) St.Thomas College road 0/00 to 1/545 1.545 3.80

(5) Maruthoor kadavu to one way traffic road 0/00 to 1/555 1.555 3.80

(6) Arammula Maruthoor Kadavu 1.020 3.80

(7) Parampuzha fery road 0/00 to 1/020 1.020 3.80

## VILLAGE ROADS

Sabarimala Village Road 1.674 Earthen 260 m 01/674 mekaded 850m

Kozhencherry Market Marottimukku road 0/00 to 2/815 2.815 Tar-3.80m

### കോഴഞ്ചേരി പഞ്ചായത്തിലെ റോഡുകളുടെ വിവരങ്ങൾ

| വാർഡ് | മൊത്തം റോഡ് | ടാർ റോഡ് | ടാറിടാത്ത റോഡ് | പൊതുമരാമത്ത് റോഡ് | ദേശീയ പാത |
|---|---|---|---|---|---|
| I | 10 | 5 | 5 | 3 | _ |
| II | 12 | 7 | 5 | 5 | _ |
| III | 16 | 6 | 10 | 3 | _ |
| IV | 13 | 7 | 6 | 5 | _ |
| V | 17 | 5 | 12 | 5 | _ |
| VI | 10 | 4 | 6 | 1 | _ |
| VII | 12 | 3 | 9 | 1 | _ |
| VIII | 20 | 10 | 10 | 10 | _ |
| Total | 110 | 47 | 63 | 33 | _ |

### അററകുററപ്പണി നടത്തേണ്ട റോഡുകൾ:-

വാർഡ് റോഡിന്റെ പേര്

I (a) കോഴഞ്ചേരി-മരോട്ടി മുക്ക് റോഡ് (b) പൂളീലേത്തു മുക്ക് - ഗേൾസ് സ്കൂൾ -പുല്ലേരിക്കടവ് റോഡ്

II (a) ടി.ബി.ജംഗ്ഷൻ- ജില്ലാ ആശുപത്രി- കോഴഞ്ചേരി മാർക്കറ്റ് വരെയുള്ള പി.ഡബ്ലൂ. ഡി റോഡ്

(b) ടി.ബി.ജംഗ്ഷൻ- പൊയ്യാലിൽ ജംഗ്ഷൻ- കോഴഞ്ചേരി പാലം വരെയുള്ള റോഡ് [ഓടകൾ തീർത്ത് - സ്ലാബിട്ട് വീതികൂട്ടി പാർശ്വങ്ങളിൽ നടപാതയുണ്ടാക്കണം.

III (a) കുന്നത്തുകര-കോഴഞ്ചേരി ജില്ലാ ആശുപത്രി റോഡിൽ പലയിടങ്ങളിലും വെള്ളം കെട്ടി നിൽക്കുന്നു. (b) വലിയതുണ്ടിൽ പടി- വല്ല്യ പറമ്പിൽ പടി- പുന്നൂർ പടി റോഡ്

IV (a) ടി.ബി.ജംഗ്ഷൻ -തെക്കേമല-തുണ്ടങ്ങഴം റോഡ് ഓടകൾ ശരിയായി നിർമ്മിക്കണം.

V (a) 4,5,6 എന്നീ വാർഡുകൾ യോജിപ്പിക്കുന്ന മുണ്ടോട്ടിക്കൽ പടി-കാലായിൽ പടി-വട്ടംപലായിൽ പടി റോഡ് (b) താന്നിമൂട് -ചൂരക്കുഴി റോഡ് (c) ചൂരക്കാട്ടുമണ്ണിൽ പടി- ചക്കുംങ്കൽ പടി റോഡ് (d) കോഴഞ്ചേരി-നാരങ്ങാനം റോഡിന്റെ ഓടകൾ ഭംഗിയായി നിർമ്മിക്കണം

VI (a) കോഴഞ്ചേരി ഈസ്റ്റ് കനാൽ റോഡ് കുരീക്കാട്ടിൽ ചാപ്പൽ വരെ. (b)പാലക്കത്ര ജംഗ് ഷൻ മുതൽ കുരങ്ങുമല പള്ളിവരെയുള്ള റോഡ് (c) കുടിലിൽ പടി മുതൽ ഹരിജൻ കോളനിവരെയുള്ള റോഡ് [ഇല്ല ത്തു പറമ്പിൽ പടി] (d) പി.ഡബ്ല്യൂ.ഡി റോഡിൽ ഉള്ള കലുങ്കുകൾ ചപ്പാത്തുകൾ ശരിയാക്കി റോഡിൽ വെള്ളം കെട്ടികിടക്കാത്ത വിധം ആക്കണം (ഉദാ: മുണ്ടോട്ടിക്കൽ പടി, ചെമ്മരിക്കാട്ടു പടി, മലയിൽ പടി എന്നീ സ്ഥലങ്ങൾ പ്രത്യേകിച്ചും)

VII (a) മരോട്ടിമുക്ക്-ചെറുകോൽ പാലംവരെയുള്ള റോഡ് (ഇപ്പോൾ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്) (b) എലുവുത്താനത്തു പടി-കോണിക്കൽ പടി റോഡ് (c) മേലുകര എം.റ്റി.എൽ.പി.സ്കൂൾ -തുണ്ടീക്കടവ് റോഡ് (d)പ്രത്യേത്തു പടി- ചെമ്പകശ്ശേരിക്കടവ് റോഡ് (e) തുണ്ടീക്കടവ്-ചെമ്പകശ്ശേരിക്കടവ് റോഡ് (f) വായനശാല-മൂത്തമേമത്തു പടി റോഡ് (g) ചെമ്പകശ്ശേരി -തലയാറ്റു മുക്ക് റോഡ് (h) അമ്പാട്ടുമുക്ക് -മാനഞ്ചേരിപ്പടി റോഡ്.

VIII (a) പൊയ്യാനിൽ ജംഗ്ഷൻ-നെടിയത്തുമുക്ക് റോഡ് (b) നെടിയത്തുമുക്ക്-ഉടീങ്കേറുക്ക് റോഡ് (c) കോളുജ് ഭാഗം-തേക്കാട്ടിൽ പടി റോഡ് (d) കോളജ് ഭാഗം-ചീങ്കേമുക്ക് റോഡ് (e)പഴയതെരുവ് -പാമ്പാടി മൺ റോഡ് -(ചൂരക്കാട്ടുമണ്ണിൽ പടി) ഓടകൾ നിർമ്മിച്ച് തോടുകൾ തെളിച്ച് ആഴം കൂട്ടി പാമ്പാടി മണ്ണിൽ ഒരു മഴ പെയ്താൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ഒരു നിത്യ പരിഹാരം കണ്ടെത്തണം. കുതിരപ്പൊഴി പാടശേഖരത്തു കൂടി വലിയ തോട്ടിലേക്കു കൂടി ഒഴുകി പോയിരുന്ന വെള്ളം ഒഴുക്ക് ഓടകൾ ഭൂവുടകൾ ഇഷ്ടപ്രകാരം മൂടിപ്പോയതിനാൽ ഇപ്പോൾ വഴിമുട്ടി . കാവിൽ പടിക്കൽ ഓട നികന്നു കിടക്കുന്നതിനാൽ വെള്ളം വലിയ വീട്ടിൽ പടിക്കൽ റോഡ് മുറിച്ച് ഒഴുകുന്നു. അതുപോലെ പാമ്പാടി മൺമുളയോടി തോട് പൊങ്ങനാൽ തോട് ഇവയൊക്കെ വെള്ളം ഒഴുകി പോകത്തക്കവിധം തെളിച്ച് തടസ്സങ്ങൾ നീക്കി ആഴം കൂട്ടണം.

**മെററൽ ഇട്ട് ടാറ് ഇടേണ്ട റോഡുകൾ:-**

വാർഡ് റോഡിൻെറ പേര്

I (a) തെക്കേത്തുപടി-ഗേൾസ് ലിങ്ക് റോഡ്(ബണ്ട്)

(b) മടരത്തോത്തുപടി-കണ്ണുംകുളം റോഡ്

(c) നെടുംപാറ-തൊള്ളായിരക്കുഴിപടി റോഡ്

(d) നെടുവേലിൽപടി-പെല്ലോലിപടി റോഡ്

(e) വാഴോയിപ്പടി -പൂതിയോടത്തുപടി റോഡ്

II (a) പന്തളം ശബരിമല റോഡിൽ മാമ്പ്രേത്തു പടി മുതൽ പഴയ തെരുവുവരെയുള്ള കുന്നേൽ റോഡ്

(b) ടി.ബി.ജംഗ്ഷൻ-തുണ്ടിയിൽപടി റോഡ്

(c) കല്ലിട്ടാങ്കുഴിപടി-കാർക്കച്ച മണ്ണിൽപടി റോഡ്

(d) വാഴേൽ പടി-സുബ്രമണ്യൻ ക്ഷേത്രം പടി റോഡ്

(e) ചെന്തിട്ടപടി-സൂനിക്കാട്ട് പടി റോഡ്

III (a) തെക്കേമല-മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ റോഡ്

(b) കുന്നത്തുകര-വാലേൽപടി റോഡ്

(c) മങ്ങാട്ടുപടി-മട്ടലിൽപടി റോഡ്

(d) കുന്നത്തുകര-കടവൻത സെറ്റിൽമെൻറ് കോളനി റോഡ്

IV (a) ട്രയംഫൻറ് കോളജ് ജംഗ്ഷൻ -ഉപ്പല്ലൂർ റോഡ്

(b) വട്ടംകാലായിൽപടി-കാലായിൽ പടി റോഡ്

(c) പാലാംങ്കുഴി-കൊച്ചീപ്പടി -വട്ടൻപറമ്പിൽ പടി റോഡ്

(d) തോങ്ങുതറപടി-വട്ടംപറമ്പിൽ പടി റോഡ്

(e) കൊരട്ടിക്കൽ പടി-പാമ്പാക്കോട്ട് പടി റോഡ്

(f) വട്ടംകാലായിൽ പടി-മുരുപ്പേൽ റോഡ്

(g) അകത്തുംകുളം-ഹരിജൻ കോളനി റോഡ്

(h) പാറേൽ പള്ളിക്കൂടം--കൈതവനപ്പടി റോഡ്

(i) പുതിയാംമണ്ണിൽ പടി-കാലായിൽ പടി റോഡ്

(j) കുളത്തിൽ വടക്കേൽ പടി-കടക്കോത്തു പടി റോഡ്

**പുതിയ റോഡുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ (റൂട്ട്)**

II സ്തുതിക്കാട്ടുപടി-ചൂരക്കാട്ടുമണ്ണിൽപടി കണ്ടത്തിൽ കുടി ലിങ്ക് റോഡ്

III മട്ടലിൽ പടി-കോതുവേലി പടിവരെ തിക്കുന്നതിൽപടി-വെളുത്തേടത്തു പടി മങ്ങാട്ടേത്തു പടി-തെക്കേക്കരപടി തിക്കുന്നതിൽ മലയിൽ പടി-വെട്ടോലിപറമ്പിൽ പടി കുന്നത്തുകരപറയന പടി-നിലമേൽ പാടത്തുകുടി-കക്കർച്ച മണ്ണിൽപടി- തോട്ടത്തിൽ പടി-ടി.ബി.ജംഗ്ഷൻ.

V ചാരിപ്പുറത്തു പടി- മേപ്പുറം പടി

VII വായനശാലപ്പടി-കണ്ണംകുളത്തുപടി-കീഴുകര റോഡ് വരെ എലവുനാത്തുപടി-കോണിക്കൽ പടി-ആറ്റുതീരം വഴി ചെറുകോൽ പഞ്ചായത്തിൽ കൂടെ വാഴക്കുന്നം വരെ യോജിപ്പിക്കുക. മണ്ടകത്തിൽ പാറ-കോളനി റോഡ്

VIII സെൻറ് തോമസ് കോളജ് -ഹൗസിംഗ് കോളനി വരെ തോടു വീതി കൂട്ടി ചൂരക്കാട്ടുമണ്ണിൽ (കൂരല്ലൂർ പടി) ജംഗ്ഷനിൽ കോഴഞ്ചേരി-നാരങ്ങാനം റോഡിൽ യോജിപ്പിക്കുക സെൻറ് തോമസ് കോളജ് (വടക്കേപ്പുറത്തുപടി) -കരീത്രപ്പടി -കണ്ണു കെട്ടിൽപടി-എസ്സ് എം.ഹോസ്പിസ്റ്റൽ വരെ കോഴഞ്ചേരി നാരങ്ങാനം റോഡിൽ ബന്ധിപ്പിക്കുക. (ഭൂഉടമകളുടെ സമ്മതത്തോടെ തോടിന് വീതി കൂട്ടുകയാണ് ചെയ്യേണ്ടത്)

**വീതി കൂട്ടി ടാർ ഇടേണ്ട റോഡുകൾ**

വാർഡ് റോഡിൻെറ പേര്

I (a) കാവുംതുണ്ടിയിൽപടി-തെനങ്കാലപ്പടിറോഡ്

(b) പുളിയോടിപ്പടി - - അട്ടത്രപ്പടി റോഡ്

(c) വാഴവേലിൽപടി-തോമ്പിൽപടി റോഡ്

(d) കിഴക്കേവല്യപ്പറമ്പിൽപടി-കൈതക്കാൽപടി റോഡ്

II (a) കൈതവനപ്പടി-മലയാറ്റൂർ പടി വഴി കീഴുകര-കോഴഞ്ചേരി റോഡും കോഴഞ്ചേരി-പത്തനംതിട്ട റോഡും തമ്മിൽ യോജിപ്പിക്കുന്ന ലിങ്ക് റോഡ്
(b) ടി.ബി.ജംഗ്ഷൻ-വാഴേൽ പടി-തുണ്ടിയിൽപടി റോഡ്

IV (a) പുളീലേത്തുപടി-പന്നിവേലിച്ചിറ റോഡ്

(b) ഊപ്പല്ലൂർ പടി-പന്നിവേലിച്ചിറ റോഡ്

(c) ചെളിക്കുഴിപടി-കോയിക്കമണ്ണിൽ പടി

(d) പാമ്പാക്കാട്-ലക്ഷംവീട് കോളനി റോഡ്

V (a) ചരിപ്പുറത്തുപടി-കുളങ്ങരപടി റോഡ്

(b) കുളത്തുംമാട്ട്-കുന്നിൽപുറത്തുപടി-പുത്തൻ പറമ്പിൽപ്പടി റോഡ്

(c) മുള്ളുങ്കലേത്ത് -ചാപ്പൽപടി-വായനശാല റോഡ്

(d) കുഴിക്കാലായിൽ പടി-ചെന്നിറങ്ങിപ്പടി റോഡ്

(f) മാനുവള്ളി-ഹരിജൻ കോളനി റോഡ്

VI (a) ചാപ്പൽ പടി റോഡ് സൈഡ് കെട്ടി ടാർ ചെയ്യണം

(b) കിഴങ്ങുകാലാപടി - അമ്പലത്തുപാറ - പുളീ ലേത്തു പടി റോഡ്

(c) പനച്ചക്കുഴി-കുരങ്ങുമല റോഡ്

(d) മൂലയിൽപടി-ലക്ഷംവീട് കോളനി കുരങ്ങു മല

VIII (a) മുഞ്ഞനാട്ട് പടി-പണച്ചെക്കൽപടി വൈ.എം.സി. എ റോഡ്

(b) നെടിയത്തുപടി-പാമ്പാടിമൺ റോഡ് (തോട് പോലെ കിടക്കുന്നഈറോഡ് വീതികൂട്ടി കുറഞ്ഞ പക്ഷം-ഒന്നര അടി ഉയർത്തി ഓടകളും കലുങ്കുകളും കൊടുത്ത് നീർക്കെട്ടില്ലാ താക്കി സോളിംഗ് ചെയ്ത് (ശബരിമല അയ്യപ്പൻെറ തിരുആഭരണം കൊണ്ടു പോകുന്ന വഴി എന്ന വലിയ ചരിത്രപ്രാധാന്യമുള്ളതും ഒരു വൺവേട്രാഫിക്ക് സിസ്റ്റത്തിന് ഏറ്റവും പ്രധാന വുമായ വഴി) ടാർചെയ്യണം

# ഊർജം.

കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിൻെറ പശ്ചാത്തലത്തിൽ ''ഊർജം'' എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് പ്രധാനമായും വൈദ്യുതി, പാചകവാതകം, ഗാർഹികാവശയങ്ങൾക്കുതകുന്ന വിറക്, മണ്ണെണ്ണ ആദിയായ ഇന്ധനങ്ങൾ, സൗരോർജം എന്നിവയാണ്.

**(9) വൈദ്യുതി.**

പഞ്ചായത്തിലെ ജനങ്ങളുടെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നത് വൈദ്യുതിബോർഡാണ്. കോഴഞ്ചേരി പഞ്ചായത്തിൻെറ അതിർത്തികൾ കോഴഞ്ചേരി ഇലക്ട്രിക്കൽ മേജർ സെക്ഷൻെറ പരിധിയിൽപ്പെടുന്നു. മല്ലപ്പുഴശ്ശേരി, അയിരൂർ എന്നീ പഞ്ചായത്തുകളും ഇതേ സെക്ഷൻെറ പരിധിയിൽ ഉൾപ്പെടുന്നു. പന്നിവേലിച്ചിറയിൽ സ്ഥിതിചെയ്യുന്ന 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി മുകളിൽ പറഞ്ഞ പഞ്ചായത്തുകൾക്ക് പ്രത്യേകം ഫീഡറുകൾ വഴി വിതരണം ചെയ്യുന്നു. കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ ഏകദേശം 3962 ഉപഭോക്താക്കൾ നിലവിലുണ്ട്. അവയിൽ 12 കാർഷികവും, 25 വ്യവസായികവും 380 വ്യാപാരവും 3545 ഗാർഹികവുമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. പഞ്ചായത്തുപരിധിയിൽ ഒരു എച്ച്.ടി. ട്രാൻസ്ഫോർമർ അടക്കം 20 ട്രാൻസ്ഫോ ർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഈ നാട്ടിലെ ഉപഭോക്താക്കൾ ഇന്നും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിച്ചുകൊണ്ടാണിരി ക്കുന്നത് @ 230 - ൽ പരം പഴയ അപേക്ഷകൾക്ക് ഇനിയും കണക്ഷനുകൾ ലഭിച്ചിട്ടില്ല. അവയ്ക്കു നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങളും അനുബന്ധം ബി. ആയി ഇതോടൊപ്പംചേർക്കുന്നു.@ സെക്ഷൻ ആഫീസിലെ കണക്കുകൾ സൂചിപ്പിക്കുന്നത് സബ്സ്റ്റേഷനിൽ ലഭിക്കുന്ന വോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ട തിൻെറ ഏതാണ്ട് 75% മാത്രമാണ് എന്നാണ്. പീക് ലോഡ് സമയത്ത് ഇത് പിന്നെയും കുറയുന്നു. വോൾട്ടേജ് കുറയുന്നതിന് ഇതും ഒരു പ്രധാന കാരണമാണ് എന്നിരുന്നാലും ലഭിക്കുന്നതിൻെറ പ്രേക്ഷണ - വിതരണം നഷ്ടം കുറക്കാനുള്ള സാങ്കേതിക പരിഹാ രങ്ങൾ കണ്ടുപിടിക്കണം. ആകെ വൈദ്യുതി ലൈനി ൻെറ നീളം (11 kv = 48.2 kms; 3 phase 97 .3kms; Single phase 244 Kms .3) ഏകദേശം 390 കി.മീ. ഉണ്ട്.

വൈദ്യുതി സംബന്ധമായ പ്രശ്നങ്ങളും നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങളും

എണ്ണം പ്രശ്നങ്ങൾ നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങൾ

(i) പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു ആവശ്യാനുസരണം കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

(ii) വൈദ്യുതി ലൈനുകളിൽ വിതരണ നഷ്ടം വർദ്ധിക്കുന്നു. ലൈനിൽ തട്ടി നിലക്കുന്ന എല്ലാ മരച്ചില്ലകളും യഥാസമയം മുറിച്ചുമാറ്റി ലൈനുകൾ കാര്യക്ഷമമാക്കുക.

(iii) ചില സ്ഥലങ്ങളിൽ വൈദ്യുതിലൈനുകൾ ആപദ്കരമായ രീതിയിൽ ഇടിഞ്ഞു കിടക്കുന്നു. കമ്പികൾ വലിച്ചു മുറുക്കുകയോ വേണ്ടയിടങ്ങളിൽ കൂടുതൽ തൂണുകൾ സ്ഥാപിക്കുയോ ചെയ്യുക.

(iv) പ്രധാന റോഡുകളിൽ വഴിവിളക്കുകൾ ഉണ്ടെങ്കിലും ആവശ്യാനുസരണമുള്ള വെളിച്ചം ലഭിക്കാതെ വരുന്നതിനാൽ അപകടങ്ങൾക്കും സാമൂഹികവിരുദ്ധരപവർത്തനങ്ങൾക്കും വഴി തെളിയിക്കുന്നു. കൂടുതൽ വെളിച്ചം ലഭിക്കുന്ന നല്ലതരം ലൈറ്റുകൾ സ്ഥാപിക്കുക.

(vi) ദുർബല വിഭാഗത്തിലുൾപ്പെടുന്ന ജനങ്ങൾ അധിവസിക്കുന്ന പല കോളനികൾ ഇന്നും അന്ധകാരത്തിൽ കഴിയുന്നു. എത്രയും വേഗം ഈ ഭാഗങ്ങൾ വൈദ്യുതീകരിക്കുക.

(vii) പുതിയ കണക്ഷൻ അപേക്ഷിച്ചവർക്ക് കൂടുതൽ കാലതാമസം അനുഭവപ്പെടുന്നു. കഴിവതും വേഗം കണക്ഷൻ കൊടുക്കുന്നതിനു വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തുക.

(vii) അതാതു പ്രദേശത്തെ ചുമതലക്കാരും ബോർഡുജീവനക്കാരും, ജനപ്രതിനിധികളും, ഗുണഭോക്താക്കളും തമ്മിൽ പരസ്പരം ബന്ധപ്പെടുന്നതിനും പ്രശ്നങ്ങ പരിഹരിക്കുന്നതിനുമുള്ള അവസരം ഉണ്ടാകുന്നില്ല. വാർഡു മെമ്പറുമാരുടേയും, വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥന്മാരുടേയും ചുമതിലയിൽ പ്രശ്നപരിഹാരങ്ങൾക്ക് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക.

**അനുബന്ധം-10**

**കോഴഞ്ചേരി പഞ്ചായത്ത്**

10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1.നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| (എ) | ഗാർഹികം | 3545 |
| (ബി) | വ്യാപാരം | 380 |
| (സി) | വ്യാവസായികം | 25 |
| (ഡി) | കാർഷികം | 12 |

1.കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള

അപേക്ഷകരുടെ എണ്ണം (എ) ഓർഡിനറി 167
അവസാനം നൽകിയ

(ബി)ഒ.റ്റി.പി 17 കണക്ഷന്റെ അപേക്ഷാ തീയതി

(സി)ഒ.വൈ.ഇ.സി 46 1-9-91

16-2-96

12-12-95

3.സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം Nil Nil 906

(a) Bulb 25W....40W....60W...100W...Nil

(b) Tube 192

(c) Mercury Vapour 5

(d) Sodium Vapour ___

ഒരു വർഷത്തെ കണക്ഷൻ

| | |
|---|---|
| ഓർഡിനറി | 74 |
| OTP | 11 |
| OYEC | 107 |

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം

ചെയ്യുന്ന LT ട്രാൻസ്ഫോമറുകളുടെ പേരുകൾ

.................ഗ്രാമപഞ്ചായത്ത്

1.6 തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

Ref.A IV,T

| | | |
|---|---|---|
| 1.Kzy Town , | 7 .Melukara | 13.Office |
| 2 .Watersupply | 8 .Pazhayahtura | 14.P.I.P |
| 3.Telephone | 9. KZY East | 15 Mathummi |
| 4.Keezhukara watersupply | 10.Kalayilpady | 16 Kumma thukkara |
| 5.Keezhukara No.1 | 11.Chekkulam No. | |
| 6.Keezhukkara | 12.Cannal | 17.Vanchithara No I |

18.T.T.Koshy
19.Poyyanil 20.Muthoottu (HT Supply)

വാർഡ് വിളക്കുകളുടെ എണ്ണം

വേപ്പർ ലാമ്പ് ഫ്‌ളൂ റ്റ്യൂബ് ബൾബ് മറ്റുള്ളവ ആകെ

1 2 3 4 5 6

ആകെ 5 192 906 – 1103

ആകെ വൈദ്യുത ലൈനിന്റെ നീളം 3 Phase 97.33 Km 11Kv 48.29 K 3 Phase 244.305 Km

തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ

തൻ വർഷം ചെലവഴിച്ച തുക

വരുമാനത്തിന്റെ എത്ര ശതമാനം

കോഴഞ്ചേരിയിൽ നിലവിലുള്ള ട്രാൻസ്‌ഫോമറുകളുടെ വിതരണം

എണ്ണം സ്ഥാനം ശേഷി ദൂരം ദൂരം

കെ.വി.എ ത്രീ ഫേസ്LT LT സിംഗൾ ഫേസ്

1.Kozhencherry Town 250 1Km 2 Km

2.Watersupply College Roaad 250 2 Km4Km

3.Telephone Exchange 100 0.500 Km1Km

4.Keezhukara Watersupply 160 2Km 2Km

5.Keezhukara No.1 100 0.500 1Km

6.Keezhukara No.2 100 0.500 1Km

7.Melukara 160 1.0Km 9Km

8.Pazayatheruvu 100 1.0 2.0

9.Kozhencherry East 160 2.0 10.00

10.Kalayil Padi 100 0.500 3.00

11.Chekkulam 100 2.00 4.00

12.Canal Naranganam 100 1.00 2.00

13.KSEB Office2502.004.00

14.Pumb Irrigation Project(PIP) 100 0.50 2.00

15.Mathunni(Arammula) 1000.500 2.00

16.Kunnathukara 63 0.200 2.00

17.Vanchithra 100 2.00 6.00

18.Industrial No.2 100 0.500 3.00

19.Poyanil HOspital 100 Private for use of hospital only

20MGM Muthoot Hospital(HT) 315 Installed by Hospital Exclusively for Hospital Staff Quarters

New Proposal already sent:-

(a)Dist.General Hospital 100KVA

(b)Keezhukara No.3 100KVA

(c)Chekkulam No.2 100KVA

## വൈദ്യുതി വിതരണം

കോഴഞ്ചേരി ഇലക്ട്രിക്കൽ മേജർ സെക്ഷൻ വൈദ്യുതി വിതരണം ചെയ്യുന്നത് പന്നിവേലിച്ചിറയിൽ സ്ഥിതിചെയ്യുന്ന 66 കെ.വി.സബ്സ്റ്റേഷനിൽ നിന്നാണ്.അതിന്റെ ചില വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നതു നോക്കുക:-

ഗ്രാമപഞ്ചായത്തിലെ മൊത്തം ട്രാൻസ്ഫോർമറുകൾ = 20

നിലവിലുള്ള ഉപഭോക്താക്കൾ :-ഗാർഹികം =3545

വ്യാപാരം=360

വ്യാവസായികം =25

കാർഷികം=25

മൊത്തം=3962

പഞ്ചായത്തിലെ മൊത്തം വഴിവിളക്കുകൾ:-(a)Mercury Vapour=5

(b)Tube Light=192

(c)സാധാരണ ബൾബ്=906

മൊത്തം=1103

പഞ്ചായത്തിന്റെ കണക്കുപ്രകാരമുള്ള മൊത്തം വഴിവിളക്കുകൾ =1200

ഒരു വർഷം വഴിവിളക്കിനായി പഞ്ചായത്ത് ബോർഡിൽ അടക്കുന്ന മൊത്തംതുക=Rs17,654/-

താഴെ പറയുന്ന പൊതുജനാവശ്യങ്ങൾ ശ്രദ്ധിക്കുക:-

(എ)പുതിയ ട്രാൻസ്ഫോമറുകൾ വയ്ക്കേണ്ട സ്ഥലങ്ങൾ :അനുബന്ധം'C'

(ബി)പുതിയ ഇലക്ട്രിക്കൽ ലൈൻ വലിക്കേണ്ട ഇടങ്ങൾ: അനുബന്ധം 'D'

(സി)പുതിയ വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥാനങ്ങൾ: അനുബന്ധം'E'

പുതിയ ട്രാൻസ്ഫോർമറുകൾ വയ്ക്കേണ്ട സ്ഥലങ്ങൾ

എണ്ണം വാർഡുനമ്പർ സ്ഥാപിക്കേണ്ട സ്ഥലം ശേഷി(കെ.വി.എ)

1 Iകോഴഞ്ചേരി കീഴുകരറോഡിൽ ഇരപ്പക്കാട്ടു പാറക്കുസമീപം100

2. Vചേ ക്കുളം 100

3.VI & VIIIപാലക്കത്ര ജംഗ്ഷൻ (സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോമർ ഇനിയും ചാർജ് ചെയ്തിട്ടില്ല)160

4.VIIനെടിയത്തുമുക്ക്-മരോട്ടിമുക്ക്-തുണ്ടീകടവ് റോഡിൽ മേലുകര നമ്പർ 2 100

പുതിയ ഇലക്ട്രിക്കൽ ലൈൻ വലിക്കേണ്ട ഇടങ്ങൾ

(1) സെൻറ് തോമസ് കോളജ് ഭാഗത്തു നിന്നും തെക്കോട്ട് ഹൗസിംഗ് കോളനിയിലേക്കു പുതിയ

(b) തോമ്പിൽ പടി-വാഴേൽ പടി റോഡ്

(c) വല്യപറമ്പിൽ പടി-വൈ.എം.സി.എ റോഡ്

(d) നെടുവേലി പടി-പുതിയോടത്തുപടി; പെല്ലോലി പടി

II (a) തൂവോൺ പടി-മാർത്തോമ്മാ സ്കൂൾ ജംഗ്ഷൻ

(b) മന്ദിരം പടി-മേമല പടി

(c) ക്രോസ് ജംഗ്ഷൻ (പഴയ തെരുവ് ജംഗ്ഷൻ) -കുന്നേൽ -ജില്ലാ വ്യവസായ ആഫീസ് -മേലേത്തു




തായി തീർക്കുന്ന റോഡിൽ

(2) സെൻറ് തോമസ് കോളജ് ഭാഗത്തുനിന്നും പടിഞ്ഞാറോട്ട് സണ്ണി മെമ്മോറിയൽ ആശുപത്രിമുക്കിലേക്ക പുതിയതായി തീർക്കുന്ന റോഡിൽ

(3) വൈദ്യുതി എത്താനുള്ള പഞ്ചായത്ത് പരിധിയിലെ എല്ലാം എസ്.സി/എസ്.റ്റി കോളനികളിലേക്കും ലക്ഷം വീടു കോളനികളിലേക്കും

(4) കോഴഞ്ചേരി-നാരങ്ങാനം റോഡിൽ കനാൽ ജംഗ്ഷനിൽ ഉള്ള കോളനിയിലേക്ക്

പുതിയ വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥാനങ്ങൾ

സാധാരണ വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

I (a) മാടത്തുംപടി-കണ്ണംകുളം റോഡ്

താഴത്തുപടി റോഡ്

IV (a) പാലംകുഴി;കാഞ്ഞിര നിൽക്കുന്നതിൽ പടി-തേങ്ങു തറപടി

(b) പാലനിൽക്കുന്നതിൽ പടി-കിടങ്ങാലിൽ പടി-പന്നിവേലിച്ചിറ റോഡ്

(c) പട്ടിക ജാതി കോളനി വഴികൾ

V അഞ്ചുകല്ലുകരയിൽ പടി-മുള്ളുങ്കലേത്തു പടി റോഡ്

VI കെ.എസ്എച്ച്.ബി കോളനി

VII (a) അമ്പാട്ടുപടി;മാനഞ്ചേരിക്കടവ് ,വാര്യത്തുമുക്ക്

(b) പട്ടികജാതി/ പട്ടിക വർഗ്ഗ കോളനി റോഡുകൾ

(c) വായനശാല-മുത്തമ്മേത്തു പടി റോഡ്

VIII (a) കോളജുമല-ഹൗസിംഗ് കോളനി റോഡ്

(b) കോളജുമല-സണ്ണിമെമ്മോറിയൽ ആശുപത്രി റോഡ്

(c) മുഞ്ഞനാട്ടുപടി-വെണ്ണപ്പാറ വഴികൾ

(d) കുരങ്ങുമല-പാലക്കത്ര പടി റോഡ്

(e) നെടിയത്തുമുക്ക് -വൈ.എം.സി.എ -പാമ്പാടിമൺ റോഡ്

ട്യൂബ്ലൈറ്റുകൾ വേണ്ട സ്ഥലങ്ങൾ

പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ റോഡുകളിലും ഉളള ജംഗ്ഷനുകിൽ double tube light ഉം കുടുതൽ വെളിച്ചം ആവശ്യമായി വരുന്ന മറ്റു സ്ഥലങ്ങളിൽ Single tube lightഉം സ്ഥാപിക്കണം

പ്രത്യേകതരം (Flouracent/Sodium Vapour/Helium) വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

(a)കോഴഞ്ചേരി പാലം-പെയ്യാനിൽ ജംഗ്ഷൻ -ടി.ബി.ജംഗ്ഷൻ-തെക്കേമല റോഡിൽ 100 മീറ്റർ അകലത്തിൽ

(b) പൊയ്യാനിൽ ജംഗ്ഷൻ-ചെറുകോൽ പാലം റോഡിൽ സി.ഐ ആഫീസ് വരെ

(c) പഴയ തെരുവ്- നാരങ്ങാനം റോഡിൽ സണ്ണിമെമ്മോറിയൽ ജംഗ്ഷൻ വരെ

(d) ടി.ബി.ജംഗ്ഷൻ-ജില്ലാ ആശുപത്രി-ബസ് സ്റ്റാൻഡ്

## (b)കുക്കിംഗ് ഗ്യാസ്

കോഴഞ്ചേരി പഞ്ചായത്തിലെ ഏറിയ പങ്കും ജനങ്ങൾ കുക്കിംഗ് ഗ്യാസ് ഉപയോഗിച്ചാണ് പാചകം പെയ്യുന്നത് മുൻപുണ്ടായിരുന്ന പാചക വാതക വിതരണ ഏജൻസി ഏതോ കാരണങ്ങളാൽ മുടങ്ങിയതിൽ ഈ പ്രദേശത്തുള്ള വരെല്ലാം മറ്റ് ഏജൻസികളോ ആശ്രയിക്കേണ്ട ദുർസ്ഥിതിയാണ്. ഈ പഞ്ചായത്തിലെ ഗ്യാസ് ഏജൻസി എസ്.സി/എസ്.ടി ക്വോട്ടായിൽ ഉളളവർക്ക്. സംവരണം ചെയ്തിരിക്കയാണ്. ഇതുവരേയും അങ്ങനെയുള്ള വ്യക്തികൾ പാചക വിതരണം പുനരാംഭിക്കുന്നതിന് താല്പര്യമെടുത്ത് മുൻപോട്ടു വന്നിട്ടില്ലാത്ത സ്ഥിതിയിൽ മേൽപ്പറഞ്ഞ സംവരണം നിർത്തലാക്കി താല്പര്യമുളള മറ്റു വിഭാഗങ്ങൾക്ക് അവസരം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## (c)മണ്ണെണ്ണ, വിറക് ആദിയായവ ഇന്ധന പദാർത്ഥങ്ങൾ

താരതമ്യേന സമീപ പഞ്ചായത്തുകളേക്കാൾ ജനസാന്ദ്രത ഏറ്റവും കൂടിയ ഈ പ്രദേശത്ത് വിറകിൻെറ ദൗർലഭ്യം കൂടി വരികയാണ്. മരങ്ങൾ മുറിച്ചു മാറ്റുന്നതല്ലാതെ പുതിയതായി നട്ടു വളർത്തുന്ന സ്വഭാവം പൊതുവേ ജനങ്ങളിൽ കുറഞ്ഞു വരുന്ന തിനാലും റബ്ബർ, മാവ്, ആദിയായ വില കുറഞ്ഞ തടികൾക്കുപോലും വ്യാവസായിക പ്രാധാന്യം കീടി വരുന്നതിനാലും വിറകിൻെറ ഏറി വരുന്ന ദൗർലഭ്യം കുറയ്ക്കുവാൻ സാധ്യമല്ല. പ്രകൃതിയുടെ സംന്തുലിതാവസ്ഥ നില നിർത്തത്തക്ക വിധത്തിൽ കൂടുതൽ മരങ്ങൾ നട്ടു വ.ളർത്തുന്നതിൻെറ ആവശ്യകതയേപ്പറ്റി ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തണം. വിറകിൻെറ അഭാവത്തിൽ ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് പ്രത്യേകിച്ച് ആശ്രയിക്കാവുന്ന ഊർജ്ജം മണ്ണെണ്ണയുടെ ഉപയോഗമാണ്. ആകയാൽ ആവശ്യാനുസരണമുള്ള മണ്ണെണ്ണ വിതരം വളരെ പ്രാധാന്യം അർഹിക്കുന്നു. റേഷൻ വിതരണപരിപാടികൾ ഈ റിപ്പോർട്ടിലെ മറ്റ് അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. അതോടൊപ്പം തന്നെ ഇന്ധനലാഭ സാധ്യതയുള്ള പരിഷത്തടുപ്പ് പോലെയുള്ള പദ്ധതികൾ പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കിയാൽ അനേർട്ടിൻെറ സബ്സിഡിയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ് . പെട്രോൾ ഉല്പന്നങ്ങളുടെ വിതരണം അംഗീകൃത പമ്പുകൾ തൃപ്തികരമായി നടത്തുന്നതിനാൽപ്രത്യേകമായി ഇവിടെ പരാമർശിക്കുന്നില്ല. എന്നാൽ വളരെ പ്രാധാന്യമുളള - tyre pressure checking facility നൽകുന്നതിലുളള താല്പര്യക്കുറവ് കണ്ടു വരുന്നു. കർശനമായി അതു നിർബന്ധ service ആക്കണം.

## (d)സൗരോർജ്ജം

ഊർജ്ജത്തിൻെറ ഉപഭോഗം കൂടി കൊണ്ടിരിക്കുന്ന ഈ കാലയളവിൽ സൗരോർജ്ജം ,ബയോ ഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളുടെ ഉപയോഗം കൂടികൊണ്ടിരിക്കയാണ്. സൗരോർജ്ജം ഗാറഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി കേന്ദ്ര ഗവർമെൻറ് Integrated planning Programme എന്ന പദ്ധതി ആസൂത്രണം ചെയ്തിരിയാണല്ലോ. കേരളത്തിൽ ANERT (Agency for non-conventional Engg and Rural Technology വളരെ

കകര്യക്ഷമമായി ഈ പദ്ധതി ആവിഷ്ക്കരിച്ചു വരികയാണ്. ഈ പദ്ധതിയുടെ കീഴിൽ സോളാർ, കുക്കർ, സോളാർ ഡ്രെയർ , സോളാറ വാട്ടർ ഹീറ്റർ, സൗര്യവിളക്ക് , സൗര്യ പമ്പുസെറ്റ് തുടങ്ങി അനേകം ഗാർഹികോപയോഗ സാധനങ്ങൾക്ക് പ്രചരണം ലഭിച്ചുകൊണ്ടിരിക്കയാണ്.സൗര്യൻെറ ചൂടുകൊണ്ട് പാചകമ നടത്താനുള്ള സംവിധാനമാണ് സോളാർ കുക്കർ. .വൃദ്ധിയായും വേഗത്തിലും കാറഷികോൽപ്പന്നങ്ങൾ ഉണക്കിയെടുക്കാനുള്ള സംവിധാനമാണ് സോളാർ ഡ്രെയർ. നേരിട്ട. വെയിൽ തട്ടാക്കതിനാൽ ഉണക്കുന്ന സാധനങ്ങളുടെ(കൊപ്രാ ധാന്യങ്ങൾ, മത്സ്യം,കുരുമുളക് എന്നിവയുടെ നിറം മാറാതിരിക്കുകയും ചെയ്യുന്നു. വെയിലിൻെറ ചൂടുപയോഗിച്ച് വെള്ളം ചൂടാക്കിയെടുക്കാനുള്ള സംവിധാനമാണ് സോളാർ വാട്ടർ ഹീറ്റർ . 60 ഡിഗ്രി സെൽഷ്യസ് വരെ ചൂടുള്ള വെള്ളം ലഭിക്കുന്നതും ചൂടാക്കിയ വെള്ളം പിറേറ ദിവസം വരെ ചൂടായി തന്നെ സൂക്ഷിക്കാനുതകുന്ന ടാങ്കും ഇതോടൊപ്പമുണ്ട്. ഒരുക്കൽ സ്ഥാപിച്ചു കഴിഞ്ഞാൽ വൈദ്യുതിക്കോ വിറകിനോ പണം മുടക്കേണ്ടി വരില്ല എന്നു മാത്രമല്ല വളരെ ക്കാലം തകരാറുകൂടാതെ ഉപയോഗിക്കാൻ സാധിക്കും. സൗരോർജ്ജം ഉപയോഗിച്ച് കുടിവെള്ളത്തിനും ജലസേചനത്തിനു ഇന്ധന ചിലവില്ലാതെ വെള്ളം പമ്പു ചെയ്യുന്ന സംവിധാനമാണ് സൗര്യ പമ്പുസെറ്റ്. മേൽപറഞ്ഞ പദ്ധതികൾക്കെല്ലാം ഗവൺമെൻറിൽ നിന്നും സബ്സിഡി ലഭിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് ഈ പദ്ധതിയുടെ പൂർണ്ണവിവരങ്ങൾ എത്തിക്കുവാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാകണം.

**മാർക്കററ്**

കോഴഞ്ചേരി പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത് ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിൽ കച വടം നടക്കുന്ന ഒരു പൊതുമാർക്കറ്റാണ്. ഇപ്പോഴ ത്തെ പ്രൈവറ്റ് ബസ്സ് സ്റ്റാനഡിൽ പണ്ടുമുതൽ നടന്നു വന്നിരുന്ന ചന്തയാണ് ഇപ്പോഴത്തെ പുതിയ സ്ഥലത്തേക്കു മാറ്റിയത്. (പോസ്റ്റാഫീസിന് പടിഞ്ഞാറു വശം) ജനം തിങ്ങി പാർക്കുന്ന കോഴഞ്ചേ രിക്ക് ഇപ്പോൾ പുനർനിർമ്മാണം ചെയ്ത ഈ മാർക്കറ്റ് പോലും പൂർണ്ണമായും ആവശ്യമായിരുന്നില്ല. വിശദമായി നടത്തിയ പഠനത്തിൽ നിന്നും വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ജനങ്ങശ വിഭവങ്ങളുമായി ഈ ചന്തയിൽ വരികയും ക്രയ വിക്രയങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ആയതിനാൽ വണ്ടിപ്പേട്ട എന്ന സ്ഥലം കൂടെ ഒഴിഞ്ഞു കിട്ടുന്നു എങ്കിൽ പച്ചക്കറി ചന്തയും മത്സ്യ മാംസ ചന്തയും കൂടുതൽ സ്ഥല സൗകര്യങ്ങൾ കൊടുത്ത് ശുചിത്വസംരക്ഷണത്തിനുള്ള സംവിധാനങ്ങളോടു കൂടി വികസിപ്പിക്കേണ്ട താണ്. താല്ക്കാലികമായി പഞ്ചായത്തിൻെറ ചില വാർഡുകളിലെങ്കിലും(സ്ഥല സൗകര്യമുള്ളിടത്ത്) ആഴ്ച ചന്തകളോ അന്തിചന്തകളോ നടത്തുവാനുള്ള സംവിധാനം ഉണ്ടായാൽ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യമായി അവശ്യസാധനങ്ങൾ ലഭിക്കുന്നതാണ്. താഴെ പറയുന്ന സ്ഥഥലങ്ങളിൽ ആഴ്ച ചന്തകൾ സ്ഥാപിക്കുവാൻ വാർഡു തലത്തിൽ ഉള്ള മീറ്റിംങ്ങുകളിൽ സംബന്ധിച്ചവർ അഭിലാക്ഷം പ്രകടിപ്പിച്ചു

(a) Ward V ടി.ബി.ജംഗ്ഷൻ-തെക്കേമല റോഡിൻെറ തണുങ്ങാട്ടിൽ പാടം കഴിഞ്ഞാലുടൻ റോഡിൻെറ കിഴക്ക് വശത്ത് ഇപ്പോൾ എന്നും അന്തിചന്തനടക്കുന്നു.

(b) Ward IV വഞ്ചിത്ര-ആറന്മുള റോഡിൻെറ പാർശ്വങ്ങളിൽ സൗകര്യമായി സ്ഥലം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ വിഭവങ്ങളും ലഭിക്കും

(c) Ward VII മേലുകര-ചെറുകോൽ ഭാഗത്ത് സൗകര്യമായസ്ഥലം ലഭിച്ചാൽ ആഴ്ചചന്ത നടത്താൻ സാധ്യതയുണ്ട്.അയിരൂർ പഞ്ചായത്തിലെ വിഭവങ്ങളും ലഭിക്കും.

## പ്രത്യേക നിർദ്ദേശങ്ങൾ

### (A) ഗതാഗതം

(1)ഓരോ പഞ്ചായത്തിലുമുള്ള സർക്കാർ സ്ഥാപനങ്ങൾ (ഉദാ.പി.ഡബ്ല്യൂ.ഡി, വാട്ടർ അതോറിറ്റി, ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രിസിറ്റി ബോർഡ്) ഇവ തമ്മിലുള്ള ഏകോപനം പഞ്ചായത്തു തലത്തിൽ സാധ്യമാക്കുന്നതിന് പഞ്ചായത്തു കമ്മിറ്റിക്ക് അധികാരം ഉണ്ടാകണം.

(2)ഓരോ വാർഡിലുംനടക്കുന്ന റോഡുപണികൾ ആദിയായവ ശരിയായ രീതിയിൽ നടക്കുന്നുണ്ടോഎന്നു പരിശോധിക്കുന്നതിന് അധികാരമുള്ള വിജിലൻസ് അമ്മിറ്റികൾ ഉണ്ടാകണം. ഇവ ഗ്രാമസഭകളോട് വിധേയത്വമുള്ളതും അവർ തിരഞ്ഞെടുക്കുന്നതും ആയിരിക്കണം. ആ പ്രദേശത്തെ നല്ല രീതിയിൽപ്രതിനിധീകരിക്കുന്ന ഈ വിജിലൻസ്

കമ്മിറ്റിക്ക് റോഡുപണിയുടെ പ്ലാൻ,എസ്റ്റിമേറ്റ് നടത്തിപ്പിൻെറ മറ്റു വിശദാംങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള അവകാശവും ചുമതലയും ഉണ്ടായിരിക്കണം.

(3) പഞ്ചായത്തിലെ ചെറുതും വലുതുമായ എല്ലാ റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം.

(4) ഗതാഗതകുരുക്കുകൾ നീക്കത്തക്ക വിധമുള്ള പുതിയ സംവിധാനം ഉണ്ടാകണം. "PARK IN G,NO-PARKING" ഏരീയകൾ ബോർഡുകൾ സ്ഥാപിച്ച് അടയാളപ്പെടുത്തുകകയും അവിടെ കർശന നിയന്ത്രണം നടപ്പിലാക്കുകയും വേണം.

(5) സ്വകാര്യവാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് ഉള്ള സൗകര്യം ഉണ്ടാകണം.

(6) കെ.എസ്ആർ.ടി.സി.യ്ക്കും പ്രൈവറ്റ് ബസ്സുകൾക്കും നല്ല സൗകര്യമുള്ള ബസ് സ്റ്റാൻഡു കൾ ഉണ്ടാകണം. ആയതിലേക്ക് നിലവിലുള്ള ബസ് സ്റ്റാൻഡിനടുത്തുള്ള വണ്ടിപ്പേട്ട ഉപയോഗിക്കണം .

## (B) ഊർജ്യം

(1) ഉപഭോക്താക്കൾക്ക് ആവിശ്യനുസരണമുള്ള വോൾട്ടേജ് ലഭിക്കത്തക്ക വിധം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

(2) നിലവിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടേയും സ്ഥിതിപരിശോധിച്ച് ആപത്തുകൾ ഒഴിവാക്കത്തക്ക വിധം സംരക്ഷിച്ച് പരിസരങ്ങൾ ശരിയാക്കാം.

(3) യാത്രാ ക്ലേശങ്ങൾ സൃഷ്ടിക്കത്തക്ക രീതിയിൽ റോഡിലേയ്ക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ ഉടൻ മാറ്റി സ്ഥാവിക്കണം.

(4) വഴി വിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ വിളക്കുകൾ അത്യാവശ്യമനുസരിച്ച് സ്ഥാപിക്കുകയും നിലവിലുള്ളവ നന്നാക്കി ഉപയോഗ പ്രദമാക്കുകയും ചെയ്യുക.

(5) കോഴഞ്ചേരിയിൽ ഗ്യാസ് ഏജൻസി പുനരാരംഭിക്കുന്നതിനുള്ള നടപടി ഊർജിതമാ ക്കണം. അതു ചെയ്യുവാൻ സന്നദ്ധതയുള്ള SC/ST വിഭാഗത്തിൽ പെട്ടവർ മുന്നോട്ട വരുന്നില്ല എങ്കിൽ ഈ പഞ്ചായത്തിലേ പാചക വാതക വിതരണം വേറേ ഏതെങ്കിലും കാറ്റഗറിയിൽപ്പെട്ടത്തുവാൻ എത്രയും വേഗം ശുപാർശ ചെയ്യണം. പഞ്ചായത്ത് ഈ ചുമതല ഏറ്റെടുക്കേണ്ടതാണ്.

(6) വിദ്യുത്ശക്തിയുടെ ദൗർലഭ്യം പരിഹരിക്കുവാൻ ഉതകുന്ന സൗരോർജ്യം ഉപയോഗപ്പെടുത്തുവാൻ വേണ്ട ബോധവത്ക്കരണം , സാമ്പത്തിക ശേഷിയുള്ളവർക്ക് കൊടുക്കുവാനുള്ള ഒരു ശ്രമം പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.

## (C) മാർക്കററ്

(1) നിലവിലുള്ള പബ്ളിക് മാർക്കറ്റിന് കൂടുതൽ വികസന സാധ്യതകൾ ഉണ്ട്. ആയതിലേയ്ക്ക് കൂടുതൽ സ്ഥലം ലഭിക്കുവാനുള്ള ശ്രമം നടത്തേണ്ടതാണ്.

(2) കാർഷിക വിളകളും നാണ്യവിളകളും മറ്റുള്ള പ്രത്യക ആളിൽ നിന്ന് കോഴഞ്ചേരി മാർക്കറ്റിൽ എത്തിക്കുന്നതിനും പുറം കമ്പോളങ്ങളിൽ നിന്ന് കോഴഞ്ചേരി മാർക്കറ്റിൽ എത്തി സാധനങ്ങൾ വിപണം ചെയ്യുന്നതിനും അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കണം. അമിത നികുതി ഈടാക്കാതിരിക്കത്തക്കവിധം പഞ്ചായത്ത് തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യുക.

(3) മത്സ്യ വിപണ സൊസൈറ്റി രൂപീകരിക്കുക.

(4) ആധുനിക സൗകര്യങ്ങളോടു കൂടി ഒരു മാംസ അറവുശാല സ്ഥാപിക്കുന്നതിനുള്ള നടപടി എടുക്കുക.

# ഭവനനിർമ്മാണം

സാമൂഹ്യജീവിതത്തിൽ മനുഷ്യന് ആഹാരവും വസ്ത്രവും പോലെ തന്നെ പ്രാധാന്യമുള്ളതാണ് പാർപ്പിടം .വീട് എന്ന സങ്കല്പം ഉടലെടുത്ത കാലഘട്ടം മുതൽ കാലത്തിന്റെ മാറ്റത്തിനനുസൃതമായി വീടുകൾക്കും മാറ്റങ്ങളുണ്ടായി. ഒരു വ്യക്തിയുടെ അല്ലെങ്കിൽ കുടുംബത്തിന്റെ സാമൂഹ്യപദവിയുടെ പ്രതിരൂപമായാണ് വീടുകൾ കണക്കാക്കപ്പെട്ടിരിക്കുന്നത്. പണ്ട് വെട്ടുകല്ല്, തടി, ഓട്, മുതലായവ കൊണ്ടാണ്വീടുകൾ നിർമ്മിച്ചിരുന്നത്. കുമ്മായവും മണലും അരിച്ച് നീളത്തിൽ ആഴം കുറഞ്ഞ കുഴിയുണ്ടാക്കി അതിലിട്ട് പാകത്തിന് വെള്ളം ചേർത്ത് ഇടിച്ച് പതം വരുത്തിയാണ് ഭിത്തികൾ തേച്ചു മിനുക്കിയിരുന്നത്. ഇതു പണിയുന്നവരുടെ കരവിരുത് വിളിച്ചറിയിക്കത്തക്ക വിധമുള്ള കൊത്തുപണികളും ധാരാളം ഉണ്ടായിരുന്നു. പഴയ കാലങ്ങളിൽ പണിതിട്ടുള്ള അമ്പലങ്ങളും പള്ളികളും പല വീടുകളും പരിശോധിച്ചാൽ അന്നത്തെ നിർമ്മാണ രംഗത്തുണ്ടായിരുന്ന പ്രത്യേകതകളെക്കുറിച്ചു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ മൃഗതുല്യരായി കഴിഞ്ഞിരുന്ന അധസ്ഥിതജനവിഭാഗങ്ങൾ താമസിച്ചിരുന്നത് കുടിലുകളിലായിരുന്നു. കാലിതൊഴുത്തിനു തുല്യമായ ചെറ്റകുടിലുകളായിരുന്നു അവ. എന്നാൽ കാലത്തിന്റെ മാറ്റത്തിനനുസൃതമായി ചില മാറ്റങ്ങൾ പിന്നീട് ഉണ്ടായി. ഭവന നിർമ്മാണരംഗത്ത് സിമൻറും കമ്പിയും മെറ്റലും മണലും ഉപയോഗിച്ച് കോൺ ക്രീറ്റു ചെയ്യുവാൻ തുടങ്ങിയതോടു കൂടി ഭവനനിർമ്മാണശൈലി തന്നെ മാറിപ്പോയി. കഴിഞ്ഞ മുപ്പതു വർഷത്തിനുള്ളിൽ ഭവനനിർമ്മാണരംഗത്ത് വൻമാറ്റങ്ങളുണ്ടായി. സാധാരണക്കാരന് അപ്രാപ്യമായനിലയിൽ സിമൻറ്, കമ്പി, മണൽ, ഇഷ്ടിക, തടി എന്നിവയ്ക്ക് വില ദൂർവഹമായ രീതിയിൽ വർദ്ധിച്ചു. അതോടൊപ്പം ഈ രംഗത്തു പണിയെടുക്കുന്ന മേസ്തിരി, ആശാരി, മറ്റ് വേലക്കാർ എന്നിവർക്ക് യഥാക്രമം 150, 150, 120 എന്നീ നിരക്കിൽ കൂലിയിൽ വർദ്ധനവുണ്ടായി. അങ്ങനെ എല്ലാരംഗത്തും വൻ വർദ്ധനവാണ് ഈ രംഗത്ത് ഉള്ളത്.

ഇതിനു കാരണം പലതാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം, റബ്ബർ മേഖലയുടെ വളർച്ച, രൂപയുടെ മൂല്യശോഷണം എന്നിവയെല്ലാം വില വർദ്ധനവിനു കാരണമായി.

എന്നാൽ ഈ വിലവർദ്ധനവ് നില നില്ക്കുമ്പോഴും ധാരാളം ബഹുനില രമ്യഹർമ്മങ്ങൾ പടുത്തുയർത്തുന്നതു കാണാം. മാർബിൾ, മൊസെയ്ക്ക് മുതലായ വില കൂടിയ സാമഗ്രികൾ കൊണ്ടാണ് ഇവ പണിയുന്നത്. ഈ അവസരത്തിൽ സാധാരണക്കാരായ ജനങ്ങൾക്ക് വീടു പണിയുന്നതിന് വളരെയധികം ക്ലേശങ്ങൾ സഹിക്കേണ്ടതായിട്ടുണ്ട്. മിക്കപ്പോഴും വീടു പണി കഴിയുമ്പോൾ പലരും കടക്കാരായി മാറും.

ഈ പഞ്ചായത്ത് ഒരു പട്ടണപ്രദേശമാണ്. 1991-ലെ സെൻസസ് പ്രകാരം 2801 വീടുകൾ താമസിക്കുന്നതിനായിട്ടുണ്ട്. 8 വാർഡുകളിലായി പഞ്ചായത്ത് രജിസ്റ്റർപ്രകാരം 287 കെട്ടിടങ്ങൾ ഒന്നിൽ കൂടുതൽ നിലകളുള്ളതാണ്. 2064 കോൺക്രീറ്റ് കെട്ടിടങ്ങളും, 1922 ഓടിട്ട വീടുകളും, 336 ഓലമേഞ്ഞ വീടുകളും ഉണ്ട്. ഇനിയും ധാരാളം ആളുകൾക്ക് ഭവനങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പല ഭവനനിർമ്മാണപദ്ധതികളും ഇപ്പോൾ നിലവിലുണ്ട്. JRY, IAY, ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതികൾ എന്നിവയാണ് അവ. വീടു ലഭിക്കേണ്ടുന്ന വ്യക്തിക്ക് ഏറ്റവും കുറഞ്ഞത് 4 സെൻറ് ഭൂമി സ്വന്തംപേരിൽ ഉണ്ടായിരിക്കണം. എന്നാൽ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് 2 സെൻറ് ഭൂമി ഉണ്ടായിരുന്നാൽ മതി. സ്വന്തം പേരിൽ വസ്തു ഇല്ലാത്തതുമൂലം പഞ്ചായത്തിൽ പട്ടികജാതി /വർഗ്ഗ വിഭാഗങ്ങൾക്ക് വീടു ലഭിക്കുന്നതിന് കഴിയാതെ വന്നിട്ടുണ്ട്.

ഭവനനിർമ്മാണരംഗത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതികേന്ദ്രത്തിന്റെ സഹായം ലഭ്യമാണ്. വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നല്കുന്ന സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഭവനനിർമ്മാണ

ബോർഡിൽ നിന്നും വായ്പകൾ ലഭിക്കുന്നതിന് സങ്കീർണ്ണമായ നടപടി ക്രമങ്ങളാണ് നിലവിലുള്ളത്. മറ്റുപല ധനകാര്യസ്ഥാപനങ്ങൾ ഭവനനിർമ്മാണ വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്നതും സാധാരണജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

**ഭവനനിർമ്മാണരംഗത്ത് പ്രശ്നങ്ങൾക്ക് പരിഹാരംകാണുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

1.പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിച്ച് ന്യായവിലയ്ക്ക് വിതരണം ചെയ്യുക.

2. ടി സംഘങ്ങൾക്ക് ആവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുക.

3.വീടും സ്ഥലലവും ഈടായി വായ്പ അനുവദിക്കുക.

4.പലിശനിരക്ക് കുറയ്ക്കുക.

5.ചിലവുകുറഞ്ഞതും മനോഹരവുമായ വീടു നിർമ്മാണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

6. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പരിശീലനം നല്കുക.

7.സ്വന്തമായി സ്ഥലവും വീടുംഇല്ലാത്ത പഞ്ചായത്തിലെ 50-ഓളം കുടുംബങ്ങൾക്ക് സ്ഥലവും പാർപ്പിടവും നല്കുന്നതിനുള്ള പദ്ധതി തയ്യാ റാക്കണം.

8.സ്വന്തമായി സ്ഥലമുണ്ടെങ്കിലും വാസയോഗ്യമായ വീടുകൾ ഇല്ലാത്ത പഞ്ചായത്തിലെ 250-ഓളം കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നല്കുവാനുള്ള പദ്ധതി രൂപീകരിക്കണം.

9.പഞ്ചായത്തിൽ 5 പട്ടികജാതി കോളനികളും 3 ലക്ഷം വീടു കോളനികളും ഒരു കെ.എസ്.എച്ച്.ബി കോളനിയും ഉണ്ട്. ഈ കോളനികളിൽ എല്ലാം തന്നെ പ്രാഥമിക ആവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ പരിമിതമാണ്. അതിനാൽ അവർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കണം.

# സാമൂഹ്യക്ഷേമം

താഴ്ന്ന വരുമാനക്കാരുടെയും ദുർബലജനവിഭാഗങ്ങളുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ജീവിതനിലവാരം ഉയർത്തുന്നതിനുള്ളവിവിധപരിപാടികളാണ് സാമൂഹ്യക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷൻ, തൊഴിലാളി ക്ഷേമനിധി ബോർഡുകൾ,സന്നദ്ധസംഘടനകൾ എന്നിവയുടെ വിവിധപദ്ധതികൾ ഈ രംഗത്ത് നിലവിലുണ്ട്.

IRDP സർവ്വേപ്രകാരം ഈ പഞ്ചായത്തിലെ എട്ടു വാർഡുകളിലായി ദാരിദ്ര്യരേഖയുടെ താഴെ 827 കുടുംബങ്ങൾ ഉള്ളതായി കാണുന്നു. 125 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബാങ്ക് വായ്പയും സഹായധനവും നല്കിയിട്ടുണ്ട്. ഇതിൽ 63 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 5 പേർ വികലാംഗരുമാണ്. IRDP സർവ്വേപ്രകാരം ആകെയുള്ള 827 കുടുംബങ്ങളിൽ 642 കുടുംബങ്ങൾക്ക് ശുചിത്വമുള്ള കക്കൂസുകൾ നിലവിലുണ്ട്. കഴിഞ്ഞവർഷങ്ങളിൽ 49 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കിയിട്ടുണ്ട്.1992-93 മുതൽ JRY, IAY, പദ്ധതികളിലായി 59 കുടുംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം നല്കിയിട്ടുണ്ട്. 1996-97 ൽ 12 കുടുംബങ്ങൾക്ക് കൂടി വീടു വെയ്ക്കുന്നതിനും, 42 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കു

ന്നതിനും 20 പട്ടികളായി ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. എന്നാൽ ഭവനനിർമ്മാണത്തിന് ധനസഹായം നല്കുന്നതിന് ലക്ഷ്യമിടുന്ന പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ട്.സ്വന്തം പേരിൽ 2 സെൻറു ഭൂമിയില്ലാത്തതാണ് ഇതിനുള്ള കാരണം.

സംയോജിത ഗ്രാമവികസന പരിപാടിയിലുൾപ്പെടുന്ന ട്രൈസം പദ്ധതിയിൽ 1992 മുതൽ 96 വരെ 5 പേർക്ക് സ്വയം തൊഴിൽ പരിശീലനം നല്കിയിട്ടുണ്ട്. DWCRA യിൽ സ്ത്രീകളുടെ കൂട്ടായ സ്വയം തൊഴിൽ ലക്ഷ്യമാക്കി ഒരു യൂണിറ്റ് രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.മില്യൻ വെൽ പദ്ധതിയിൽകാർഷികാ വശ്യത്തിനായി കിണർ നിർമ്മിക്കുന്നതിന് 1993-94 മുതൽ 95-96 വരെ 4 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ സ്വന്തമായി കൃഷിഭൂമിയില്ലാത്തതിനാൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. ഗ്രാമീണ കൈത്തൊഴിൽ ചെയ്യുന്ന വിഭാഗത്തിൽപ്പെട്ടവർക്കായി ആധുനികപണി ആയുധങ്ങൾ നല്കുന്ന പദ്ധതിയിൽ ഒരാൾക്ക് 95-96 ൽ ടൂൾ കിറ്റ് നല്കുകയുണ്ടായി. അർഹതയുള്ള കുടുംബങ്ങൾക്ക് പൂർണ്ണമായ അർത്ഥത്തിൽ സ്വയം തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനും ഗ്രാമസഭയിലൂടെ അതാത് വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ കഴിയണം.

### ക്ഷേമപദ്ധതികൾ

1.വാർദ്ധക്യകാല പെൻഷൻ: 65 വയസ്സ് പൂർത്തിയായവരും പ്രായപൂർത്തിയായ ആൺമക്കളില്ലാത്തവരും താഴ്ന്ന വരുമാനക്കാരുമായ ആളുകൾക്ക് പ്രതിമാസം 100 രൂപാ പെൻഷൻ നല്കുന്ന ഒരു പദ്ധതിയാണ്. ഈ പഞ്ചായത്തിൽ 13 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ അർഹരായ പലർക്കും ഇനിയും പെൻഷൻ നല്കേണ്ടതായിട്ടുണ്ട്. ഇതിൽപ്രകാരം അർഹതനില നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുമാണ്.

2.വിധവാ പെൻഷൻ: വൈധവ്യം സംഭവിച്ചവർക്കും ഭർത്താവുപേക്ഷിച്ചവർക്കും നിയമാനുസൃതംവിവാഹമോചനം നേടിയവർക്കും ഉളള പെൻഷൻ പദ്ധതിയാണിത്. പെൻഷൻ തുക 100 രൂപയാണ്. ഈ പഞ്ചായത്തിൽ 27 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമേ വിധവകൾക്ക് പെൻഷൻഅർഹതയുള്ളൂ.

3.വികലാംഗ പെൻഷൻ: ശാരീരികമായി അംഗവൈകല്യമുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ നല്കുന്ന പെൻഷനാണിത്. പെൻഷൻ തുക പ്രതിമാസം 100 രൂപയാണ്.

4.തൊഴിലില്ലായ്മ വേതനം: 35 വയസ്സിന് താഴെയുള്ള തൊഴിലില്ലാത്തവർക്ക് നല്കി വരുന്ന ആനുകൂല്യമാണിത്.പ്രതിമാസം 70 രൂപയാണ് ഇപ്പോൾ വേതനമായി നല്കുന്നത്.

5.കർഷക തൊഴിലാളി പെൻഷൻ: 60 വയസ്സിനുമേൽ പ്രായമുള്ള കർഷകതൊഴിലാളികൾക്ക് നല്കുന്ന പെൻഷൻ പദ്ധതിയാണിത്. കർഷക തൊഴിലാളി ക്ഷേമനിധിബോർഡിൽ നിന്നുമാണ് പെൻഷൻ ലഭിക്കുന്നത്.

### അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ അംഗൻവാടികളും, ബാലവാടികളും, മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നില്ല.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് അംഗൻവാടികളുടെയും ബാലവാടികളുടെയും മഹിള ാ സമാജങ്ങളുടെയും പ്രവർത്തനം അത്യന്ത്യാപേക്ഷിതമാണ്. ഒരു വാർഡിൽ ഒരു ബാലവാടി വീതം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1.എല്ലാ പെൻഷൻ പദ്ധതികളും ഗ്രാമപഞ്ചായത്തു മുഖേന നടപ്പിലാക്കേണ്ടതും ഗുണഭോക്താക്കളെ ഗ്രാമസഭകൾ മുഖേന തെരഞ്ഞെടുക്കേണ്ടതുമാണ്.

2.എല്ലാ വാർഡിലും അംഗൻവാടികൾ പ്രവർത്തിപ്പിക്കുകയും അവിടെ മെച്ചപ്പെട്ട പഠന സൗകര്യ

ങ്ങൾ ഉണ്ടാക്കുകയും ചെയ്യണം.

3.എല്ലാ മേഖലയിലും കൂലിപ്പണിയെടുക്കുന്ന തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് വിവിധ മേഖലകളിലുള്ള ക്ഷേമനിധികളിൽ അംഗങ്ങളാക്കുകയും ചെയ്യുക.

4.സാമൂഹ്യപിന്നോക്കാവസ്ഥയിൽ കഴിയുന്നവർക്കായി വിവിധതരം തൊഴിൽ സംരംഭങ്ങങ്ങൾ ആരംഭിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

5.പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

# സംസ്ക്കാരം - ടൂറിസം

. കലാകായിക സംസ്കാരിക പ്രവർത്തനങ്ങൾ വ്യക്തികളുടെയും സമൂഹത്തിൻെറയും പുരോഗതിയെ ലക്ഷ്യം വയ്ക്കുന്നതാകണം എന്നാൽ നമ്മുടെ കലാകായിക സാംസ്ക്കാരീകസംഘടനകൾക്ക് ഇത്തരത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കഴിയുന്നില്ല എന്നതാണ് ഇന്നത്തെ പ്രതിസന്ധി ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ തങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്തി ഈ പ്രതിസന്ധി അതിജീവിക്കുവാൻ ശ്രമിക്കണം കോഴഞ്ചേരി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ നിരവധി കലാ-സാംസ്ക്കാരിക സമതികളും ഗ്രന്ഥശാലകളുമുണ്ട്.

ഈ ജില്ലയിലെ കായികകലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ധാരാളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ കഴിവുകളെ കൂടുതൽ ഉയരങ്ങളിൽ എത്തിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്.

പഞ്ചായത്തിൽ നിലവിലുള്ളതുംഎന്നാൽ ജീർണ്ണാവസ്ഥയിലുള്ളതുമായ കായികകലാസമിതികൾ പുന: സംഘടിപ്പിക്കണം. സ്വന്തമായി ആസ്ഥാനം ഇല്ലാത്ത സമതികൾക്ക് സ്വന്തമായി ആസ്ഥാനങ്ങളും ആവശ്യമായ മറ്റ് ഭൗതീകസാഹചര്യങ്ങളും ഉണ്ടാകണം. കായിക കലാസമതികൾക്ക് പരിശീലന സൗകര്യങ്ങൾ നൽകണം.

കായിക-കലാ പ്രതിഭകൾക്ക് പ്രോത്സാഹനമായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കായിക കലാ സമതികളുടെ പ്രവർത്തനങ്ങൾ വില ഇരുത്തി ഗ്രാൻറ് നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

എല്ലാ സ്ക്കൂളുകിലും സാഹിത്യ സമാജങ്ങൾ ആരംഭിക്കുകയും സ്ക്കൂൾ തലം മുതൽ കായികകലാരംഗങ്ങളിൽ ചിട്ടയായ പരിശീലനം നല്കുകയും ചെയ്യണം.

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശക്തമായ സ്ഥാപനമാണ് ഗ്രാമീണ ഗ്രന്ഥ ശാലകൾ. സമൂഹത്തെ വളരെ അധികം സ്വാധീനിച്ച സാഹിത്യ നവോത്ഥാനത്തിന് ഗ്രന്ഥശാലകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഒരു രാജ്യത്തിൻെറ സാംസ്ക്കാരികവും സാമൂഹ്യവുമായ വളർച്ച കലാ സാഹിത്യശാസ്ത്രാദികളിൽ ഉള്ള വിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു. ഇത്തരത്തിൽ ഉള്ള വിജ്ഞാനാർജജനത്തിന് നമുക്കുപയോഗിക്കാവുന്നത് ഗ്രന്ഥശാലകളെയാണ്.

നമ്മുടെ പഞ്ചായത്തിൽ ആറ് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട് എന്നു വരികിലും പല വായനശാലകളുടെയും പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്. അവയെ പുനരുദ്ധരിച്ച് നല്ലനിലയിൽ പ്രവർത്തിപ്പിക്കേണ്ടതു നമ്മുടെ നാടിൻെറ ആവശ്യമാണ്. എല്ലാ ഗ്രന്ഥശാലകളോമനുബന്ധിച്ച് ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുകയും നവസാക്ഷരർക്ക് പഠനോപകരണങ്ങൾ ഗ്രന്ഥ ശാലകളിലൂടെ വിതരണം ചെയ്യുകയും ചെയ്യേണ്ടത് ആവശ്യമാണ്. എല്ലാ ഗ്രന്ഥശാലകളും പൊതു ഇൻഫർമേഷൻ സെൻററുകളായി മാറ്റേണ്ടതാണ്. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ഗ്രന്ഥശാലകളിൽ വേണ്ട വിധത്തിൽ ഉള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

കോഴഞ്ചേരി പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുൻപന്തിയിലാണ് മഹിളാ സംഘടനകൾ രൂപവൽക്കരിക്കുകയും തൊഴിലധിഷ്ഠിത പദ്ധതികൾ മഹിളാ സംഘടനകൾ മുഖേന നടപ്പാക്കി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഒരു നാടിൻെറ സാംസ്ക്കാരിക നിലവാരം കണക്കാക്കുന്നതിന് ആ നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരാധനാലയങ്ങൾ , കലാ-കായിക സമതികൾ തുടങ്ങിയവയുടെ സ്ഥിതിയും വ്യാപ്തിയും പരിഗണിക്കപ്പെടേണ്ടതുണ്ടല്ലോ? കോഴഞ്ചേരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങളാൽ അനുഗ്രഹിക്കപ്പെട്ട നാടാണ്. മത മൈത്രിയുടെ ഭാഗമായി ദേവാലയങ്ങളും അമ്പലങ്ങളും മറ്റ് ആരാധനാലയങ്ങളും കൊണ്ട് സമ്പന്നമാണ് കോഴഞ്ചേരി. ലോകപ്രസിദ്ധമായ മാരാമൺ കൺവൻഷൻ, ആറൻമുള ഉത്രട്ടാതി വള്ളംകളി, ചെറുകോൽപ്പുഴ

കൺവൻഷൻ എന്നിവ കോഴഞ്ചേരിയെ ലോകപ്രസിദ്ധമാക്കിയിട്ടുണ്ട്.

കോഴഞ്ചേരിയുടെ പൂർവ്വകാല സാംസ്ക്കാരിക ഉയർച്ചയ്ക്ക് ഒത്തവണ്ണം ജനകീയ ആസൂത്രണത്തിലൂടെ കോഴഞ്ചേരിയുടെ സാംസ്ക്കാരിക നിലവാരം ഉന്നതിയിൽ എത്താക്കുന്നതിന് നമുക്ക് കൂട്ടായി പ്രയ്നിക്കേണ്ടിയിരിക്കുന്നു.

## ടൂറിസം

കോഴഞ്ചേരി പഞ്ചായത്ത് അതിർത്തിയിൽ സ്ഥതി ചെയ്യുന്ന മനോഹരമായ ഒരു തടാകമാണ് പന്നിവേലിച്ചിറ. ഏതാണ്ട് 20 ഹെക്ടറോളം വരുന്ന ഈ തടാകത്തിന്റെ ഒരു ഭാഗം കോഴഞ്ചേരി പഞ്ചായത്തിലും ഒരുഭാഗം മല്ലപ്പുഴശേരി പഞ്ചായത്തിലും ആണ് സ്ഥതിചെയ്യുന്നത്.

ആറൻമുള, മല്ലപ്പുഴശേരി, കോഴഞ്ചേരി പഞ്ചായത്തുകളിലെ നെൽകൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കാനുള്ള ഒരു നിർദ്ദേശം. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. ഫിഷറീസ് വക ുപ്പിന്റെ മീൻ വർത്തൽ കേന്ദ്രം,ഓഫീസ്, വൈദ്യുതിവകുപ്പിന്റെ സബ് സ്റ്റേഷൻ എന്നിവ ഈ ഭാഗത്തുണ്ട്. ആറോളം കുടികിടപ്പുകൾ ഇവിടെ ഉണ്ട് അവരുടെ പ്രശ്നങ്ങൾ സ്ഥിരസംവിധാനത്തിലൂടെ പരിഹരിക്കേണ്ടതാണ്. ചിറയിൽ വേനൽകാലത്ത് വെള്ളത്തിന്റെ കുറവ് പരിഹരിക്കാൻ പമ്പാ ജലസേചന പദ്ധതി കനാലുകളിൽ കൂടി കൂടുതൽ വെള്ളം ചിറയിൽ എത്തിക്കാൻ കഴിയും.

നിർദ്ദേശങ്ങൾ പന്നിവേലിച്ചിറയിലും പമ്പാനദിയുടെ തീരത്തും

ബോട്ടിംഗ് സൗകര്യങ്ങൾ

ബോട്ടാണിക്കൽ ഗാർഡൻ

കോട്ടേജുകൾ,

റിസേർച്ച് സെൻറർ

അക്വേറിയം,

കുട്ടികളുടെ പാർക്ക്

ഇവ നിർമ്മിക്കുന്നതിന് സമീപ പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് പദ്ധതി ഉണ്ടാക്കിയാൽ ഈ പ്രദേശത്ത് ടൂറിസ വികസനം ത്വരിതപ്പെടുത്താവുന്നതാണ്.

കൂടാതെ, തണങ്ങാട്ടിൽ പാലത്തിനു സമീപം തീർത്ഥാടക വിശ്രമകേന്ദ്രം ആരംഭിച്ചാൽ മാരാമൺ,ശബരിമല, ആറൻമുള ചെറികോൽപുഴ, മഞ്ഞണിക്കര തീർത്ഥാടകർക്ക് വളരെ ഗുണകരമായിരിക്കും. തീർത്ഥാടകർക്ക് പ്രാഥമിക സൗകര്യങ്ങൾ, താമസസൗകര്യങ്ങൾ ഇവ ഒരുക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും കൂടുതൽ തൊഴിലവസരം ഉണ്ടാക്കാൻ കഴിയുകയും ചെയ്യും.

# വനിതാക്ഷേമം

കോഴഞ്ചേരി പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു നൂറ്റാണ്ട് മുൻപുതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നിരുന്നു. അക്കാലം മുതൽക്ക് തന്നെ ഈ നാട്ടിൽ സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയിരുന്നു. ഏതാണ്ട് അര നൂറ്റാണ്ട് മുൻപ് ഒരു കോളജ് പഞ്ചായത്തിൽ സ്ഥാപിതമായതോടു കൂടി ഉന്നത വിദ്യാഭ്യാസത്തി നുള്ള സൗകര്യങ്ങളും സ്ത്രീകൾക്ക് ലഭ്യമായി. എന്നാൽ ഇതിനു മുൻപു തന്നെ ഈ പ്രദേശത്തെ നിരവധി സ്ത്രീകൾ അക്കാലത്ത് ദക്ഷിണേന്ത്യയിലുണ്ടായിരുന്ന പ്രമുഖ കലാലയങ്ങളിൽ വിദ്യ അഭ്യസിച്ചിരുന്നു. അങ്ങനെ വിദ്യാസമ്പന്നമായ ഒരു സ്ത്രീ സമൂഹം പണ്ടു മുതൽക്കു തന്നെ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഇന്ന് പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും വിദ്യാസമ്പന്നരും ബാക്കിയുള്ളവർ സാക്ഷരരുമാണ്.

ഈ പ്രദേശത്തെ സ്ത്രീകളെ പൊതുവെ മൂന്നു തട്ടുകളിലായി തരം തിരിക്കാം. സമ്പന്ന കുടുംബങ്ങളിലെ സ്ത്രീകൾ വിദ്യാസമ്പന്നരാണെങ്കിലും തൊഴിൽ ചെയ്യാനും അർഹരായവർക്ക് തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കിക്കൊടുക്കുവാനും താല്പര്യമില്ലാതെ കഴി യുന്നു. ഇടത്തരം കുടുംബംഗങ്ങളിലെ സ്ത്രീകൾ അധികവും അദ്ധ്യാപകവൃത്തിയിലും ആതുര ശുശ്രൂഷാ രംഗത്തും ബാങ്കിംഗ് മേഖലയിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. താണ വരുമാനക്കാർ എന്നു വിശേ ഷിപ്പിക്കാവുന്നവർ കൃഷിജോലികൾ, കെട്ടിട നിർ മ്മാണം, മത്സ്യവിപണനം, പച്ചക്കറിക്കച്ചവടം തുടങ്ങി യവയിലൂടെ നിത്യവൃത്തി കഴിയുന്നു. ഈ മൂന്നു തട്ടി ലുള്ളവർക്കും ക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കേ ണ്ടത് കോഴഞ്ചേരി പഞ്ചായത്തിൻെറ അടിയന്തി രാവശ്യമാണ്.

വീട്ടമ്മമാരായ സ്ത്രീകളും അവരുടേതായ സംഭാവനകൾ സമൂഹത്തിൽ നല്കുന്നുണ്ട്. ഗൃഹഭരണം നടത്തുക, കുട്ടികളെ പരിചരിക്കുക, കൃഷി കാര്യങ്ങളിൽ പങ്കെടുക്കുക, ഏതെങ്കിലും തൊഴിൽ ചെയ്തു കുടുംബം പുലർത്തുക തുടങ്ങി ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെ ടുത്തു നടത്തുന്നുണ്ട്. എന്നാൽ ഇവ ഒന്നും ഗണനീ യമായി കരുതുന്നില്ല എന്നത് വസ്തുതയാണ്. നാഗരിക സ്ത്രീകളാകട്ടെ അവരുടെ അറിവോ, സമ്പത്തോ, സമയമോ ഒന്നും തന്നെ സമൂഹ പുരോഗതിയ്ക്കായി വിനിയോഗിക്കുന്നില്ല. മാനവശേഷിയും സമയവും സമ്പത്തും വ്യർത്ഥമാക്കിക്കളയുന്നു. ജോലിക്കാരായ സ്ത്രീകൾ വീട്ടിലേയും ഓഫീസിലെയും ഉത്തരവാദിത്തങ്ങൾ ഒരേ സമയത്ത് ഏറ്റെടുത്ത് ഇരട്ടി ജോലി ചെയ്യുന്നു.

## വിദ്യാഭ്യാസരംഗം

പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്കൂൾ പഞ്ചായത്തിലുണ്ട്. ആയിരക്കണക്കിന് വിദ്യാർത്ഥിനികൾ വിദ്യ അഭ്യസിച്ച് ഉപരിപഠനാർത്ഥം അവിടെ നിന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അവിടെ പ്രവർത്തിക്കു ന്നവരിൽ 95 % അദ്ധ്യപികമാരാണ്. കോഴഞ്ചേരി ഗവണ്മെൻറ് ഹൈസ്കൂളിലും പെൺകുട്ടികളാണ് ആൺകുട്ടികളെക്കാൾ കൂടുതൽ. പ്രാധാന അദ്ധ്യാപിക അടക്കം അദ്ധ്യപികമാരാണ് അവിടെയും കൂടുതൽ. സെൻറ് തോമസ് ബോയ്സ് ഹൈസ്കൂളും പ്രധാ നാദ്ധ്യാപികയുടെ മേൽനോട്ടത്തിലാണ് വർഷങ്ങളായി പ്രവർത്തിച്ചു വരുന്നത്. കോളജ് വിദ്യാഭ്യാസ രംഗത്തും പഞ്ചായത്തിലുള്ള ഏക കോളജിൽ പെൺകുട്ടികൾ 51 % ഉണ്ട്. അദ്ധ്യപികമാരാവട്ടെ 40 %. നഴ്സിംഗ്, പാരാമെഡിക്കൽ മുതലായ മേഖലകളിൽ വിദ്യാഭ്യാസത്തിന് പോകുന്നവരിൽ 90 % പെൺകുട്ടികളാണ്.

## തൊഴിലെടുക്കുന്ന സ്ത്രീകൾ

വിദ്യാഭ്യാസ നിലവാരത്തിനനുസരിച്ച് പഞ്ചായത്തിൽ സ്ത്രീകൾ തൊഴിലുകളിൽ ഏർപ്പെടുന്നില്ല. സഹകരണവകുപ്പ്, വ്യവസായ വകുപ്പ് തുടങ്ങിയവയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താനുള്ള ബോധവൽക്കരണം നടത്തേണ്ടതുണ്ട്. 'വിക്കോസ്' എന്ന പേരിൽ സഹകരണാടിസ്ഥാനത്തിലുള്ള ഒരു സംഘടന ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. തുണിനെയ്ത്ത്, തയ്യൽ, വ്യാപാരസ്ഥാപനങ്ങൾ, ചെറുകിട വ്യവസായങ്ങൾ മുതലായ മേഖലകളിൽ സ്ത്രീകൾക്ക് അവസരങ്ങളുണ്ട്.100 % സ്ത്രീകളാൽ

നടത്തപ്പെടുന്നവയും സ്ത്രീകൾ മാത്രം തൊഴിലാളികളുമായ സ്ഥാപനങ്ങൾക്ക് സർക്കാർ ധാരാളം ആനുകൂല്യങ്ങൾ നല്കുന്നുണ്ട്. ഇത്തരം ആനുകൂല്യങ്ങൾ മുതലെടുത്താൽ തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് പുരോഗതിയുണ്ടാകും. വിദേശങ്ങളിൽ തൊഴിൽ തേടിപ്പോകുന്ന പെൺകുട്ടികൾ ഏറെയുള്ള നാടാണ് കോഴഞ്ചേരി. അവർ കബളിക്കപ്പെടാതിരിക്കാൻ സർക്കാർ മുൻകരുതലുകളെടുക്കേണ്ടതുണ്ട്. വിദേശത്തു നിന്നു ധാരാളം പണവും ജീവിത പരിചയമായി വരുന്ന സ്ത്രീകൾ സമൂഹത്തിൻെറ നന്മയ്ക്കു വേണ്ടിയും സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടിയും പ്രവർത്തിക്കേണ്ടതാണ്.

## സ്ത്രീസംവരണം

സ്ത്രീസംവരണം പൊതു രംഗത്തേയ്ക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് കാരണമായിട്ടുണ്ട്. ഭരണ രംഗത്തും സാമൂഹ്യരാഷ്ട്രീയ മേഖലകളിലും പ്രവർത്തി യ്ക്കുവാൻ സ്ത്രീകൾ നിർബന്ധിതരായിരിക്കുന്നു. പാർലമെൻറിൽ അവതരിപ്പിക്കാൻ പോകുന്ന സംവരണ ബിൽ നിയമനിർമ്മാണരംഗത്ത് സ്ത്രീകളുടെ പദവി തീർച്ചയായും ഉയർത്തും.

## വനിതാസംഘടനകൾ

മഹിളാ സമാജങ്ങൾ, വൈ. ഡബ്ളിയു. സി. എ., റോട്ടറി, ജേസീസ്, വൈസ്മെൻ, ലയൺ തുങ്ങിയ സംഘട നകളുടെ വനിതാ വിഭാങ്ങൾ, വിവിധ മത വിഭാഗങ്ങളുടെ വനിതാ സംഘടനകൾ തുടങ്ങിയവ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അന്യനാട്ടിൽ നിന്നും ജോലിക്കു വേണ്ടി വന്നു താമസിക്കുന്ന പെൺകുട്ടികൾക്ക് വേണ്ടി വൈ. ഡബ്ളിയു. സി. എ. ഒരു ഹോസ്റ്റൽ നടത്തുന്നുണ്ട്. എന്നാൽ ഈ ഹോസ്റ്റലിൽ ഉൽക്കൊള്ളാവുന്നവരുടെ എണ്ണം പരിമിതമാണ്. മറ്റു സംഘടനകളും ഈ മേഖലയിൽ മുൻ കൈ എടുക്കേണ്ടതാണ്.

## ആരോഗ്യം

സാംക്രമിക രോഗങ്ങൾ, അവയുടെ താത്കാലിക പ്രതിവിധികൾ, കുട്ടികളുടെ പരിചരണം, ഭക്ഷണ ക്രമം, സ്വഭാവ വൽക്കരണ ക്ലാസുകൾ പഞ്ചായത്തിൽ വാർഡുതലത്തിൽ സംഘടിപ്പിക്കണം. വരും തലമുറയെ വാർത്തെടുക്കുക എന്ന ജോലിയിൽ പ്രധാന പങ്കു വഹിക്കേണ്ടത് സ്ത്രീകളാണ്. അതിനാൽ ഏറ്റവും അധികം ബോധവൽക്കരണവും വിദ്യാഭ്യാസവും ഇക്കാര്യത്തിൽ സ്ത്രീകൾക്ക് ലഭിക്കണം.

## പരിഹാരനിർദ്ദേശങ്ങൾ

ഗ്രാമസമിതികളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, വനിതക്ഷേമ പ്രവർത്തനങ്ങളിലെ പോരായ്മകൾ നികത്തുന്നതിനുള്ള പരിഹാരനിർദ്ദേ ശങ്ങൾ താഴെ കൊടുക്കുന്നു.

1. സമുഹത്തിൽ, സ്ത്രീകളുടെ പങ്കിനെക്കുറിച്ച് വ്യക്തമായ ധാരണകൾ വളർത്തിയെടുക്കുന്നതിനാവശ്യമായ ബോധവല്ക്കരണ പരിപാടികൾ വാർഡുതലത്തിൽ സംഘടിപ്പിക്കണം.

2. തൊഴിൽ മേഖലകൾ വർദ്ധിപ്പിച്ചു വിദ്യാസമ്പന്നരും അല്ലാത്തവരുമായ സ്ത്രീകളുടെ മാനവ ശേഷി നാടിന് പ്രയോജനകരമായ വിധത്തിൽ പ്രയോജനപ്പെടുത്തണം.

3. വനിതാസംഘടനകൾ രൂപീകരിച്ച് സംഘടനകൾ വഴി വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. കറിപൗഡർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അലങ്കാര വസ്തുനിർമ്മാണം, പഴവർഗ്ഗസംസ്കരണം, ക്ഷീരോല്പന്നങ്ങൾ, തയ്യൽ, എംബ്രോയിഡറി യൂണിറ്റ് ആദിയായവ രൂപപ്പെടുത്തുകയും ഉല്പന്നങ്ങൾ മധ്യവർത്തികളുടെ ചൂഷണം ഇല്ലാതെ വിറ്റഴിക്കുന്നതി നുള്ള് സ്ഥിരം സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുകയും വേണം.

4. മൃഗസംരക്ഷണ വകുപ്പിൻെറ സഹായത്തോടെ വീടുകളിൽ കന്നുകാലികളെ വളർത്തുവാൻ (പശു, ആട്, കോഴി, etc ) ആവശ്യമായ നിർദ്ദേശങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സബ്സിഡി അനുവദിക്കുകയും വേണം.

5. ഒരു വീടിന് ഒരു പച്ചക്കറിത്തോട്ടം എന്ന വ്യക്തമായ ലക്ഷ്യത്തോടെ ഒരരോ കുടുംബിനിയും പ്രവർത്തി ക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും നൽകണം. ശാസ്ത്രീയമായ രീതിയിൽ പരിശീലനക്ലാ സ്സുകൾ, നൽകുകയും ആവശ്യമായ വിത്ത്, വളം തുടങ്ങിയവ യഥാ സമയം എത്തിക്കുകയും വേണം. ഏറ്റവും നല്ല പച്ചക്കറിത്തോട്ടത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ നൽകണം. അതുപോലെ പുഷ്പ കൃഷിരംഗത്തും വനിതകളെ

പ്രോത്സാഹിപ്പിക്കേ ണ്ടതുണ്ട്.

6. വനിതകളുടെ പ്രധാനതൊഴിൽ മേഖലകൾ ആതുര സേവനരംഗവും വിദ്യാഭ്യാസ രംഗവും ആണല്ലോ. ക്യാപ്പിറ്റേഷൻ കൊടുത്തു പഠിക്കുവാൻ സാധിക്കാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ പെൺകുട്ടികളെ ഉദ്ദേശിച്ച് ഗവർണ്മെൻറിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള പാരാമെഡിക്കൽ കോഴ്സുകൾ, നഴ്സിംഗ് കോഴ്സുകൾ, Bed സെൻറർ, TTC, വനിതാ ITC എന്നിവ ആരംഭിക്കണം. ഇത്തരത്തിലുള്ള ഒരു കോഴ്സും ഇപ്പോൾ ഇവിടെ ഇല്ല.

7. വനിത ക്ഷേമ സമിതി രൂപവല്ക്കരിക്കണം.

8. പെൺകുട്ടികൾക്ക് താമസ സൗകര്യാർത്ഥം വനിതാ ഹോസ്റ്റലുകൾ ആരംഭിക്കണം.

9. അർഹരായവർക്കെല്ലാം വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ കൊടുക്കുകയും നിലവിലുള്ള തുക വർദ്ധിപ്പിക്കുകയും വേണം.

10. മഹിളാ സമാജങ്ങൾ, ബാലവാടികൾ, ശിശുക്ഷേമ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണം.

11. സർവീസ് ബസുകളിൽ സ്ത്രീകൾക്കായി നീക്കി വെച്ചിട്ടുള്ള സീറ്റുകൾ സ്ത്രീയാത്രക്കാർ നില്ക്കു മ്പോൾ പുരുഷന്മാർ കൈയടക്കുന്ന പ്രവണതയ്ക്കെ തിരേ സർക്കാർ കർശന നടപടികൾ സ്വീകരിക്കാൻ പ്രേരിപ്പിക്കണം.

12. സ്ത്രീകളോട് അക്രമം കാട്ടുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനാവശ്യമായ നിയമം കൊണ്ടു വരണം.

ശക്തിയുടെയും സ്നേഹവാത്സല്യങ്ങളുടെയും അധിദേവതകളായ സ്ത്രീകളെ ആദരിക്കുകയും അവരുടെ പുരോഗതിയ്ക്കാവശ്യമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും വേണം. ഒപ്പം ഓരോ സ്ത്രീയിലും അന്തർലീനമായിരിക്കുന്ന സാദ്ധ്യതകളെക്കുറിച്ച് അവരിൽ അവബോധം ജനിപ്പിക്കുകയും വേണം.

'യത്ര നാരീ പൂജ്യതോ രമതോ തത്ര ദേവത'.

സ്ത്രീയെ എത്ര കണ്ട് സമൂഹം സ്നേഹിക്കുകയും, ആദരിയ്ക്കുകയും അംഗീകരിയ്ക്കുകയും ചെയ്യുന്നുവോ അവിടെ ഐശ്വര്യദേവത കളിയാടുന്നു.

# സഹകരണം

## All for each Each for all

1904 ലെ സഹകരണ നിയമത്തിൻെറ (കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1904). അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. കോഴഞ്ചേരി പഞ്ചായത്തിൽ കൊല്ലവർഷം 1096-ാമാണ്ടിൽ (1921) രൂപീകൃതമായ മൂന്ന് പരസ്പര സഹായ സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. അവ 136-ാം നമ്പർ കോഴഞ്ചേരി സർവ്വീസ് സഹകരണസംഘം; 240 -ാംനമ്പർ മേലുകര റീജിയണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കീഴുകര സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ്. ഈ മൂന്ന് സംഘത്തിൻെറയും പ്രവർത്തന പരിധി ഒരേ പ്രദേശം തന്നെ ആയത് വിചിത്രം തന്നെ. സഹകരണ ഡിപ്പാർട്ടുമെൻറിനുപോലും പ്രസ്തുത രഹസ്യം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്. ആദ്യകാലത്ത് കോഴഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. കോഴഞ്ചേരി ഉൾപ്പെടുന്ന പഴയ പത്തനംതിട്ട താലൂക്കിലെ മുഴുവൻ റേഷനിംഗ് സംവിധാനവും നിയന്ത്രിച്ചു വന്നത് ഈ സംഘമായിരുന്നു. പല റേഷൻ ഹോൾസെയിൽ കേന്ദ്രങ്ങളും നിരവധി റീട്ടെയിൽ കടകളും സംഘത്തിനുണ്ടായിരുന്നു. കൂടാതെ ബാങ്കിങ്ങ് സംബന്ധമായ എല്ലാവിധ ഇടപാടുകളും കൺസ്യൂമർ സ്റ്റോർ, ഫാർമേഴ്സ് ക്ലബ് എന്നിവയും വളരെ സജീവമായി പ്രവർത്തിച്ചിരുന്നു. ഭരണാധികാരികളുടെ അഴിമതിയും, സഹകാരികളുടെ ഉത്തരവാദിത്വകുറവും, ഡിപ്പാർട്ടുമെൻറിൻെറ അനാസ്ഥയും മൂലം 136-നമ്പർ കോഴഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൻെറയും, കീഴുകര സർവ്വീസ് സഹകരണ സംഘത്തിൻെറയും പ്രവർത്തനം പൂർണ്ണമായി നിന്നു പോയിട്ട് പതിനഞ്ചുവർഷം കഴിയുന്നു. ജീവനക്കാർ ആരും തന്നെ ഇല്ലായിരുന്ന മേലുകര സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനം വളരെ മന്ദീഭവിക്കുകയും ചെയ്തിരുന്നു. ഏതാണ്ട് എഴുപത്തിയാറു വർഷത്തോളം പഴക്കമുള്ള കോഴഞ്ചേരി പഞ്ചായത്തിലെ മൂന്ന് സഹകരണസംഘങ്ങളുടെയും സ്ഥിതി 1989വരെയും ഇതായിരുന്നു. ഇതിനു പുറമേ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു കോഴി വളർത്തൽ സഹകരണസംഘവും കൺസ്യൂമർ സഹകരണസംഘവും, ഗൂർഖണ്ഡസാരി വ്യവസായ സഹകരണസംഘവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു.

കോഴിവളർത്തൽ സഹകരണസംഘം ഒഴിച്ച് ബാക്കിയുള്ളവയുടെ പ്രവർത്തനം നിലച്ചു പോയി.

### ഇപ്പോഴത്തെ സ്ഥിതി

പഞ്ചായത്തിൽ എട്ട് വാർഡുകളിൽ അഞ്ച് വാർഡുകൾ പ്രവർത്തന പരിധിയായി 240-ാം നമ്പർ മേലുകര സർവ്വീസ് സഹകരണ ബാങ്കും, മൂന്ന് വാർഡുകൾ പ്രവർത്തന പരിധിയായി കാരംവേലി സർവ്വീസ് സഹകരണസംഘവും പ്രവർത്തിച്ചു വരുന്നു. മേലുകരസർവ്വീസ് സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ തന്നെ ഉണ്ടായിരുന്ന കോഴഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൻെറ ആസ്ഥി-ബാധ്യതകൾ ഏറ്റെടുക്കാൻ തയ്യാറാണെന്നുള്ള ഇരു സംഘങ്ങളിലെയും അംഗങ്ങളുടെ പൊതുയോഗതീരുമാനപ്രകാരം കോഴഞ്ചേരി സർവ്വീസ് സഹകരണബാങ്ക്, മേലുകര 240-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവ അവസാനഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. മേലുകര സർവ്വീസ്സഹകരണ ബാങ്കിൻെറ ഒരു വിപണന കേന്ദ്രം കോഴഞ്ചേരി ടൗണിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് റബ്ബർ കൃഷിക്കാവശ്യമായ ആസിഡ്, വളം തുടങ്ങിയ എല്ലാവിധ സാധനങ്ങളും അവിടെ ലഭ്യവുമാണ്. വളരെ കാലമായി പ്രവർത്തിച്ചു വരുന്ന കോഴി വളർത്തൽ സഹകരണസംഘം മേലുകര ചീങ്കയിൽ മുക്കിനും, വനിതാ വ്യവസായ സഹകരണസംഘം വഞ്ചിത്രയിലും, പട്ടികജാതി - സഹകരണസംഘം തെക്കേമലയിലും മറ്റൊരു വനിതാ സംഘം മേലുകരയിലും പ്രവർത്തിച്ചു വരുന്നുണ്ട്.

### കാർഷികമേഖല

പഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ആവശ്യമായ കാഷിക - കാർഷികേതരവായ്പകൾ ഈ സംഘത്തിൽ നിന്നും ലഭ്യമാകുന്നു എന്ന് പറയുവാൻ നിർവ്വാഹമില്ല. മുഴുവൻ കർഷകരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുവാൻ തക്കവണ്ണം പ്രവർത്തനം കൂടുതൽ വിപുലീകരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ കാർഷികപ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും, കർഷകർക്ക്

ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷിക ബാങ്കുകൾ പങ്കാളിത്തം വഹിച്ചേ മതിയാകൂ. ഹ്യസ്വകാല മദ്ധ്യകാല കാർഷിക, കാർഷികേതര വായ്പകളും, ദീർഘകാല കാർഷിക വായ്പയും ഇപ്പോഴുള്ള സംഘങ്ങളിൽ നിന്നും ലഭ്യമാണ്. കൂടാതെ രണ്ട് സംഘങ്ങളും റബ്ബർവ്യാപാരം നടത്തുന്നുണ്ട്. കോഴഞ്ചേരി, പത്തനാപുരം, റാന്നി താലൂക്കുകൾ പ്രവർത്തനപരിധിയായുള്ള പത്തനംതിട്ട കാർഷിക - ഗ്രാമ - വികസനബാങ്ക് ആണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കർഷിക വായ്പ വിതരണം ചെയ്യേണ്ടത്. ഈ പ്രദേശങ്ങളിലെ 99% ജനങ്ങളും പ്രസ്തുത ബാങ്കിൽ അംഗത്വമില്ലാത്തവരും അതിൻെറ പ്രയോജനം ലഭിക്കാത്തവരുമാണ് അതിനാൽ കോഴഞ്ചേരി, തോട്ടപ്പുഴശ്ശേരി, അയിരൂർ, ചെറുകോൽ, ആറന്മുള, മല്ലപ്പുഴശ്ശേരി, ഇലന്തൂർ എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി ഒരു പുതിയ കാർഷിക ഗ്രാമവികസന ബാങ്ക് രൂപീകരക്കേണ്ടിയിരിക്കുന്നു.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1) കീഴുകരയിൽ പ്രവർത്തിക്കാതെ കിടക്കുന്ന സഹകരണസംഘത്തിൻെറ ആസ്ഥി - ബാധ്യതകൾ, മേലുകര സർവ്വീസ് സഹകരണബാങ്കിനെ ഏല്പിക്കുകയും അവിടെ ബാങ്കിൻെറ ഒരു ബ്രാഞ്ച സ്ഥാപിക്കുകയും ചെയ്യണം. സംഘത്തിന് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്. കെട്ടിടം ജീർണ്ണാവസ്ഥയിലാണ്.

2) കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്ന 240-ാം നമ്പർ മേലുകര സർവ്വീസ് സഹകരണ ബാങ്കിൻെറ വിപണന കേന്ദ്രത്തോടനുബന്ധിച്ച് ആധുനിക രീതിയിലുള്ള സ്ടോംഗ് റൂമും ക്യാഷ്കൗണ്ടറും സ്ഥാപിക്കുകയും ബാങ്കിൻെറ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യുക.

3)പച്ചക്കറി - ഫലവർഗ്ഗങ്ങൾ വിപണനംചെയ്യുന്നതിനുവേണ്ടി ഇവ ഉല്പാദിപ്പിക്കുന്നവരുടെ യോഗം വിളിച്ചുകൂട്ടിവിപണന സഹകരണസംഘം രജസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.

4) മത്സ്യ സംസ്ക്കരണ - വിപണന സംഘം രൂപീകരിക്കുക

5) മേലുകര സർവ്വീസ് സഹകരണബാങ്കിൻെറ ഒരു ബ്രാഞ്ച് മേലുകരയിലും (7-ാം വർഡ്) ,തെക്കേമലയിലും സ്ഥാപിക്കുക.

6) പ്രവർത്തനം നിന്നു പോയ ഗൂർഖണ്ഡസാരി വ്യവസായ സഹകരണ സംഘം പുനരുജീവിപ്പിക്കുകയോ, മേലുകര സർവ്വീസ് സഹകരണസംഘത്തിനെ ഏല്പിക്കുകയോ ചെയ്യുക അവിടെ മേലുകര സർവ്വീസ് സഹകരണബാങ്കിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ 50 - തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് നൂൽനൂൽപ്പ് കേന്ദ്രം ആരംഭിക്കുകയോ, Iron - safe നിർമ്മാണം ആരംഭിക്കുയോ ചെയ്യാവുന്നതാണ്.

7) സംയുക്ത സംരഭമായി പഞ്ചായത്തും, സർവ്വീസ് സഹകരണ ബാങ്കുമായി ചേർന്ന് റബ്ബർ അധിഷ്ഠിതമാമോ, കുരമുളക് സംസ്ക്കരണം, നെല്ല് സംസ്ക്കരണം എന്നിവയുടെയോ ഒരു വ്യവസായ സംരഭം ആരംഭിക്കേണ്ടതാണ്. പഞ്ചായത്തും ഈ പ്രദേശത്തെ സഹകാരികളും, സഹകരണ സ്ഥാപനങ്ങളും കൂടി ആവശ്യമായ പണം കണ്ടെത്താവുന്നതാണ്.

8) റ്റില്ലറും മറ്റു യന്ത്രസാമഗ്രികളും നിലവിലുള്ള സഹകരണ സംഘങ്ങൾ മുഖേന കർഷകർക്കു വാടകയ്ക്കു കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

9) നിലവിലുണ്ടായിരുന്ന ക്ഷീരവികസന സഹകരണ സംഘം പുനരുദ്ധീവിപ്പിക്കുയോ, പുതിയതായി ഒരെണ്ണം രൂപീകരിക്കുകയോ ചെയ്യുക.

10) കാരംവേലി സർവ്വീസ് സഹകരണബാങ്കിൻെറ ഒരു ബ്രഞ്ചുകൾ ചേക്കുളത്തും, കുരങ്ങുമലയിലും ആരംഭിക്കുക.

11) പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ആഫീസ് പണിയുന്നതിനുവേണ്ടി ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കുക. വനിതാ വ്യവസായ സഹകരണസംഘം (വഞ്ചിത്ര), കോഴിവളർത്തൽ സഹകരണസംഘം , കൺസ്യൂമർ സ്റ്റോർ, പട്ടികജാതി സഹകരണസംഘം എന്നിവർക്ക് ആവശ്യമായ സ്ഥലം പുറമ്പോക്ക് കണ്ടെത്തി പതിച്ചു നൽകണം.

12) കോഴിവളർത്തൽ സഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒരു പൗൾട്രി ഫാം സ്ഥാപിക്കേണ്ടതാണ്

13) തെക്കേമലയിലുള്ള പട്ടികജാതി/വർഗ്ഗസഹകരണ സംഘത്തിൻെറ ഒരു ബ്രാഞ്ച് കുരങ്ങുമലയിൽ സ്ഥപിക്കണം.

14) ഇപ്പോഴുള്ളതു കൂടാതെ വിവിധവാർഡുകളിലായി രണ്ടോ മൂന്നോ വനിതാ വ്യവസായ സഹകരണസംഘങ്ങൾ കൂടി ആരംഭിക്കാവുന്നതാണ്.

15) ഒരു കൺസ്യൂമർ സഹകരണസംഘം ആരംഭിക്കേണ്ടതാണ്.

# പട്ടികജാതി - പട്ടികവർഗ്ഗം

അടിസ്ഥാന ജനവിഭാഗങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയിലുടെ മാത്രമേ വികസനം പൂർണ്ണ മാകുകയുള്ളൂ. ഒൻപതാം പദ്ധതിയുടെ കർമ്മ പരിപാടികളിൽ പട്ടികജാതി വിഭാഗത്തിൻെറ ആവാസ കേന്ദ്രങ്ങളിലേയ്ക്ക് വികസന പ്രവർത്തനങ്ങൾ കടന്നെത്തുന്നതിനുള്ള ബോധപൂർവ്വശ്രമങ്ങൾ ഉണ്ടാകണം.

കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് വിശേഷാൽ ഗ്രാമസഭകളിലെ കണക്കനുസരിച്ച് ഏകദേശം 400 ഓളം പട്ടിക ജാതി കുടുംബങ്ങൾ ഉണ്ട്. എന്നാൽ 1991 - ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 150 പട്ടികജാതി കുടുംബങ്ങളിലായി 1052 പേരാണുള്ളത്. ഒരു പട്ടിക വർഗ്ഗ കുടുംബവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ആൺ/ പെൺ വിഭാഗമായി തിരിച്ചാൽ യഥാക്രമം 509 - ഉം 543- ഉം ആണ്.

പട്ടികജാതി വിഭാഗത്തിൻെറ ജീവിത നിലവാരം മെച്ചപ്പെടുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ഇതുവരെ നടന്നു കാണുന്നില്ല. ഈ വിഭാഗങ്ങളുടെ ജീവിത നിലവാരം ശരാശരിക്കു താഴെയാണ്. വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കമല്ലെങ്കിലും മുൻപന്തിയിലാണെന്ന് അവകാശപ്പെടാൻ കഴിയില്ല. കോഴഞ്ചേരി പഞ്ചായത്തിലെ അവികസിത പ്രദേശങ്ങളിലെ അവികസിത പ്രദേശങ്ങളിലാണ് പ്രധാനമായും പട്ടികജാതിക്കാർ അധിവസിക്കുന്നത്. ഈ ഭാഗങ്ങളിലേക്ക് വികസന പ്രവർത്തനങ്ങൾ ഇനിയും എത്തിച്ചേരേണ്ടിയിരിക്കുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ സർക്കാർ അംഗീകരിച്ച സങ്കേതങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത്**

**സർക്കാർ അംഗീകാരമുള്ള പട്ടികജാതി സങ്കേതങ്ങൾ**

| ക്രമ നമ്പർ | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | വാർഡ് |
|---|---|---|---|
| 1 | അകത്തുകുളം - കടവന്ത്ര | 15 | III, IV |
| 2 | വഞ്ചിത്ര മല | 13 | IV |
| 3 | പുതിയാം മണ്ണ് | 12 | IV |
| 4 | മണിമല മുരുപ്പേൾ | 14 | V |
| 5 | പനച്ചിക്കുഴിയിൽ | 14 | VI |
| 6 | കല്ലുപറമ്പിൽ | 10 | VI |
| 7 | കുരങ്ങുമല | 18 | VI |
| 8 | മേലുകര ലക്ഷം വീട് | 28 | VI |
| 9 | മണ്ഡകത്തിൽ | 8 | VII |

സ്ഥിതി വിവരണ ശേഖരണം : ജില്ലാ പ്ലാനിംഗ് ആഫീസ്, പത്തനംതിട്ട. റിപ്പോർട്ട് : 1992

സർക്കാർ വികസന പ്രവർത്തനങ്ങൾ വേണ്ട വിധത്തിൽ എത്തിച്ചേർന്നിട്ടില്ലാത്ത കോളനികളും നിലവിലുണ്ട്.

**കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് കോളനികളായി സർക്കാർ അംഗീകരിക്കേണ്ട പട്ടികജാതി സങ്കേതങ്ങൾ**

| ക്രമ നമ്പർ | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | വാർഡ് |
|---|---|---|---|
| 1 | പിച്ചനാട്ട്, കയ്യാലക്കകത്ത് | 5 | I |
| 2 | വെണ്ണപ്രപാറ മലയിൽ | 10 | I |
| 3 | നെടും പാറ പാറയിൽ | 4 | I |
| 4 | പാമ്പാകോട് ലക്ഷം വീട് | | |

ആകെയുള്ള പട്ടികജാതി കുടുംബങ്ങളുടെ പാർപ്പിട സൗകര്യങ്ങൾ 60 ശതമാനത്തിലധികം നിറവേറ്റിയിട്ടുള്ളത്. ഗ്രാമവികസനവകുപ്പിൻെറ പദ്ധതികളിലൂടെയാണ്.

ഗ്രാമവികസന വകുപ്പ് വിവിധ പദ്ധതികളിൽ മുഖേനപട്ടികജാതി വിഭാഗത്തിന് നൽകിയ വീടുകളുടെ എണ്ണം

| ക്രമ നമ്പർ | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | സാമ്പത്തിക വർഷം |
|---|---|---|---|
| 1 | കുരങ്ങുമല | 12 | 1985 – 86 |
| 2 | മണിമല മുരുപ്പ് | 5 | ,, |
| 3 | പുതിയാം മണ്ണിൽ | 5 | 1986 – 87 |
| 4 | അകത്തുകുളം | 5 | ,, |
| 5 | പനച്ചിക്കുഴി | 5 | ,, |
| 6 | വഞ്ചിത്ര മല | 5 | ,, |
| 7 | കല്ലൂപറമ്പിൽ | 5 | 1988 – 89 |
| 8 | മണ്ഡകത്തിൽ | 5 | ,, |
| 9 | കീഴുകര, പിച്ചനാട്, കയ്യാലയ്ക്കകത്ത് | 5 | ,, |
| 10 | 1990 – 91 മുതൽ ഗ്രാമ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായിട്ടാണ് വീടു നൽകിയിട്ടുള്ളത്. അവലംബം : വി ഇ ഒ ആഫീസ്, കോഴഞ്ചേരി | 3 | 1990 – 91 |
| 11 | | 1 | 1991 – 92 |
| 12 | | 2 | 1992 – 93 |
| 13 | | 5 | 1993 – 94 |
| 14 | | 4 | 1994 – 95 |
| 15 | | 16 | 1995 – 96 |

**പട്ടിക ജാതി കോളനികളിലെ പ്രധാന പ്രശ്നങ്ങൾ :–**

1 കുടിവെള്ളത്തിൻെറ ദൗർലഭ്യം
2 വൈദ്യുതി കണക്ഷൻ ലഭിക്കാത്തത്
3 ഗതാഗത സൗകര്യമില്ലായ്മ
4 കൈവശഭൂമിയിക്ക് പട്ടയമില്ലാത്തത്
5 ശവസംസ്കാര സൗകര്യമില്ലാത്തത്
6 തൊഴിലില്ലായ്മ
7 ശുചീകരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത.

അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റിയാൽ തന്നെ ഈ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും.

**നിർദ്ദേശങ്ങൾ :–**

1 വെണ്ണപ്ര മലയിലെ താമസക്കാർക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകുക.
2 വെണ്ണപ്ര മലയിലേക്ക് സഞ്ചാരയോഗ്യമായ വഴിയും വെളിച്ചവും എത്തണം. പൈപ്പ് ലൈൻ സ്ഥാപിക്കണം.
3 കടവന്തറ പ്രത്യേക കോളനിയായി അംഗീകരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുക.
4 അകത്തുകുളം കോളനിയുടെ റോഡ് വാഹന ഗതാഗതയോഗ്യമാക്കണം, കോളനിയിലെ കിണർ പുനർനിർമ്മാണം നടത്തണം, പൈപ്പ് ലൈൻ ഇടണം.
5 വഞ്ചിത്ര മല, പുതിയാം മണ്ണ് കോളനികളുടെ വഴി സൗകര്യം വർദ്ധിപ്പിക്കണം. വൈദ്യുതി കണക്ഷൻ നൽകണം ശുദ്ധജലമെത്തിക്കണം.
6 മണിമല മുരുപ്പ് കോളനി റോഡ് ഗതാഗത യോഗ്യമാക്കുക. ജലലഭ്യതക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുക.
7 കുരങ്ങുമല റോഡ് ടാർ ചെയ്യണം,

ആവശ്യത്തിന് ശുദ്ധജലം ലഭിക്കുന്നതിന് കൂടുതൽ ടാപ്പുകൾ സ്ഥാപിക്കണം.

8 മണ്ഡകത്തിൽ കോളനി റോഡ് വാഹനഗതാഗതത്തിന് സജ്ജമാക്കണം. വൈദ്യുതിയും, ശുദ്ധജലവും എത്തിക്കണം.

9 ഗ്രാമപഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളുള്ള ശ്മശാനം നിർമ്മിക്കുക.

10 പട്ടിക ജാതി സഹകരണ സംഘം പ്രവർത്തനം തുടങ്ങണം.

11 വീട് കക്കൂസ് ഇവ പണിയുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.

12 25 വർഷത്തിലേറെ പഴക്കമുള്ളതും, അപകടകരവുമായ എല്ലാ ലക്ഷം വീടുകൾ പണിയാനുള്ള ധനസഹായം നൽകുക.

13 പട്ടിക ജാതിക്കാരുടെ നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക നിലവാരം കണക്കിലെടുത്ത് കുടിശ്ശികയുള്ള മുഴുവൻ ബാങ്ക് വായ്പകളും എഴുതിത്തള്ളാൻ ശുപാർശ ചെയ്യുക.

14 കാർഷിക ഡിപ്പാർട്ടുമെൻറിൽ നിന്നും ഇന്നു ലഭിക്കുന്ന തെങ്ങുംതൈ, വിത്ത്, വളം എന്നിവയ്ക്കു പുറമേ കുറഞ്ഞത് 10 സെൻറുകാർക്കു കൂടി സബ്സിഡിയും, മറ്റു ധനസഹായവും ലഭിക്കാൻ നടപടി എടുക്കുക.

15 പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിലുള്ള കടമുറിയിൽ 1/10 തോതിൽ പട്ടികജാതിക്കാർക്കു ലഭിക്കുമെന്ന് ഉറപ്പു വരുത്തുക. കച്ചവടത്തിലും, തൊഴിലിലും ഇന്നുള്ള പിന്നോക്കാവസ്ഥ ഒരു പരിധി വരെ പരിഹരിക്കാൻ ഇത് സഹായകമാകും.

16 കടവന്തറ കോളനി ഒരു ദ്വീപാണ്. മാത്രവുമല്ല പട്ടികജാതിക്കാരുടെ ഏക ആരാധനാ കേന്ദ്രമായ കടവന്തറ മഠം ദേവീക്ഷേത്രം ഈ ദ്വീപിൽ സ്ഥിതി ചെയ്യുന്നു. ആയതിനാൽ മഴക്കാലത്ത് റോഡ് മുങ്ങിപ്പോകുന്നതിനാൽ ഈ പ്രദേശം മറ്റു പ്രദേശവുമായ് ബന്ധമില്ലാതാകുന്നു. ആയതിനാൽ അടിയന്തിരമായ് 1 കിലോമീറ്റർ വരുന്ന ഈ റോഡ് ഉയർത്തി കോൺക്രീറ്റ് ചെയ്യുക.

17 പട്ടിക ജാതിക്കാരുൾപ്പെടുന്ന പാവപ്പെട്ട ആൾക്കാർ അധിവസിക്കുന്ന പാമ്പാലക്കോട്ട് ലക്ഷം വീട് കോളനിയിലേക്കുള്ള തോട്, വർഷകാലത്ത് സഞ്ചാരയോഗ്യമല്ലാത്തതിനാൽ തോടിൻെറ ഇരുവശവും കെട്ടി ഉയർത്തി സ്ലാബ് ഇട്ട് അടിയന്തിരമായ് ഉപയോഗയോഗ്യമാക്കുക.

18 സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ സഹകരണ മേഖലയിൽ ചെറുകിട യൂണിറ്റുകൾ ആരംഭിക്കുക.

19 എല്ലാ പട്ടിക ജാതി കോളനികളിലും, ടി.വി. സെറ്റ് സ്ഥാപിക്കുക.

20 കോളനികളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. വായനശാലകൾ സ്ഥാപിക്കുക.

21 കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ മുൻകൈയെടുക്കുകയും, പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വേണ്ട ധനസഹായവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാൻ നടപടികൾ എടുക്കുകയും ചെയ്യണം.

**ഭവന നിർമ്മാണം**

പട്ടികജാതി വിഭാഗത്തിൽ പെട്ടയാളുകളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ട വിധത്തിൽ ഇപ്പോൾ പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നില്ല. കാരണം 2 സെൻറ് ഭൂമി കൈവശത്തിലുള്ള കുടുംബങ്ങളുടെ അഭാവമാണ്. പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഭൂമി ലഭ്യമാക്കിയാൽ വിവിധ പദ്ധതികളിലൂടെ ഭവന നിർമ്മാണം സാദ്ധ്യമാകും.

**കോഴഞ്ചേരി പഞ്ചായത്തിലെ നിലവിലുള്ള കോളനികളിലെ ആവശ്യങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിന്റെ പൊതു സ്വഭാവം | | | | ആവശ്യമുള്ള വീടുകളുടെ എണ്ണം / മാറ്റി പാർപ്പിക്കേണ്ടവർ ഉൾപ്പടെ | കക്കൂസ് ആവശ്യമുള്ളവർ | വൈദ്യുതി ലഭിക്കേണ്ടവർ |
|---|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | ആകെ വീടുകൾ | | | |
| 1 | അകത്തുകുളം | – | 16 | 4 | 20 | 8 | 8 | 9 |
| 2 | വഞ്ചിത്രമല | 2 | 11 | 5 | 18 | 6 | 9 | 10 |
| 3 | പുതിയാം മണ്ണ് | 1 | 16 | 1 | 18 | 6 | 8 | 7 |
| 4 | മണിമല മുരുപ്പ് | – | 19 | 1 | 20 | 2 | 7 | 12 |
| 5 | പനച്ചക്കുഴിയിൽ | – | 17 | 2 | 19 | 4 | 8 | 7 |
| 6 | കല്ലു പറമ്പിൽ | – | 12 | – | 13 | – | 3 | 5 |
| 7 | കുരങ്ങുമല | – | 66 | 5 | 71 | 12 | 32 | 37 |
| 8 | മേലുകര ലക്ഷം വീട് | – | 6 | – | 6 | 6 | 6 | 6 |
| 9 | മണ്ഡകത്തിൽ | – | 8 | 4 | 12 | 4 | 6 | 7 |
| 10 | പിച്ചനാട് – കയ്യാലക്കകത്ത് | – | 5 | – | 5 | 2 | 2 | 2 |
| 11 | നെടുംപാറ പാറയിൽ | – | – | 4 | 4 | 4 | 4 | 4 |
| 12 | വെണ്ണപ്ര പാറയിൽ | – | 5 | 7 | 12 | 7 | 9 | 12 |
| 13 | പാമ്പാതോട് ലക്ഷം വീട് | – | 4 | 1 | 5 | 3 | 3 | 1 |

# വിഭവസമാഹരണം

ഏതൊരു പദ്ധതിയുടെയും അടിസ്ഥാനം അതിൻെറ നടത്തിപ്പിന് വേണ്ടിവരുന്ന വിഭവങ്ങൾ കണ്ടെത്തുന്നതിൽ ആണ്. അതുകൊണ്ട് തന്നെ വിഭവസമാഹരണം ആസൂത്രണത്തിൻെറ നട്ടെല്ലായി നിലകൊള്ളുന്നു ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നു സമഗ്ര ഗ്രാമവികസനമാണ്. വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വിഭവസമാഹരണം ആവശ്യമാണ്. 9-ാം പഞ്ചവത്സര പദ്ധതി തുകയുടെ 35-40 % പഞ്ചായത്തുകൾ മുഖേന പദ്ധതികൾ നടപ്പാക്കും എന്നാൽ അറിയുവാൻ കഴിയുന്നത്. പട്ടണതുല്യമായ ഒരു പഞ്ചായത്താണ്. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് എന്നു വരികിലും പല കാരണങ്ങളാൽ നാടിൻെറ പൊതുവായ പുരോഗതിക്കു അനുയോജ്യമായ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുവാൻ നാളിതുവരെയായി നമുക്കു സാധിച്ചിട്ടില്ല..ഇതിന് കാരണം ജനപങ്കാളിത്വത്തോടെയും ലഭിക്കുവാൻ സാധ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ നമ്മൾ തയ്യാറാകാത്തതുകൊണ്ടാണ്. പഞ്ചായത്തിൻെറ നിത്യനിദാനചെലവുകൾ കഴിച്ച് ബാക്കി വരുന്ന തുകയും ഗ്രാൻറായി വികസന പ്രവർത്തനങ്ങൾക്കു ഗവൺമെൻറിൽ നിന്നു തരുന്ന പരിമിതമായ തുകയും, മാത്രമാണ് ഇപ്പോൾ വികസന പ്രവർത്തനങ്ങൾക്കു ചെലവഴിക്കുവാൻ നമുക്കു ലഭിക്കുന്നത്. നമ്മുടെ പൊതുവായ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ വരവിനെക്കാൾ വളരെ അധികം തുക ചെലവഴിച്ചെങ്കിൽ മാത്രമേ നമുക്കു കാര്യമായ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ പറ്റുകയുള്ളു. അതുകൊണ്ട് വിഭവസമാഹ രണത്തിന് നാം മുൻതൂക്കം നല്കി ആയത് വർദ്ധിപ്പിക്കുന്നതിനുള്ള വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കോഴഞ്ചേരി പഞ്ചായത്തിൻെറ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നികുതി, ഫീസ് ഗവൺമെൻറ് ഗ്രാൻറുകൾ എന്നിവയും പ്രധാന ചെലവിനങ്ങളും പട്ടിക, I, II, III എന്നിവയിൽ ചേർത്തിരിക്കുന്നു.

## പട്ടിക I

## വരവിനങ്ങൾ

| വർഷം | കെട്ടിട നികുതി | വസ്തുകൈമാറ്റനികുതി | തൊഴിൽ നികുതി | ലൈസൻസ് ഫീസ് | കെട്ടിടവാടക | മാർക്കറ്റ് | വിനോദ നികുതി |
|---|---|---|---|---|---|---|---|
| 1991-92 | 380886 | 77091 | 233965 | 8943 | 353146 | 118536 | 40621 |
| 1992-93 | 395172 | 113776 | 297984 | 16616 | 370798 | 157251 | 46029 |
| 1993-94 | 589471 | 174181 | 332842 | 18232 | 429112 | 124276 | 82000 |
| 1994-95 | 598947 | 117353 | 389205 | 19601 | 437076 | 122040 | 94095 |
| 1995-96 | 652858 | 54860 | 452620 | 20193 | 485112 | 119435 | 101003 |

## പട്ടിക II

# ഗ്രാൻറുകൾ

| വർഷം | അടിസ്ഥാന നികുതി ഗ്രാൻറ് | അൺടൈഡ് ഗ്രാൻറ് | വില്ലേജ്റോഡ് മെയിൻറനൻസ് | മൈനർ ഇറിഗേഷൻ |
|---|---|---|---|---|
| 91–92 | 5949 | 130000 | 18862 | 1820 |
| 92–93 | 5894 | 143474 | 18491 | 1820. |
| 93–94 | Nil | 147000 | 20447 | 1820 |
| 94–95 | 8121 | 209930 | 31312 | 1820 |
| 95–96 | Nil | 54800 | 24548 | 1820 |

## പട്ടിക III

# ചെലവിനങ്ങൾ

| വർഷം | എസ്റ്റാബ്ലിഷ്മെൻറ് മറ്റിനങ്ങൾ | മരാമത്ത് സ്ട്രീറ്റ് ലൈറ്റ് | കറണ്ട്ചാർജ് | ശുചീകരണം |
|---|---|---|---|---|
| 91–92 | 526147 | 346915 | 89969 | 105054 |
| 92–93 | 390807 | 625272 | 785724 | 91056 |
| 93–94 | 697694 | 674227 | 150203 | 128126 |
| 94–95 | 637351 | 1688838 | 206037 | 69598 |
| 95–96 | 676592 | 1953833 | 211954 | 123942 |

നമ്മുടെ പഞ്ചായത്തിൻെറ വരവും ചെലവും താരതമ്യപ്പെടുത്തുമ്പോൾ നിത്യനിദാനചെലവുകൾക്ക് അനുസരിച്ച്, നികുതി, നികുതിയിതരവരുമാനങ്ങൾ വർദ്ധിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. പഞ്ചായത്തിൻെറ 1995-96 ലെ വരുമാനം ഗവൺമെൻറിൽ നിന്നും ലഭിച്ച ഗ്രാൻറ് ഉൾപ്പെടെ 24,53049.80 രൂപായും, ചെലവ് 3296176.30 രൂപായുമാണ്. വായ്പകളെയും, ഗ്രാൻറുകളെയും ആശ്രയിക്കാതെ പഞ്ചായത്ത് സ്വന്തം നിലയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. കാലോചിതമായ നികുതികൾ കണ്ടെത്തുന്നില്ല.
2. വരുമാനം വർദ്ധിപ്പിക്കുവാൻ വേണ്ട ശുഷ്കാന്തി

കാണിക്കുന്നില്ല.

3. ജനങ്ങളുടെ മനസ്സിൽ ഉള്ള തെറ്റായ ധാരണകൾ, എല്ലാ വികസനപ്രവർത്തനങ്ങളും ഗവൺമെൻറും പഞ്ചായത്തും ചെയ്യട്ടെ എന്നുള്ള ചിന്താഗതി.

4. സാദ്ധ്യമായ മാനുഷീക ശേഷി ഉപയോഗപ്പെടുത്താതിരിക്കുക.

## കണ്ടെത്തലുകൾ

പഞ്ചായത്തിൻെറ പ്രധാന ധനാഗമമാർഗ്ഗങ്ങളിൽ ഒന്നാണ് കെട്ടിടനികുതി. ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്ന രീതിക്കു മാറ്റം ഉണ്ടാകണം. കൂടുതൽ പണം ചെലവഴിച്ച് പണിയുന്ന കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ഇടത്തക്കനിലയിൽ കെട്ടിട നികുതി നിരക്കു തന്നെ വർദ്ധിപ്പിക്കണം. വാടകകെട്ടിടങ്ങൾക്കു വാടകയുടെ അടിസ്ഥാനത്തിൽ തന്നെ നികുതി ഈടാക്കണം.

നിലവിലുള്ള തൊഴിൽനികുതി നിയമം അനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വളരെ അധികം ലാഭം ഉണ്ടാക്കുന്ന സ്ഥാപനം ആയാലും പ്രതിവർഷം 2500-രൂപായിൽ കൂടുതൽ തൊഴിൽ നികുതിയായി ഈടാക്കുവാൻ നിയമം അനുവദിക്കുന്നില്ല. ആയതിനാൽ ആദായനികുതി കണക്കാക്കുന്നതുപോലെ സാമ്പത്തികലാഭം ഉണ്ടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽനിന്നും കൂടുതൽ തുക തൊഴിൽ നികുതിയായി ഈടാക്കുന്നതിന് നിയമം ഭേദഗതി വരുത്തണം.

പമ്പയാറിൻെറ തീരത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് കോഴഞ്ചേരി. ആറ്റിതിട്ടകൾ സംരക്ഷിച്ചുകൊണ്ട് ജനജീവിതത്തിന് ദോഷംവരാത്ത നിലയിൽ മണൽ വാരി എടുത്ത് വില്പന നടത്തുന്നതായാൽ പഞ്ചായത്തിന് കൂടുതൽ സാമ്പത്തികനേട്ടം ഉണ്ടാകും.

വില്ലേജ് റോഡ് മെയിൻറനൻസ് എന്ന നിലയിൽ പഞ്ചായത്ത് റോഡുകൾ നന്നാക്കുന്നതിന് ഗവർമെൻറിൽനിന്നും വളരെ കുറച്ച് തുക മാത്രമേ ഇപ്പോൾ പഞ്ചായത്തിന് ലഭിക്കുന്നുള്ളു. ആയ തിനാൽ പഞ്ചായത്ത് റോഡുകളുടെ ഉദ്ധാര ണത്തിനായി പഞ്ചായത്ത് പ്രദേശത്തുള്ള വാഹന ഉടമകളിൽനിന്നും ഒരു നിശ്ചിതനിരക്കിൽ നികുതി പിരിക്കുന്നതിനുള്ള നിയമം ഉണ്ടാക്കണം.

വസ്തുകൈമാറ്റനികുതി ഇനത്തിൽ പഞ്ചായ ത്തിന് ഇപ്പോൾ ലഭിക്കുന്ന തുക വളരെ കുറവാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുന്ന വസ്തുകൈമാറ്റങ്ങളുടെ ഫീസ്സിനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും പഞ്ചായത്തിൽ ലഭിക്കണം.

ഈ നികുതി പിരിക്കുവാനുള്ള അവകാശം പഞ്ചായത്തിന് നല്കുകയും ആയതിൻെറ നിരക്കു വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ടൂറിസ്സം വികസനത്തിന് വളരെ അധികം സാദ്ധ്യത ഉള്ള പഞ്ചായത്താണ് കോഴഞ്ചേരി. ലോകപ്രസിദ്ധമായ മാരാമൺ കൺവൻഷൻ, ആറൻമുള വള്ളംകളി എന്നിവയിൽ സംബന്ധിക്കുന്നതിനും കാണുന്നതിനുമായി ധാരാളം ആളുകൾ മറ്റുള്ള സ്ഥലങ്ങളിൽ നിന്നും ഇവിടെ എത്തുന്നുണ്ട്. ടൂറിസ്റ്റുകളായി ഇവിടെ എത്തുന്നതുവരെ ആകർ ഷിക്കത്തക്ക നിലയിൽ, ജില്ലാ ബ്ലോക്കു പഞ്ചായ ത്തുകളുമായി സഹകരിച്ച് ഈ പഞ്ചായത്തിൻെറയും മല്ലപ്പുഴശ്ശേരി പഞ്ചായത്തിൻെറയും അതിർത്തിയായ പന്നിവേലിച്ചിറ വികസിപ്പിച്ച് ഒരു ടൂറിസ്റ്റ് കേന്ദ്രം ആയി മാറ്റാവുന്നതും ആയതിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ പാരലൽ/ടൂട്ടോറിയൽ കോളേജുകൾ, കമ്പ്യൂട്ടർ സ്ക്കൂളുകൾ, പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ, പാരാ മെഡിക്കൽ സ്ക്കൂളുകൾ എന്നിവ ധാരാളം ഉണ്ട്. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നെല്ലാം ഒരു വൻതുക ഫീസ്സായി ഈടാക്കുന്നുണ്ട്. സ്ഥാപനം നടത്തുന്നവരിൽ നിന്നും ഒരു നിശ്ചിത നിരക്കിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

കോഴഞ്ചേരി പഞ്ചായത്തിൽ ഇപ്പോൾ കന്നുകാലി ചന്ത ഇല്ല. പുതുതായി ഒരു കന്നുകാലി മാർക്കറ്റ് തുടങ്ങുന്നതായാൽ ആയത് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇടയാകും.

നമ്മുടെ പഞ്ചായത്തിൽ പ്രൈവറ്റ് ബാങ്കുകളും, അംഗീകൃത ബാങ്കുകളുടെ ശാഖകളും വളരെ അധികം ഉണ്ട്. ഈ ബാങ്കുകളിൽ എല്ലാം തന്നെ കോടികണക്കിന് രൂപായുടെ നിക്ഷേപം ഉണ്ട്.

എന്നാൽ ഈ ബാങ്കുകളിൽ ലഭിച്ചിട്ടുള്ള ഡിപ്പോസിറ്റുകളുടെ വളരെ കുറച്ച് തുക മാത്രമേ നമ്മുടെ പഞ്ചായത്തിൽ വായ്പയായി വിതരണം ചെയ്യുന്നുള്ളൂ. വായ്പ എടുത്ത് വ്യവസായങ്ങളും ബിസ്സിനസ്സുകളും തുടങ്ങുന്നതിന് ആളുകളെ പ്രേരിപ്പിക്കുകയും, വായ്പ നല്കുന്നതിനുള്ള നിയമങ്ങൾ ലളിതമാകുകയും, തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയിൽ വായ്പ എടുക്കുന്നവർക്കു കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കത്തക്ക സംവിധാനം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്റ്റേഡിയത്തിന് സമീപം ഉള്ള സ്ഥലം വാങ്ങി ഷോപ്പിംഗ് സെൻറർ പണിയുന്നതായാൽ വാടക മുഖേന കൂടുതൽ വരുമാനം പഞ്ചായത്തിനു ഉണ്ടാകുന്നതാണ്.

മാനവശേഷി ശരിയാംവണ്ണം വിനിയോഗിക്കുവാൻ സാധിച്ചാൽ പുരോഗതിയുടെ മാർഗ്ഗം സുഗമമാവും. നമ്മുടെ പഞ്ചായത്തിലെ യുവതീയുവാക്കളെ പങ്കെടുപ്പിച്ച് റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ മറ്റ് പൊതുവായ വികസന പരിപാടികൾ അവരുടെ സ്വന്തം അദ്ധ്വാനം മുഖേന കൂട്ടായി ചെയ്യുന്നതായാൽ അങ്ങനെയുള്ള പ്രവർത്തനങ്ങൾക്കു പ്രത്യേക തുക മുടക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നമുക്കു നടത്തുവാൻ സാധിക്കും.

നമ്മുടെ നാടുകളിൽ നിന്നും വിദേശത്ത് പോയി തൊഴിൽ ചെയ്യുന്നവരുടെ സമ്പാദ്യങ്ങൾ പഞ്ചായത്തിന്റെ ശരിയായ മാർഗ്ഗ നിർദ്ദേശങ്ങളും, പ്രേരണയും ഉണ്ടെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ വർദ്ധിപ്പിക്കത്തക്ക നിലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റും ഉപകരിക്കത്തക്കനിലയിൽ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

മേൽ സൂചിപ്പിപ്പിരിക്കുന്ന കാര്യങ്ങൾ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനങ്ങളാണ്. പരിമിതമായ വരുമാന മാർഗ്ഗത്തിൽ ഊന്നിയുള്ള നമ്മുടെ വികസന പ്രവർത്തനങ്ങൾക്കു വിവിധരംഗങ്ങളിലെ ആളുകളുടെ കൂട്ടായ പരിശ്രമം ആവശ്യം ആണ്. ഇത്തരത്തിൽ ഉള്ള ഒരു പുതിയ വികസനസംരംഭത്തിന് നമുക്ക് തുടക്കം കുറിയ്ക്കാം.........

# ഉപസംഹാരം

*വികസനത്തിന് വെമ്പൽ കൊള്ളുന്ന ഒരു ജനതതിയുടെ സ്വപ്ന സാക്ഷാത്കാരത്തിന്റെ രൂപരേഖയാണ് ഇത്. മദ്ധ്യ തിരുവിതാംകൂറിന്റെ മടിത്തട്ടിൽ പുണ്യ പമ്പയുടെ പരിലാളനമേറ്റ് മയങ്ങുന്ന ഈ ഗ്രാമം സമഗ്ര വികസനത്തിന്റെ പൂവിളി കേട്ട് ഉണരുകയാണ്. ജനാധിപത്യത്തിന്റെ ഐതിഹാസിക ചരിത്രത്തിൽ ജനകീയാസൂത്രണത്തിന്റെ പുതിയ വീരഗാഥകൾ ചമച്ചു കൊണ്ട് അടുത്ത സഹസ്രവർഷത്തെ എതിരേൽക്കാൻ നാം ഒരുങ്ങുകയാണ്. സമത്വസുന്ദരവും സമ്പൽസമൃദ്ധവുമായ ഒരു സമൂഹത്തിന് രൂപം കൊടുക്കുവാൻ ഈ വികസന രേഖ മാർഗ്ഗ ദർശകമാകട്ടെ. കൈയോടു കൈ കോർത്ത് മെയ്യോട് മെയ്യ് ചേർന്ന് ഐക്യത്തിന്റെയും സഹകരണത്തിന്റെയും പുതിയൊരു മുദ്രാവാക്യവുമായി രാഷ്ട്ര പുനർനിർമ്മാണത്തിനുള്ള ഈ പാവന പരിശ്രമത്തിൽ നമുക്കും പങ്കാളികളാകാം. ഈ സംരഭത്തിൽ സഹകരിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി.*

**വിക്ടർ ടി. തോമസ്**
പ്രസിഡന്റ്,
ഗ്രാമ പഞ്ചായത്ത്,
കോഴഞ്ചേരി.

അധികാരം ജനങ്ങളിലേക്ക്

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

DTP and Separations by EzeeScan [P] Ltd. Kottayam